പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 61 ലക്കം 2 മേയ് 2021

രണ്ടാമൂഴം

പിണറായി വിജയന്റെ നേതൃത്വത്തിൽ രണ്ടാമത് മന്ത്രിസഭ അധികാരമേറ്റ

മഹാമാരിക്ക് നടുവിൽ ജീവന്റെ വിലയുള്ള ജാഗ്രത

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

എം.വി. ഗോവിന്ദൻ മാസ്റ്റർ തദ്ദേശഭരണ വകുപ്പിന്റെ സാരഥി

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ അകറ്റി നിർത്തുക പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്
മേയ് 2021

അകത്ത്

രണ്ടാമൂഴം
പിണറായി വിജയന്റെ നേതൃത്വത്തിൽ
രണ്ടാമത് മന്ത്രിസഭ അധികാരമേറ്റു 5

എം.വി. ഗോവിന്ദൻ മാസ്റ്റർ
തദ്ദേശഭരണ വകുപ്പിന്റെ സാരഥി 6

മഹാമാരിക്ക് നടുവിൽ
ജീവന്റെ വിലയുള്ള ജാഗ്രത
ഡോ. ചിന്ത എസ്. 7

പൊതുവിദ്യാലയങ്ങൾ
മികവിന്റെ കേന്ദ്രങ്ങൾ
ഡോ. ശിവകുമാർ കെ.എസ്. 12

ഈസ് ഓഫ് ലിവിംഗ്
സർവ്വേയും
കേരളവും
ഹുസൈൻ എം. മിന്നത്ത് 18

സംസ്ഥാന ബഡ്ജറ്റ്
ദുർബല വിഭാഗങ്ങൾക്ക്
പ്രത്യേക പരിഗണന
കലാം കല്ലമ്പലം 22

സർക്കാർ നയങ്ങളും
തദ്ദേശസ്ഥാപനങ്ങളും
ഡോ. പ്രദീപ് സി. 25

കളിസ്ഥലങ്ങളുടെ
നിർമ്മാണത്തിന്
പെർമിറ്റ് ആവശ്യമോ 29

കൊവിഡ് പ്രതിരോധം
തദ്ദേശസ്ഥാപനങ്ങളുടെ
പങ്ക് നിർണ്ണായകം : മുഖ്യമന്ത്രി 32

മഴക്കാലരോഗ പ്രതിരോധത്തിന്
ജനകീയ ക്യാമ്പയിൻ
കെ. രാജേഷ് 35

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34
എന്റെ മലയാളം 39
ഊരും പേരും – 11 40
അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ 41
എന്ന് വായനക്കാർ 42

മേയ് 2021
പുസ്തകം 61 ലക്കം 2
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എം.വി. ഗോവിന്ദൻ മാസ്റ്റർ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റേയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

പുതിയ സർക്കാരിന് പിന്തുണ നല്കാം

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ഭരണത്തുടർച്ച നേടി വീണ്ടും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റിരിക്കുന്നു. തദ്ദേശഭരണ വകുപ്പിന്റെ സാരഥ്യം ഏറ്റെടുത്തുകൊണ്ട് ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയതും തുടങ്ങിവച്ചതുമായ ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്ക് തുടർച്ചയുണ്ടാകുമെന്ന് ഉറപ്പായിരിക്കുന്നു. ഭവനരഹിതർക്ക് വീട് ഉറപ്പാക്കുന്നതിനും ആരോഗ്യം, പൊതു വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും കഴിഞ്ഞ അഞ്ചുവർഷക്കാലം മഹത്തായ നേട്ടങ്ങളാണ് നമ്മുടെ സംസ്ഥാനം കൈവരിച്ചത്. കൃഷി, മണ്ണ് സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണവും പുനരുദ്ധാരണവും, ശുചിത്വം തുടങ്ങിയ മേഖലകളിലും മികച്ച രീതിയിലുള്ള മാറ്റം നാം ദർശിച്ചു. സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിലും വലിയ മുന്നേറ്റം തന്നെ ഉണ്ടായി. അടിസ്ഥാനസൗകര്യ വികസനത്തിലും കാതലായ മാറ്റമുണ്ടായി. മേൽപ്പറഞ്ഞ നേട്ടങ്ങളിലെല്ലാം തന്നെ സർക്കാരിനൊപ്പം നിന്ന് പ്രവർത്തിച്ച തദ്ദേശഭരണസ്ഥാപനങ്ങളുടെ കയ്യൊപ്പ് കാണാം. സർക്കാരിന്റെ ഈ പ്രവർത്തനങ്ങൾക്കെല്ലാം ശക്തമായ തുടർച്ചയുണ്ടാകുമെന്ന് തന്നെ കരുതാം.

മുമ്പെങ്ങുമില്ലാത്ത വിധത്തിൽ മഹാപ്രളയങ്ങളും നിപ്പ, കൊവിഡ് പോലുള്ള മഹാമാരികൾ ഉൾപ്പെടെയുള്ള ദുരന്തങ്ങളെ നേരിട്ടുകൊണ്ടാണ് മുൻ സർക്കാർ അഞ്ചുവർഷം പൂർത്തിയാക്കിയത്. ഈ ദുരന്തങ്ങളെ ഫലപ്രദമായി നേരിട്ടുകൊണ്ട് ജനമനസ്സുകളിൽ സുരക്ഷിതത്വബോധം ഉറപ്പിക്കാൻ കഴിഞ്ഞത് സർക്കാരിന്റെ നേട്ടമായി. ഈ പ്രവർത്തനങ്ങളുടെ പിന്നിലും സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശക്തമായ പിന്തുണ സർക്കാരിനൊപ്പം ഉണ്ടായിരുന്നു. പുതുതായി അധികാരമേറ്റ സർക്കാരിനു മുന്നിലും കൊവിഡ് മഹാമാരിയുടെ രണ്ടാംതരംഗം ഒരു വെല്ലുവിളിയായി തന്നെ തുടരുന്നു. ഈ മഹാമാരിയുടെ വ്യാപനം കുറയ്ക്കുന്നതിനും രോഗബാധിതരായവർക്ക് ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ എത്തിച്ചു നൽകുന്നതിലും പുതിയ സർക്കാരും ശ്ലാഘനീയമായ പ്രവർത്തനം തന്നെ കാഴ്ചവയ്ക്കുന്നു. സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും സൗജന്യമായി കൊവിഡ് വാക്സിൻ നൽകുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിരിക്കുന്നു. മഹാമാരിയെ നിയന്ത്രണവിധേയമാക്കാനുള്ള പ്രവർത്തനങ്ങളിൽ നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയസേന പുതിയ സർക്കാരിനൊപ്പവും ശക്തമായി തന്നെ നിലകൊള്ളുന്നു. എത്രയും വേഗം ഈ മഹാമാരിയുടെ വ്യാപനം പൂർണ്ണമായും നിയന്ത്രിച്ച് നിർത്താനാകട്ടെ.

കൈവരിച്ച നേട്ടങ്ങളെ കൂടുതൽ മഹത്തരമാക്കുന്നതിനും പുതിയകാലത്തിന് അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ എല്ലാ മേഖലയിലും നടപ്പിലാക്കുന്നതിനും എല്ലാവർക്കും വീടെന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനും പുതിയ സർക്കാരിന് കഴിയട്ടെ. ഒപ്പം സമ്പൂർണ്ണ ശുചിത്വ ബോധവും ആരോഗ്യവുമുള്ള ഒരു ജനതയെ സൃഷ്ടിച്ചെടുക്കാൻ ചരിത്രപരമായ ഭരണത്തുടർച്ച നേടി അധികാരത്തിലേറിയ സർക്കാരിന് കഴിയട്ടെ എന്നും ആശംസിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയായി ചുമതല ഏറ്റെടുത്ത ശ്രീ. ഗോവിന്ദൻ മാസ്റ്റർക്ക് സ്വാഗതമരുളുന്നതോടൊപ്പം മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കെല്ലാം ശക്തമായ പിന്തുണാ സംവിധാനവും നമുക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്ന് ഉറപ്പാക്കാം.

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.

> **“ലോകത്തിൽ ആനന്ദം മാത്രമായിരുന്നെങ്കിൽ ധൈര്യവും ക്ഷമയും നമ്മളാരും പഠിക്കുമായിരുന്നില്ല ”**
> **ഹെലൻ കെല്ലർ**

രണ്ടാമൂഴം

പിണറായി വിജയന്റെ നേതൃത്വത്തിൽ രണ്ടാമത് മന്ത്രിസഭ അധികാരമേറ്റു

ചരിത്ര പ്രതിജ്ഞയുമായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ രണ്ടാമൂഴത്തിന് തുടക്കം. മുഖ്യമന്ത്രിയും 20 മന്ത്രിമാരുമാണ് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തത്. കൊവിഡ് പശ്ചാത്തലത്തിൽ കൃത്യമായ മുന്നൊരുക്കങ്ങളോടെ ക്ഷണിക്കപ്പെട്ട അതിഥികളെ മാത്രം പങ്കെടുപ്പിച്ചാണ് സെൻട്രൽ സ്റ്റേഡിയത്തിൽ ഒരുക്കിയ പ്രത്യേക പന്തലിൽ സത്യപ്രതിജ്ഞാ ചടങ്ങ് സംഘടിപ്പിച്ചത്. വൈകിട്ട് മൂന്നോടെ നിയുക്ത മന്ത്രിമാർ സെൻട്രൽ സ്റ്റേഡിയത്തിൽ എത്തിയിരുന്നു. 52 ഗായകരും സംഗീതജ്ഞരും അണിചേരുന്ന നവകേരള ഗീതാഞ്ജലിയുടെ പ്രത്യേക സംഗീത വീഡിയോ ചടങ്ങുകൾക്ക് മുമ്പ് വേദിയിൽ പ്രദർശിപ്പിച്ചു.

3.30ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ വേദിയിലെത്തി. ദേശീയഗാനത്തിന് ശേഷം ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ് സത്യപ്രതിജ്ഞയ്ക്ക് ഗവർണറുടെ അനുമതി തേടി. തുടർന്ന്, പിണറായി വിജയനെ സത്യപ്രതിജ്ഞയ്ക്കായി ചീഫ് സെക്രട്ടറി ക്ഷണിച്ചു. സദസ്സിനിടയിലേക്ക് ചെന്ന് അതിഥികളെ അഭിവാദ്യം ചെയ്തശേഷം വേദിയിലേക്ക് കയറിയ അദ്ദേഹം 3.33ന് ഗവർണർ മുമ്പാകെ സഗൗരവം സത്യവാചകം ചൊല്ലി. തുടർന്ന് രജിസ്റ്ററിൽ ഒപ്പുവച്ചശേഷം മുഖ്യമന്ത്രിയെ ഗവർണർ ബൊക്കെ നൽകി അഭിനന്ദിച്ചു.

പിന്നാലെ, മന്ത്രിമാരായ കെ. രാജൻ, റോഷി അഗസ്റ്റിൻ, കെ.കൃഷ്ണൻകുട്ടി, എ.കെ. ശശീന്ദ്രൻ, അഹമ്മദ് ദേവർകോവിൽ, അഡ്വ. ആന്റണി രാജു എന്നിവരും. അതിനുശേഷം വി. അബ്ദുറഹ്മാൻ, അഡ്വ. ജി.ആർ. അനിൽ, കെ.എൻ. ബാലഗോപാൽ, പ്രൊഫ. ആർ. ബിന്ദു, ജെ. ചിഞ്ചുറാണി, എം.വി. ഗോവിന്ദൻ മാസ്റ്റർ, അഡ്വ. പി.എ. മുഹമ്മദ് റിയാസ്, പി. പ്രസാദ്, കെ. രാധാകൃഷ്ണൻ, പി. രാജീവ്, സജി ചെറിയാൻ, വി. ശിവൻകുട്ടി, വി.എൻ. വാസവൻ, വീണാ ജോർജ് എന്നിവർ സത്യപ്രതിജ്ഞ ചെയ്തു. സത്യവാചകം ചൊല്ലിയ ശേഷം എല്ലാ മന്ത്രിമാരെയും ഗവർണർ പൂച്ചെണ്ട് നൽകി അനുമോദിച്ചു.

ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയിക്കു പുറമേ പൊതുഭരണ സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, ഗവർണറുടെ പ്രിൻസിപ്പൽ സെക്രട്ടറി ദേവേന്ദ്രകുമാർ ദൊഡാവത്ത് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും വേദിയിലുണ്ടായിരുന്നു. കേരളത്തിന്റെ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക, ഉദ്യോഗസ്ഥ മേഖലകളിലെ ക്ഷണിക്കപ്പെട്ട പ്രമുഖർ സത്യപ്രതിജ്ഞാ ചടങ്ങ് വീക്ഷിക്കാനെത്തിയിരുന്നു. വൈകിട്ട് 4.50 ഓടെ സത്യപ്രതിജ്ഞയുടെ ഔദ്യോഗിക ചടങ്ങുകൾ പൂർത്തിയായി. ദേശീയഗാനം ആലപിച്ച് ചടങ്ങ് അവസാനിപ്പിച്ചു. രാജ്ഭവനിലെ ഗവർണറുടെ ആതിഥ്യം സ്വീകരിച്ചശേഷം മന്ത്രിമാർ സെക്രട്ടേറിയറ്റിലെത്തി വൈകിട്ട് ആറിനുശേഷം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആദ്യമന്ത്രിസഭായോഗം ചേർന്നു. □

എം.വി. ഗോവിന്ദൻ മാസ്റ്റർ തദ്ദേശഭരണ വകുപ്പിന്റെ സാരഥി

പുതിയ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയായി എം.വി. ഗോവിന്ദൻ മാസ്റ്റർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പാർലമെന്ററി രംഗത്തും പൊതുരംഗങ്ങളിലും മികച്ച പ്രവർത്തനം കാഴ്ച വച്ചിരുന്ന അദ്ദേഹം ഇനി തദ്ദേശസ്വയംഭരണ വകുപ്പിനെ നയിക്കും. തദ്ദേശസ്വയംഭരണ വകുപ്പിനൊപ്പം എക്സൈസ് വകുപ്പിന്റെ ചുമതല കൂടി അദ്ദേഹത്തിനുണ്ട്. കണ്ണൂർ ജില്ലയിലെ മൊറാഴയിൽ പരേതനായ കെ. കുഞ്ഞമ്പുവിന്റെയും എം.വി. മാധവിയമ്മയുടേയും മകനായി ജനിച്ച അദ്ദേഹം ചെറുപ്പകാലം മുതൽ തന്നെ പൊതുപ്രവർത്തനം ആരംഭിച്ചിരുന്നു. യുവജനങ്ങളെയും കർഷക തൊഴിലാളികളെയും സംഘടിപ്പിക്കുന്നതിൽ അദ്ദേഹം നേതൃത്വപരമായ പങ്ക് വഹിച്ചിരുന്നു.

തളിപ്പറമ്പ് പരിയാരം ഇരിങ്ങൽ യു.പി. സ്കൂളിൽ കായിക അധ്യാപകനായിരിക്കെ പൊതു രംഗത്ത് കൂടുതൽ സജീവമായതോടെ ജോലിയിൽ നിന്നും സ്വയം വിരമിച്ചു. നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനുൾപ്പെടെയുള്ള പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങളിൽ മുൻനിരയിൽ പ്രവർത്തിച്ചു. ഇഎംഎസ് അക്കാദമിയുടെ ചുമതലക്കാരനായ അദ്ദേഹം ദേശാഭിമാനി പത്രത്തിന്റെയും മറ്റ് ചില പ്രസിദ്ധീകരണങ്ങളുടെയും എഡിറ്ററായും പ്രവർത്തിച്ചിരുന്നു. വൈരുദ്ധ്യാത്മക ഭൗതികവാദം ഇന്ത്യൻ ദർശനത്തിൽ, സ്വത്വരാഷ്ട്രീയത്തെപ്പറ്റി, ചൈനീസ് ഡയറി, യുവജന പ്രസ്ഥാനത്തിന്റെ ചരിത്രം, ആശയ സമരങ്ങളുടെ പശ്ചാത്തലത്തിൽ, കർഷക തൊഴിലാളി പ്രസ്ഥാനം ചരിത്രവും വർത്തമാനവും, കാടു കയറുന്ന ഇന്ത്യൻ മാവോവാദം എന്നീ പുസ്തകങ്ങളുടെ രചയിതാവാണ്. പത്തുവർഷം നിയമസഭാംഗമായി പാർലമെന്ററി രംഗത്ത് കഴിവ് തെളിയിച്ചിട്ടുള്ള അദ്ദേഹം തളിപ്പറമ്പ് നിയമസഭാ മണ്ഡലത്തിൽ നിന്ന് തിളക്കമാർന്ന വിജയം കരസ്ഥമാക്കിയാണ് പതിനഞ്ചാം കേരള നിയമസഭയിലേക്ക് എത്തിയത്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക മേൽവിലാസം: റൂം നമ്പർ 501 C അഞ്ചാം നില, അനക്സ് 1, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം. ഔദ്യോഗിക വസതി: നെസ്റ്റ്, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം ▢



മഹാമാരിക്ക് നടുവിൽ ജീവന്റെ വിലയുള്ള ജാഗ്രത

■ ഡോ. ചിന്ത എസ്.

കൊവിഡ് 19 മഹാമാരിയുടെ ഒന്നാം ഘട്ടം ഫലപ്രദമായ പ്രതിരോധ മാർഗ്ഗങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി മറ്റു പ്രദേശങ്ങൾക്ക് മാതൃകയായി മാറിയ സംസ്ഥാനമാണ് കേരളം. ഈ മാരകവൈറസ് ഉണ്ടാക്കിയ രണ്ടാം തരംഗം ഡിസംബർ-ജനുവരി മാസങ്ങളിൽ ലോകത്തെ മറ്റു രാജ്യങ്ങളിൽ അതിഭീകരമാം വിധം ആഞ്ഞടിച്ചപ്പോൾ നമ്മൾ ആദ്യതരംഗത്തിന്റെ അവസാനപാദത്തിൽ കേസുകൾ കുറഞ്ഞുവരുന്ന ആശ്വാസത്തിലായിരുന്നു. ഫെബ്രുവരി-മാർച്ച് മാസത്തോടുകൂടി പ്രതിദിനം 1000 കേസുകൾ എന്ന ആശ്വാസകരമായ സ്ഥിതിയിൽ നമ്മൾ എത്തുകയുണ്ടായി. അതോടെ എല്ലാ മേഖലയിലും ജാഗ്രതക്കുറവ് ദൃശ്യമായി. ലോകത്തെ മറ്റു പ്രദേശങ്ങളിലും, ഇന്ത്യയിൽ തന്നെയും ഫെബ്രുവരി പകുതിയോടു കൂടി കുതിച്ചുയരാൻ തുടങ്ങിയ കൊവിഡ് കേസുകൾ നൽകിയ സൂചനകൾ നമ്മൾ കാര്യമായി ഗൗനിച്ചില്ല. പ്രതീക്ഷിച്ചതു പോലെ തന്നെ വൈറസ് അതിന്റെ വ്യാപനത്തിന് അനിവാര്യമായ ഗതിയും വേഗതയും ഇവിടെയും കൈക്കൊണ്ടു. മാർച്ച് അവസാനത്തോടെ കേരളത്തിൽ വീണ്ടും കേസുകൾ കൂടാൻ തുടങ്ങി. വെറും രണ്ടാഴ്ച കൊണ്ട് ഏപ്രിൽ പകുതിയോടു കൂടി പതിനായിരത്തിലധികം കേസുകൾ പ്രതിദിനം എന്ന നിരക്കിൽ എത്തുകയും ആദ്യതരംഗത്തിലെ ഏറ്റവും കൂടുതൽ കേസുകളുടെ കണക്കുകൾ അതിവേഗം മറികടക്കുകയും ചെയ്തു. അതിതീവ്രമായ വ്യാപനമാണ് നടക്കുന്നത്. പ്രതിദിനം 40,000-ൽ അധികം കേസുകൾ, നാലു ലക്ഷത്തിനടുത്ത് രോഗികൾ ഒരു സമയം ചികിത്സയിൽ കഴിയുന്നു, ഉയർന്നുകൊണ്ടിരിക്കുന്ന മരണങ്ങളുടെ കണക്കുകൾ, ആശുപത്രി കിടക്ക

കളുടെ, ഐ.സി.യു., വെന്റിലേറ്റർ ഇവയുടെ ദൗർലഭ്യം അനുഭവമായി തുടങ്ങിയിരിക്കുന്നു. മഹാരാഷ്ട്രയും ഡൽഹിയും ഇവിടെ ആവർത്തിക്കുമോ എന്ന ആശങ്കകൾ; അതീവ ഗുരുതരമാണ് കേരളത്തിന്റെ ഇന്നത്തെ സ്ഥിതി; മറ്റൊരു ലോക്ക്ഡൗൺ കൂടി അനിവാര്യമായി.

തീവ്രവ്യാപനവും ജനിതക വ്യതിയാനങ്ങളും

കൊവിഡ് 19 രോഗമുണ്ടാക്കുന്ന SARS-CoV-2 വൈറസ് ഒരു RNA വൈറസ് ആണ്. ഇത്തരം വൈറസുകൾ വ്യാപിക്കുകയും ഇരട്ടിക്കുകയും ചെയ്യുമ്പോൾ അതിന്റെ ജനിതക ഘടനയ്ക്ക് വ്യതിയാനങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഇത്തരം ജനിതക വ്യതിയാനങ്ങൾ മൂലമുണ്ടാകുന്ന വൈറസുകളുടെ സ്വഭാവം ആദ്യം ഉള്ള വൈറസുകളെക്കാൾ വ്യത്യാസപ്പെടാം. ഇത്തരത്തിലുണ്ടാകുന്ന വ്യതിയാനങ്ങളാൽ ചിലപ്പോൾ വൈറസിന്റെ വ്യാപനശേഷിയിൽ വ്യത്യാസം വരികയോ അവ ഉണ്ടാക്കുന്ന രോഗത്തിന്റെ ലക്ഷണങ്ങൾക്കോ തീവ്രതയ്ക്കോ മാറ്റമുണ്ടാവുകയും ചെയ്യാം. 2019 അവസാനത്തോടെ കണ്ടെത്തിയ SARS-CoV-2 വൈറസിന് കഴിഞ്ഞ ഒരു വർഷത്തിലധികം സമയത്തിനുള്ളിൽ കുറെയേറെ വ്യതിയാനങ്ങൾ സംഭവിച്ചു വരികയാണ്. ഇത്തരത്തിൽ ലോകത്തിന്റെ പല പ്രദേശങ്ങളിൽ നിന്നും നൂറുകണക്കിന് Variants (ജനിതകവ്യതിയാനം വന്ന വൈറസുകൾ) കണ്ടെത്തിയിരിക്കുന്നു. ഇവയിൽ നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നവയെ Variants of Interest എന്നും അവയിൽ തന്നെ വ്യാപനശേഷി കൂടുന്നതിനാലോ രോഗതീവ്രത കൂടുകയോ മരണനിരക്ക് കൂടുകയോ ചെയ്യുന്നതിനാലോ പൊതുജനാരോഗ്യ ഭീഷണി കൂടുതലുള്ളവയെ Variants of Concern എന്നും നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ Variants of Concern ആയി എണ്ണപ്പെട്ടിട്ടുള്ളവയിൽ പ്രധാനികൾ B.1.1.7 എന്ന് നാമകരണപ്പെട്ടിട്ടുള്ള UK Variant, B.1.351 എന്ന South African Variant, P.1 എന്ന Brazil Variant ഇവയാണ്. 2020 സെപ്റ്റംബർ, ഒക്ടോബർ, ഡിസംബർ മാസങ്ങളിലാണ് യഥാക്രമം ഇവയെ കണ്ടെത്തിയിരിക്കുന്നത്. ഇന്ത്യയിൽ അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുന്ന Variant ആണ് B.1.617 എന്ന Double Mutant Variant. ഇതുകൂടാതെ B.1.618 എന്ന West Bengal Variant, ഇപ്പോൾ കണ്ടെത്തിയ AP Variant തുടങ്ങിയ പുതിയ വ്യതിയാനങ്ങൾ ആശങ്കയുണർത്തുന്നു.

കൊവിഡ് 19 രോഗമുണ്ടാക്കുന്ന SARS-CoV-2 വൈറസ് ഒരു RNA വൈറസ് ആണ്. ഇത്തരം വൈറസുകൾ വ്യാപിക്കുകയും ഇരട്ടിക്കുകയും ചെയ്യുമ്പോൾ അതിന്റെ ജനിതക ഘടനയ്ക്ക് വ്യതിയാനങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഇത്തരം ജനിതക വ്യതിയാനങ്ങൾ മൂലമുണ്ടാകുന്ന വൈറസുകളുടെ സ്വഭാവം ആദ്യം ഉള്ള വൈറസുകളെക്കാൾ വ്യത്യാസപ്പെടാം.

മേൽപ്പറഞ്ഞ Variants of Concern (VoC) പലതും അതിവ്യാപന ശേഷിയുള്ളവയാണ്. ഇതിൽ UK Variant, UK ഉൾപ്പെടെ ലോകത്തെ പല പ്രദേശങ്ങളിലും അതിതീവ്രവ്യാപനത്താൽ രണ്ടാം തരംഗത്തിന് കാരണമായി. ചില വ്യതിയാനങ്ങൾ രോഗതീവ്രതയും മരണനിരക്കും കൂട്ടുന്നുണ്ട്. ഇതിൽ P1 എന്ന Brazil Variant യുവജനങ്ങളിൽ രോഗസാധ്യത കൂട്ടിയതായും അവരിൽ മരണനിരക്ക് കൂട്ടുന്നതായും കണ്ടെത്തിയിരിക്കുന്നു. ഇവയിൽ പലതും Immune Escape Mutation ഉള്ളവ, അതായത് ശരീരത്തിന്റെ രോഗപ്രതിരോധശേഷിയെ മറികടക്കുന്നതായും കണ്ടെത്തിയിരിക്കുന്നു. അതിനാൽ തന്നെ ഒരിക്കൽ കൊവിഡ് ബാധ ഉണ്ടായവരിൽ വീണ്ടും രോഗം ഉണ്ടാകുവാനും വാക്സിനുകൾ ഫലപ്രദമാകാതെ പോകാനുള്ള സാധ്യതയും കൂടുന്നു. ഇന്ത്യയിൽ കണ്ടെത്തിയ Double Mutant Variant ന്റെ Spike Protein ൽ രണ്ട് വ്യതിയാനങ്ങൾ, E484Q and L452R ആണ് സംഭവിച്ചിരിക്കുന്നത്. ഇതിനാൽ വ്യാപനശേഷി കൂടിയതായിട്ടും Immune Escape സ്വഭാവം പ്രകടിപ്പിക്കുന്നതായും മനസ്സിലാക്കാൻ കഴിഞ്ഞിരിക്കുന്നു. ആദ്യം മഹാരാഷ്ട്രയിൽ നിന്ന് വ്യാപകമായി റിപ്പോർട്ട് ചെയ്ത Double Mutant Variants ഇന്ന് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിൽ നിന്നും കണ്ടെത്തിയിരിക്കുന്നു. ഇന്ത്യയിലെ രണ്ടാം തരംഗം അതിഭീകരമായതിന്റെ ഒരു കാരണം മറ്റു Variants കളോടൊപ്പം Double Mutant Variants-ന്റെ വ്യാപനമാണ് എന്ന് അനുമാനിക്കപ്പെടുന്നു.

INSACOG (Indian SARS-CoV-2 Genomics Consortia) നിന്നും, ഏപ്രിൽ ആദ്യവാരം വരെയുള്ള, കേരളത്തിൽ നിന്നുള്ള സാമ്പിളുകളുടെ ജനിതക പഠനം നടത്തിയതിന്റെ വിവരങ്ങൾ ഏപ്രിൽ അവസാനത്തോടുകൂടി ലഭ്യമാക്കി. കേരളത്തിലെ 40%ത്തിലധികം സാമ്പിളുകളിലും ജനിതകവ്യതിയാനം കണ്ടെത്താനായി. അതിൽ 30%ത്തിലധികം UK Variant ഉം 7% Double Mutant Variant ഉം 4.38% South African Variant ഉം ആയിരുന്നു.

ഇപ്പോൾ ഒരു മാസത്തോളം പിന്നിട്ട അതിതീവ്രവ്യാപനത്തിനൊടുവിൽ 80%ത്തിലധികവും വൈറസുകൾ ജനിതകവ്യതിയാനം നേടിയവയാകാം എന്നാണ് ശാസ്ത്രലോകം അനുമാനിക്കുന്നത്. ജില്ലകൾ തിരിച്ചുള്ള കണക്കുകളിൽ ഏറെ അന്തരമുണ്ടായിരുന്നു. ആദ്യം രണ്ടാംതരംഗം ആഞ്ഞടിച്ച വടക്കൻ ജില്ലകളിലും എറണാകുളത്തും ജനിതകവ്യതിയാനം കണ്ടത് 60%ത്തിലധികം സാമ്പിളുകളിലായിരുന്നു. ഒരു മാസം കൊണ്ട് ചിത്രം ആകെ മാറിയിട്ടുണ്ടാകാം. ഇപ്പോൾ എല്ലാ ജില്ലകളിലും അതിതീവ്രവ്യാപനം നടക്കുകയാണ്.

ആദ്യതരംഗത്തെക്കാൾ വ്യത്യസ്തമാണ് ഇപ്പോൾ ആഞ്ഞടിച്ചു കൊണ്ടിരിക്കുന്ന രണ്ടാംതരംഗം. വ്യാപനശേഷി കൂടിയ വൈറസുകൾ അതിവേഗമാണ് നമ്മുടെ ഇടയിൽ പടർന്നുപിടിക്കുന്നത്. കുടുംബത്തിൽ ഒരാൾ ബാധിതനായാൽ, പെട്ടെന്ന് തന്നെ മുഴുവൻ കുടുംബാംഗങ്ങളും രോഗഗ്രസ്തരാകുന്നതായിട്ടാണ് കണ്ടുവരുന്നത്. നേരിയതോതിലുള്ള Exposure മൂലം തന്നെ രോഗം പിടിപെടുന്നതായിട്ടു വേണം കരുതാൻ. ജനിതക വ്യതിയാനങ്ങൾ കാരണം വൈറസ് അതിവേഗം വ്യാപിക്കുന്നുവെന്നുള്ളത് ഉറപ്പായിരിക്കുന്നു.

ജനിതക വ്യതിയാനങ്ങൾ കാരണം രോഗലക്ഷണങ്ങളിലും മാറ്റങ്ങൾ ഉള്ളതായി ഇന്ത്യയുടെ പലഭാഗത്തുനിന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. എന്നിരുന്നാലും ഗുരുതര രോഗങ്ങളും മരണനിരക്കും കൂടുന്നതായിട്ട് ശാസ്ത്രീയ തെളിവുകൾ ലഭ്യമല്ല. പക്ഷേ ഇപ്രകാരമുള്ള രോഗവ്യാപനം തുടർന്നാൽ അത്തരത്തിൽ ഭീകരമായ രോഗാവസ്ഥയും മരണനിരക്കും ഉണ്ടാക്കുവാൻ ശേഷിയുള്ള വ്യതിയാനങ്ങളുടെ സാധ്യത തള്ളിക്കളയാനാവില്ല.

ജനിതക വ്യതിയാനങ്ങൾ തടയാനാവുമോ?

വൈറസ് വ്യാപിക്കുകയും ഇരട്ടിക്കുകയും ചെയ്യുമ്പോഴാണ് ജനിതക വ്യതിയാനങ്ങൾ ഉണ്ടാകുന്നത്. അതിനാൽ തന്നെ വൈറസിന്റെ വ്യാപനം എത്രയും പെട്ടെന്ന് തടയുക എന്ന ഒറ്റപ്രതിവിധിയാണ് നമ്മുടെ മുൻപിലുള്ളത്. വ്യാപനം തടയുവാൻ അടിസ്ഥാന പ്രതിരോധമാർഗ്ഗങ്ങളായ SMS (Social Distancing, Mask, Sanitising) തന്നെയാണ് ഇപ്പോഴും ആശ്രയം. വൈറസിന് വ്യാപനശേഷി കൂടിയതിനാൽ കൂടുതൽ ഫലപ്രദമായ രീതിയിൽ വേണം SMS നടപ്പിലാക്കേണ്ടത്. സാമൂഹി ക അകലം പാലിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടത് മൂന്ന് 'C'കൾ ഒഴിവാക്കുക എന്നതാണ് 1) Close Contact (അടുത്ത സമ്പർക്കം) - ആളുകളുമായി ഇടപഴകുമ്പോൾ 1 മീറ്റർ ദൂരം 2 മീറ്ററാക്കി കൂട്ടി സുരക്ഷിതരാവുക. 2) Closed Space - വായുസഞ്ചാരം കുറഞ്ഞ മുറികളും വാഹനങ്ങളും ഒഴിവാക്കുക. അത്തരം സ്ഥലങ്ങളിൽ കൂടുതൽ ആളുകളുമായി അധികനേരം ചെലവഴിക്കാതിരിക്കുക. മുറികളിൽ നല്ല വായുസഞ്ചാരം ഉറപ്പാക്കുക. 3) Crowding-ആൾക്കൂട്ടം ഒഴിവാക്കുക. സർക്കാർ 20 അനുവദിക്കുന്നിടത്ത് നമ്മൾ അത് അഞ്ച് ആളുകളായി ചുരുക്കുക. SARS-CoV-2 വൈറസിന്റെ ഒരു പ്രത്യേകത അത് Super Spreader Events വഴി അതിവേഗം വ്യാപിക്കുന്നു എന്നുള്ളതാണ്. രോഗവ്യാപനത്തിന്റെ ഈ ഘട്ടത്തിൽ ഒരു വിധത്തിലുള്ള ആൾക്കൂട്ടങ്ങളും അനുവദിക്കുവാൻ പാടില്ല. ഒന്ന് പത്ത് ആകുന്ന അത്തരം പത്ത് ഒത്തുചേരലുകൾ മതി നമ്മുടെ സംസ്ഥാനത്തെ ശവപ്പറമ്പാക്കും വിധം രോഗവ്യാപനം സർവ്വസീമകളെയും ഭേദിക്കുവാൻ.

ഈ ഘട്ടത്തിൽ മാസ്ക് ഉപയോഗം Double Masking (ഇരട്ട മാസ്ക്) ലേക്ക് അപ്ഗ്രേഡുചെയ്യുക അനിവാര്യമായിരിക്കുന്നു. അതിതീവ്ര വ്യാപനശേഷിയുള്ള വൈറസിനെ പ്രതിരോധിക്കുവാൻ നമ്മുടെ തുണിമാസ്ക് മാത്രം അപര്യാപ്തമാണ്. ഒരു 'സർജിക്കൽ മാസ്കി'നു മുകളിൽ ഒരു 'തുണി

മാസ്ക്' ഉപയോഗിക്കുന്നതിനെയാണ് Double Masking എന്നുപറയുന്നത്. N95 മാസ്ക് ആണ് ഉപയോഗിക്കുന്നതെങ്കിൽ അത് ഒന്നുതന്നെ മതിയാകും. ഏതു മാസ്ക് ഉപയോഗിച്ചാലും അത് കൃത്യമായി എല്ലായ്പ്പോഴും ഉപയോഗിക്കുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനം.

പ്രതലങ്ങൾവഴിയുള്ള വൈറസ് വ്യാപനം അത്ര ഫലപ്രദമല്ല എന്നാണ് പുതിയ ഗവേഷണഫലങ്ങൾ വെളിവാക്കുന്നത്. എന്നിരുന്നാലും കൈകൾ വൃത്തിയായി സൂക്ഷിക്കുന്നത് പ്രധാനം തന്നെയാണ്. വൈറസ് നേരിട്ടുള്ള സമ്പർക്കത്തിലൂടെ പകരുന്നതിനു പുറമേ വായുജന്യമായി പകരുന്നു എന്ന കണ്ടെത്തലുകൾ മാസ്ക് ഉപയോഗിക്കുന്നതിന്റെ കൃത്യതയും അടഞ്ഞു വായുസഞ്ചാരമില്ലാത്ത ഇടങ്ങളിൽ പ്രവേശിക്കുമ്പോൾ പാലിക്കേണ്ട അതീവ ജാഗ്രതയുടെയും പ്രാധാന്യം അടിവരയിട്ട് കാണിക്കുന്നു.

വീടുകളിൽ അതിവേഗമാണ് രോഗവ്യാപനം നടന്നുകൊണ്ടിരിക്കുന്നത്. പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ തന്നെയും വീട്ടിനകത്തും മാസ്ക് ഉപയോഗം ആവശ്യമായി വന്നിരിക്കുന്നു. ഏറ്റവും പ്രധാനം നേരിയ രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ തന്നെ മറ്റുള്ളവരുമായി ഇടപെടാതെ എത്രയും വേഗം കൊവിഡ്-19 പരിശോധന നടത്തി രോഗം ഇല്ല എന്നുറപ്പുവരുത്തുകയെന്നതാണ്. രോഗം സ്ഥിരീകരിച്ചവർ തീർച്ചയായും റൂം ക്വാറന്റൈനിൽ തന്നെ കഴിയേണ്ടതാണ്. രോഗലക്ഷണങ്ങൾ തുടങ്ങിയതു മുതൽ 17 ദിവസം വരെ മറ്റുള്ളവരുമായി സമ്പർക്കം പൂർണ്ണമായും ഒഴിവാക്കണമെന്നാണ്

വീടുകളിൽ ചികിത്സയിൽ കഴിയുന്നവർ പ്രത്യേകം അറിഞ്ഞിരിക്കേണ്ടത് അപകടകരമായ രോഗലക്ഷണങ്ങളെ നേരത്തെതന്നെ മനസ്സിലാക്കുക എന്നുള്ളതാണ്. നെഞ്ചുവേദന, നെഞ്ചിടിപ്പ്, ശ്വാസംമുട്ട്, ബോധക്ഷയം, കാലുകളിൽ നീര്, രക്തസ്രാവം തുടങ്ങിയവ അപകട ലക്ഷണങ്ങളാണ്. ഇവ കണ്ടാൽ ഉടൻ തന്നെ വൈദ്യസഹായം തേടുക.

ആരോഗ്യവകുപ്പിന്റെ നിലവിലെ മാർഗ്ഗരേഖകൾ നിർദ്ദേശിക്കുന്നത്.

രോഗീപരിചരണം വീടുകളിൽ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടവ

കൊവിഡ് രോഗബാധിതരായ 90% ആളുകൾക്കും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാറില്ല. ബഹുഭൂരിഭാഗം ആളുകൾക്കും ലക്ഷണങ്ങളൊന്നും തന്നെ ഇല്ലാതെയോ അല്ലെങ്കിൽ, ചെറിയ പനി, ചെറിയ ചുമ, തൊണ്ടവേദന, മറ്റ് ജലദോഷ ലക്ഷണങ്ങൾ തുടങ്ങിയ നേരിയ ആരോഗ്യ പ്രശ്നങ്ങളാണ് കണ്ടുവരുന്നത്. ഇക്കൂട്ടർക്ക് വീടുകളിൽ തന്നെ കഴിഞ്ഞുകൊണ്ട് ആരോഗ്യ പ്രവർത്തകരുമായി ഫോൺ വഴിയുള്ള Consultation മുഖേന ചികിത്സ എടുക്കാവുന്നതാണ്. കേസുകൾ കൂടി വരുന്ന സാഹചര്യത്തിൽ ആശുപത്രി കിടക്കകൾ അപര്യാപ്തമാകുമ്പോൾ ഗുരുതര രോഗലക്ഷണങ്ങളുള്ളവരെ മാത്രമേ ആശുപത്രിയിൽ പ്രവേശിപ്പിക്കുവാൻ കഴിയുകയുള്ളൂ.

വീടുകളിൽ ചികിത്സയിൽ കഴിയുന്നവർ പ്രത്യേകം അറിഞ്ഞിരിക്കേണ്ടത് അപകടകരമായ രോഗലക്ഷണങ്ങളെ നേരത്തെതന്നെ മനസ്സിലാക്കുക എന്നുള്ളതാണ്. നെഞ്ചുവേദന, നെഞ്ചിടിപ്പ്, ശ്വാസംമുട്ട്, ബോധക്ഷയം, കാലുകളിൽ നീര്, രക്തസ്രാവം തുടങ്ങിയവ അപകട ലക്ഷണങ്ങളാണ്. ഇവ കണ്ടാൽ ഉടൻ തന്നെ വൈദ്യസഹായം തേടുക. വീട്ടിൽ ചികിത്സയിൽ കഴിയുന്നവർക്ക് ഒരു പൾസ് ഓക്സിമീറ്ററിന്റെ സഹായത്തോടുകൂടി രക്തത്തിലെ ഓക്സിജന്റെ അളവ് മനസ്സിലാക്കാം. പൾസ് ഓക്സിമീറ്ററിലെ SPO2 അളവ് 94 ൽ താഴെയായാൽ ഉടൻ തന്നെ വൈദ്യസഹായം തേടണം. ചിലർക്ക് വിശ്രമിക്കുമ്പോൾ ഓക്സിജന്റെ അളവ് പര്യാപ്തമായിരിക്കും. എന്നാൽ ശ്വാസകോശത്തിനെ വൈറസ് ബാധിച്ചിട്ടുണ്ടെങ്കിൽ അത് നേരത്തെതന്നെ കണ്ടെത്താൻ '6 minute walk test' സഹായിക്കും. മുറിയിൽതന്നെ 6 മിനിറ്റ് നടന്നതിനുശേഷം SPO2 അളവ് 3 പോയിന്റിൽ കൂടുതൽ താഴ്ന്നു പോയിട്ടുണ്ടെങ്കിൽ ശ്വാസകോശത്തെ വൈറസ് ബാധിച്ചിട്ടുണ്ട് എന്നതിന്റെ സൂചനയാണ്. ഇവിടെയും വൈദ്യസഹായം തേടേണ്ട സാഹചര്യമാണ്. അമിതമായ ക്ഷീണം തോന്നുന്നുവെങ്കിലും ആരോഗ്യപ്രവർത്തകരെ അറിയിക്കേണ്ടതുണ്ട്. ഇത്തരത്തിൽ സ്വയം നിരീക്ഷിച്ചുകൊണ്ട് ഭൂരിഭാഗം ആളുകൾക്കും വീടുകളിൽ തന്നെ ചികിത്സ

എടുക്കാവുന്നതാണ്. നല്ല വായുസഞ്ചാരമുള്ള മുറി, മാസ്ക് ഉപയോഗം, ധാരാളം വെള്ളം കുടിക്കുക, പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കുക, ഇവ ശ്രദ്ധിക്കുകയും വേണം. അപകടലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ആരോഗ്യപ്രവർത്തകരെ അറിയിക്കുകയും ജില്ലാ കൺട്രോൾ സെല്ലിന്റെ സഹായത്തോടെ ചികിത്സ തേടുകയും വേണം.

വാക്സിൻ ക്ഷാമകാലത്തെ വാക്സിനേഷൻ

വാക്സിൻ ലഭ്യമാകുന്ന മുറയ്ക്ക് തന്നെ ലഭ്യമായ വാക്സിൻ ഏതാണെങ്കിൽ തന്നെയും എടുക്കുക എന്നതാണ് പ്രധാനം. ഇവിടെ ഇപ്പോൾ ലഭ്യമായ COVISHIELD, COVAXIN ഇനി ലഭിക്കാൻ സാധ്യതയുള്ള Sputnik മറ്റു വാക്സിനുകളായ Pfizes, Moderna ഇവയൊക്കെ തന്നെയും 70%ത്തിലധികം ഫലപ്രദമാണ്. ജനിതക വ്യതിയാനങ്ങൾ വരുംതോറും വാക്സിനുകളുടെ ഫലപ്രാപ്തിയെക്കുറിച്ച് ആശങ്കകളുണ്ട്. എന്നിരുന്നാലും പ്രധാനപ്പെട്ട Variants നെതിരെ നിലവിലെ വാക്സിനുകൾ ഫലപ്രാപ്തി നിലനിർത്തുന്നു എന്ന് തന്നെയാണ് പ്രാഥമിക പഠനങ്ങൾ തെളിയിക്കുന്നത്. രോഗപ്പകർച്ചയോ രോഗബാധയോ തടയുന്നതിനെക്കാൾ വാക്സിന്റെ ഉപയോഗം ഗുരുതരരോഗവും മരണങ്ങളും തടയുമെന്നുള്ളതാണ് പ്രധാനം. വാക്സിൻ എടുത്തവർക്ക് രോഗം വരുന്നു എന്ന് കണ്ടതുകൊണ്ട് വാക്സിൻ ഫലപ്രദമല്ല എന്ന് കരുതി കുത്തിവയ്പ്പ് എടുക്കാതിരിക്കുന്നത് മണ്ടത്തരമാണ്. പാർശ്വഫലങ്ങളെ ഭയന്നും കുത്തിവയ്പ്പ് എടുക്കാതിരിക്കരുത്. നമ്മുടെ ചുറ്റും അതിവേഗം പടർന്നു പിടിക്കുന്ന ഈ വൈറസ് ബാധിച്ച് അതിന്റെ സങ്കീർണ്ണതകളുണ്ടാകുവാനുള്ള സാദ്ധ്യതയെക്കാൾ വളരെയധികം കുറവാണ് വളരെ വിരളമായി മാത്രമുണ്ടാകുന്ന ഒരു പാർശ്വഫലത്തിനുള്ള സാധ്യത. എത്രയും പെട്ടെന്ന് ഭൂരിഭാഗം ജനങ്ങൾക്കും പ്രതിരോധകുത്തിവയ്പ്പ് നൽകുക എന്നത് പ്രധാനമാണെന്നിരിക്കെ, കുത്തിവയ്പ്പ് കേന്ദ്രങ്ങളിൽ ആളുകൾ തിരക്കുകൂട്ടി രോഗവ്യാപനം ഉണ്ടാകുന്ന സാഹചര്യം ഒട്ടും അനുവദനീയമല്ല.

ഈ ഘട്ടത്തിൽ അടിയന്തര പ്രാധാന്യം നൽകേണ്ടത് ഏതുവിധേനയും രോഗവ്യാപനം തടയുക എന്നതിനാണ്. നിയന്ത്രണങ്ങളോട് സഹകരിച്ച് അവനവന്റെ വീടിന്റെ സുരക്ഷിതത്വത്തിൽ ഇരുന്നു കൊണ്ട് ഈ മഹാമാരിക്കെതിരെ നമുക്ക് ഒത്തുചേരാം. ഗുരുതരരോഗങ്ങൾ ഉള്ളവർക്കായി ആശുപത്രി സംവിധാനങ്ങൾ കരുതിവയ്ക്കാം. വ്യാജ പ്രചരണങ്ങളിൽ വീഴാതെ സർക്കാർ വകുപ്പുകളുടെ നിർദ്ദേശപ്രകാരം തന്നെ രോഗ ചികിത്സ തേടുക, വീടുകളിൽ ചികിത്സയിൽ കഴിയുന്നവർ ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഫലപ്രദമായ സ്വയം നിരീക്ഷണ സമ്പ്രദായം നടപ്പിലാക്കിക്കൊണ്ട് രോഗസൗഖ്യം നേടുമ്പോഴും, തന്റെ പക്കൽ നിന്ന് മറ്റൊരാളിലേക്കും രോഗം പകർത്താതിരിക്കുക എന്ന പരമപ്രധാനമായ ഉത്തരവാദിത്തം നടപ്പിലാക്കുകയും വേണം. ഒരു മാസം കൊണ്ട് കേസുകളുടെ കുതിപ്പ് കുറച്ചു കൊണ്ടുവരാനാകുമെന്ന കണക്കുകൂട്ടലുകളാണ് ആരോഗ്യവിദഗ്ധർക്കുള്ളത്. വരും ദിവസങ്ങളിൽ രോഗവ്യാപനം peak ചെയ്യും, കേസുകൾ പരമാവധി കുറച്ച് കൊണ്ടുവരിക, നമ്മുടെ ചികിത്സാ സംവിധാനങ്ങൾ എല്ലാ രോഗികൾക്കും പര്യാപ്തമായിരിക്കുന്ന നിരക്കിൽ രോഗത്തെ പിടിച്ചുകെട്ടാനാകണം. മറ്റു പ്രദേശങ്ങളിൽ നിന്നുള്ള സൂചനകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാം, രണ്ടാംതരംഗം കൊണ്ട് ഈ മഹാമാരി അവസാനിക്കുന്നില്ല എന്ന്. ഒരു മൂന്നാം തരംഗം നമ്മൾ പ്രതീക്ഷിക്കണം. ജീവന്റെ വിലയുള്ള ജാഗ്രതയാൽ അതിന്റെ കാഠിന്യവും ദുരന്തവും നമുക്ക് പരമാവധി കുറയ്ക്കാം.

ലേഖിക തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസറാണ്.

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

■ ഡോ. ശിവകുമാർ കെ.എസ്.

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസമേഖലയുടെ ചരിത്രത്തിലെ നിർണ്ണായക വഴിത്തിരിവായിരുന്നു 2007ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ്.2007) രൂപീകരണം. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (എൻ.സി.എഫ്. 2005) ചുവടുപിടിച്ചാണ് ഈ സമഗ്ര വിദ്യാഭ്യാസരേഖ തയ്യാറാക്കിയത്. ഈ രേഖയിൽ ഭാവിസമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സമഗ്രമായിതന്നെ പ്രതിപാദിച്ചിട്ടുണ്ട്.

"കേരളത്തിന്റെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസം രൂപപ്പെടുത്തുമ്പോൾ ജനാധിപത്യം, മതേതരത്വം, സാമൂഹികതുല്യത, ഭരണഘടനാപരമായ മറ്റുമൂല്യങ്ങൾ ഇവ സൂചകങ്ങളായി പരിഗണിക്കണം. മതം, ജാതി, സാമ്പത്തികസ്ഥിതി, ലിംഗവ്യത്യാസം, പ്രാദേശികത എന്നിങ്ങനെ യാതൊരു വിവേചനവും ഇല്ലാത്തതും മാനവികതയിലൂന്നിയതുമായ ഒരു ഭാവി സമൂഹമാണ് നാം സ്വപ്നം കാണേണ്ടത്. ഉയർന്ന ദേശീയബോധവും, ശാസ്ത്രീയ മനോഭാവവും, സാംസ്കാരികത്തനിമയും, ശാസ്ത്രസാങ്കേതികാവബോധവും, അവകാശബോധവും, തൊഴിൽ നൈപുണിയും, ഭരണഘടനാമൂല്യങ്ങളും, സ്വാശ്രയത്വവും, വിമർശനാത്മകസമീപനവും, അറിവിന്റെ നിർമ്മാണവും ഉറപ്പാക്കുന്നതായിരിക്കണം വിദ്യാഭ്യാസം".

അറിവ് നേടുക എന്നത് കേവലം വിവരശേഖരണമല്ല മറിച്ച് ക്രിയാത്മക പ്രവർത്തനങ്ങളിലൂടെയും അന്വേഷണങ്ങളിലൂടെയും കുട്ടി സ്വയം രൂപപ്പെടുത്തുന്നതായിരിക്കണം. ഇതാണ് കെ.സി.എഫ്. 2007 മുന്നോട്ടുവയ്ക്കുന്ന ജ്ഞാനനിർമ്മിതിവാദത്തിന്റെയും വിമർശനാത്മകപഠനത്തിന്റെയും അടിസ്ഥാനതത്വം. ഓരോ കുട്ടിയുടെയും ആത്മപ്രകാശനത്തിനുള്ള ഇടമാകണം സ്കൂളുകൾ. മാനവികതയും സാമൂഹിക പ്രതിബദ്ധതയും കൈമുതലായുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് നിസ്തുലമാണ്. ഈ അടിസ്ഥാന വിദ്യാഭ്യാസ സമീപനത്തിൽ ഊന്നിനിന്നുകൊണ്ട് ആധുനിക സാങ്കേതികവിദ്യയിലുണ്ടായ അത്ഭുതകരമായ വികാസത്തിന്റെ ഗുണഫലങ്ങളെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എങ്ങനെ പ്രയോജനപ്പെടുത്താം എന്ന അന്വേഷണമാണ് കഴിഞ്ഞ അഞ്ച് വർഷക്കാലമായി കേരളത്തിൽ നടപ്പിലാക്കി വരുന്നത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കഴിഞ്ഞ അഞ്ച് വർഷക്കാലം വിദ്യാഭ്യാസ മേഖലയിൽ നടത്തിയ ക്രിയാത്മകമായ ഇടപെടലുകൾ മാതൃകാ

പരമാണ്. ഇനി ഒരു തിരിച്ചുവരവ് അസാധ്യമെന്നുകരുതിയ പൊതുവിദ്യാഭ്യാസ മേഖലയെ കൈപിടിച്ചുയർത്തി മികവിന്റെ പാതയിലെത്തിക്കാൻ കഴിഞ്ഞകാല പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു എന്നത് ആവേശം പകരുന്ന അനുഭവമാണ്. ജനകീയ ഇടപെടലിലൂടെ ഓരോ പൊതുവിദ്യാലയത്തിന്റെയും ഭൗതികവും അക്കാദമികവുമായ വികസനം ഉറപ്പാക്കാൻ കഴിഞ്ഞു. കൂട്ടായ ജനകീയ ചർച്ചയിലൂടെ ഓരോ സ്കൂളിന്റെയും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഇതിൽ അക്കാദമിക മാസ്റ്റർ പ്ലാനിനു ഏറെ പ്രാധാന്യം നൽകിയാണ് ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ചാണ് ഇക്കാലയളവിൽ ഓരോ സ്കൂളും പ്രവർത്തിച്ചത്. ഇത് മുൻകാല വികസന സങ്കല്പങ്ങളെ പൊളിച്ചെഴുതുന്നതിനു സഹായകമായി. അതിലുപരി ജൈവവൈവിധ്യ പാർക്ക്, ടാലെന്റ് ലാബ് എന്നിവ പോലുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കി ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന നൂതനകാഴ്ചപ്പാട് അന്വർത്ഥമാക്കുന്നതിനും സാധിച്ചു.

ഭൗതിക സാഹചര്യ വികസനം

കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം സ്വപ്നസമാനമായി വികസിക്കുകയുണ്ടായി. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സ്കൂൾ കെട്ടിടങ്ങൾ, ഓഡിറ്റോറിയം, കളിസ്ഥലം, ടോയിലറ്റ് സംവിധാനം, വിശ്രമമുറികൾ തുടങ്ങിയവ മിക്കവാറും എല്ലാ സർക്കാർ വിദ്യാലയങ്ങളിലും ഒരുക്കുവാൻ കഴിഞ്ഞു. എയ്ഡഡ് വിദ്യാലയങ്ങളിൽ ചലഞ്ച് ഫണ്ടിന്റെ ഉപയോഗത്തിലൂടെയും അടിസ്ഥാന സൗകര്യം ഉറപ്പാക്കി.

കിഫ്ബി ധനസഹായം ഉപയോഗിച്ച് 2309 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് നടത്തിയത്. ഇതിന്റെ ഭാഗമായി ഓരോ നിയമസഭാ മണ്ഡലത്തിലും ഒരു സ്കൂൾ തിരഞ്ഞെടുത്ത് 5 കോടി രൂപ വീതവും, 1000 ത്തിലധികം കുട്ടികൾ പഠിക്കുന്ന 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും, 500 ലധികം കുട്ടികൾപഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും അനുവദിച്ചുകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. കൂടാതെ പ്ലാൻ ഫണ്ട്, നബാർഡ് ഫണ്ട്, എസ്.എസ്.കെ. വഴിയുള്ള ഫണ്ട് എന്നിവ വഴിയും രണ്ടായിരത്തിലധികം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. മാതൃകാപരമായ ഇത്തരം പ്രവർത്തനങ്ങൾ പൊതുവിദ്യാലയങ്ങളുടെ മുഖച്ഛായ ആകർഷകമാക്കി.

ഐ.സി.ടി. അധിഷ്ഠിത വിദ്യാഭ്യാസം

ആധുനിക സാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ പാഠ്യപദ്ധതി വിനിമയത്തിന് ഫലപ്രദമായി ഉൾച്ചേർക്കുന്നതിനുള്ള നിർണ്ണായക ഇടപെടലുകൾ നടത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. 1 മുതൽ 12 വരെ ക്ലാസ്സുകളിലായി 45000 ത്തിലധികം ക്ലാസ്സുമുറികൾ ഹൈടെക് സ്മാർട്ട് ക്ലാസ്സുകളായി മാറ്റിക്കൊണ്ടാണ് വിജ്ഞാനം വിരൽത്തുമ്പിൽ എന്ന പുരോഗമന കാഴ്ചപ്പാട് മുന്നോട്ടുവച്ചത്. ഈ സംവിധാനം കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് ആവിഷ്കരിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് സമഗ്ര പോർട്ടൽ. ഓരോ വിഷയത്തിന്റെയും വിനിമയം ശാസ്ത്രീയമായി സാധ്യമാക്കുന്നതാണ് സമഗ്രയിലെ ഉള്ളടക്കം. ഓരോ പാഠഭാഗത്തിന്റെയും സൂക്ഷ്മതലത്തിലുള്ള ആസൂത്രണം, അതിന് അനുയോജ്യമായ ഐ.സി.ടി. വിഭവങ്ങൾ, വിലയിരുത്തൽ തന്ത്രങ്ങൾ, തുടർപ്രവർത്തനങ്ങൾ തുടങ്ങിയവ വിശദമായിത്തന്നെ സമഗ്രയിൽ ഒരുക്കിയിട്ടുണ്ട്. കുട്ടിയുടെ സ്വയംവിലയിരുത്തലിന് ആവശ്യമായ ചോദ്യശേഖരവും സമഗ്രയിൽ ലഭ്യമാണ്. കൂടാതെ, ഹൈസ്കൂൾ, ഹയർ സെക്കന്ററി പാഠപുസ്തകങ്ങളിൽ Quick Response Code (QR code) വഴി കൂടുതൽ ഡിജിറ്റൽ വിഭവങ്ങളും നൽകിയിട്ടുണ്ട്. കൊവിഡിന്റെ പശ്ചാത്തലത്തിൽ ഇത്തരം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ അദ്ധ്യാപകരും കുട്ടികളും നന്നായി പരിശ്രമിച്ചിട്ടുണ്ട് എന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്.

ഹയർ സെക്കന്ററി ഗണിതപഠനം പുത്തൻ ഉണർവ്വിലേക്ക്

2019-20 അദ്ധ്യയന വർഷം മുതൽ ഹയർ സെക്കന്ററിയിൽ ഐ.ടി. ഗണിതലാബ് സംവിധാനം നിലവിൽ വന്നു. ഗണിതത്തിലും പ്രായോഗിക പരീക്ഷ മൂല്യനിർണ്ണയത്തിന്റെ ഭാഗമായി. ഒരു പക്ഷെ ഇന്ത്യയിൽ ആദ്യമായിട്ടായിരിക്കും പഠനബോധന പ്രക്രിയയിൽ ഇത്തരം ആധുനിക കാഴ്ചപ്പാട് പ്രയോഗത്തിൽ കൊണ്ടുവരുന്നത്. ഏറെ പ്രചാരമുള്ള സ്വതന്ത്ര ഗണിത സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച്, നിലവിലുള്ള പാഠഭാഗങ്ങൾ കൂടുതൽ ചലനാത്മകവും ഫലപ്രദവുമായി ക്ലാസിൽ അവതരിപ്പിക്കാൻ കഴിയുന്ന വിധത്തിലാണ് ഐ.ടി.ഗണിതലാബിന്റെ ഉള്ളടക്കം തയ്യാറാറാക്കിയിട്ടുള്ളത്. ഇതോടെ കുട്ടികൾക്കു ഉയർന്ന ക്ലാസ്സുകളിലെ ഗണിതത്തിന്റെ അമൂർത്തതയെ ഒരു പരിധിവരെ മറികടക്കാനും സ്വയം പ്രവർത്തനത്തിലേർപ്പെട്ട് അറിവുകൾ നിർമ്മിക്കുന്നതിനും അവ സാമാന്യവത്കരിക്കുന്നതിനും പ്രയോഗവത്കരിക്കുന്നതിനും കഴിയുന്നു.

പുത്തൻ സാങ്കേതിക വിദ്യകളെ കുട്ടികൾ വളരെ താത്പര്യത്തോടെയാണ് സ്വീകരിക്കുന്നത്. കുട്ടികളുടെ ഈ മേഖലയിലെ താല്പര്യത്തെ ഗണിതപഠനത്തിനായി എളുപ്പത്തിൽ

ഉപയോഗപ്പെടുത്താൻ ഐ.ടി. ഗണിതലാബിലൂടെ കഴിയും. മാത്രമല്ല എസ്.സി.ഇ.ആർ.ടി.വിശദമായി തയ്യാറാക്കിയിട്ടുള്ള ലാബ് മാന്വലും അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകവും ഇക്കാര്യത്തിൽ കുട്ടികൾക്കും അദ്ധ്യാപകർക്കും ആവശ്യമായ പിന്തുണ നൽകുന്നു. ഇതിലൂടെ ചോക്കിനും ബോർഡിനും നൽകാൻ കഴിയാത്ത ഗണിതത്തിന്റെ ചലനാത്മകത ആസ്വദിക്കാൻ കുട്ടിക്ക് അവസരമുണ്ടാവുന്നു. പേപ്പറും പേനയും മാത്രം ഉപയോഗിച്ചുള്ള അറിവിന്റെ ആവിഷ്കാരത്തിന് മറ്റൊരിടം കൂടി ലഭിക്കുന്നു.

കുട്ടികളുടെ വർദ്ധനവ്

കഴിഞ്ഞ അഞ്ച് വർഷക്കാലം നടത്തിയ അക്കാദമികവും അക്കാദമികേതരവും ആയ പ്രവർത്തനങ്ങളുടെ പ്രത്യക്ഷമായ സൂചകം തന്നെയാണ് ഓരോ വർഷവും ക്രമാനുഗതമായി കുട്ടികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്. ഇക്കാലയളവിൽ പൊതുവിദ്യാലയങ്ങളിൽ പുതുതായി എത്തിച്ചേർന്ന കുട്ടികളുടെ എണ്ണം പട്ടിക(1)-ൽ ചേർക്കുന്നു.

നിലവിൽ പൊതുവിദ്യാഭ്യാസ മേഖലയിലെ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ചുള്ള കണക്കുകൾ ചുവടെ പട്ടിക-2 ൽ ചേർക്കുന്നു (സംസ്ഥാന സിലബസിലെ അൺ എയ്ഡഡ് സ്കൂളുകളെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

പട്ടിക (1)

അക്കാദമിക വർഷം	ഗവണ്മെന്റ് സ്കൂളുകൾ	എയ്ഡഡ് സ്കൂളുകൾ	ആകെ കുട്ടികൾ
2017-18	59852	96713	156565
2018-19	71360	113368	184728
2019-20	65216	98342	163558
2020-21 (താത്കാലികം)	68742	106129	174871
ആകെ	265170	414552	679722

(കടപ്പാട്: സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്

പട്ടിക (2)

Type	LP	UP	HS	HSS	VHSE	Total
Govt	253,467	244,413	702,313	328,291	38,396	1,566,880
Aided	453,621	613,267	1,110,513	388,066	20,634	2,586,101
UnAided	57,266	59,760	417,594	50,451	NA	585,071
Total	764354	917440	2230420	766808	59030	4,738,052

[അവലംബം: സമേതം, https://sametham.kite.kerala.gov.in/]

കൊവിഡ് കാലത്തെ വിദ്യാഭ്യാസം

കൊവിഡ് കാരണം 2020 -21 അധ്യയന വർഷം പതിവുപോലെ ജൂൺ ഒന്നാം തീയതി സ്കൂളുകൾ തുറന്നു ക്ലാസുകൾ ആരംഭിക്കാൻ കഴിഞ്ഞില്ല. ഇക്കാര്യത്തിൽ രാജ്യത്തിനുതന്നെ മാതൃകയായി വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ വഴി ഓൺലൈൻ ഡിജിറ്റൽ ക്ലാസുകൾ ജൂൺ ഒന്നിനു തന്നെ ആരംഭിക്കുവാൻ കഴിഞ്ഞു. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ മികച്ച അദ്ധ്യാപകരെ കണ്ടെത്തി ശാസ്ത്രീയമായി ക്ലാസുകൾ ആസൂത്രണം ചെയ്ത് കുട്ടികൾക്ക് എത്തിക്കുന്നതിൽ വിവിധ വിദ്യാഭ്യാസ ഏജൻസികളുടെ കൂട്ടായ പ്രവർത്തനം മാതൃകാപരമായിരുന്നു.

എല്ലാ കുട്ടികൾക്കും വീഡിയോ ക്ലാസുകൾ കാണുന്നതിനുള്ള അവസരം ഒരുക്കുന്നതിന് വിദ്യാർത്ഥി സംഘടനകളും, യുവജന സംഘടനകളും അദ്ധ്യാപകരും തദ്ദേശ ഭരണ സ്ഥാപനങ്ങളും പൊതുസമൂഹവും ഒരേപോലെ ആത്മാർഥമായി പരിശ്രമിച്ചു. ആയിരക്കണക്കിനു ടെലിവിഷനുകൾ, കമ്പ്യൂട്ടറുകൾ, ടാബ്ലറ്റുകൾ, സ്മാർട്ട് ഫോണുകൾ തുടങ്ങിയവ കുട്ടികൾക്ക് വാങ്ങി നൽകി ഈ പ്രതിസന്ധിക്കാ ലത്തും സാമൂഹ്യപ്രതിബദ്ധതയുടെ ഉദാത്ത കേരളമാതൃക സൃഷ്ടിക്കാൻ നമുക്ക് സാധിച്ചു എന്നത് ആവേശകരമായ അനുഭവമാണ്. ഓരോ വീടും ഓരോ വിദ്യാലയമായി മാറുന്ന കാഴ്ചയാണ് കണ്ടത്. അദ്ധ്യാപകർ കുട്ടിയുടെ അരികിലേക്ക് എന്ന തലത്തിലേക്ക് പഠനബോധന സംവിധാനത്തെ വർത്തമാന കാല സാഹചര്യത്തിന് അനുയോജ്യമായി പരിവർത്തിപ്പിക്കുന്നതിനു കഴിഞ്ഞു. ഇത് വിദ്യാഭ്യാസമേഖലയിൽ കൊവിഡ് വരുത്തിയ അക്കാദമിക പ്രതിസന്ധിയെ ഒരു പരിധിവരെ മുറിച്ചു കടക്കുന്നതിന് സഹായകരമായി. ഡിജിറ്റൽ സംവിധാനങ്ങൾ എത്ര ഫലപ്രദമായി വിനിയോഗിച്ചാലും അദ്ധ്യാപകരുടെ ജൈവികമായ ഇടപെടലിനു പകരമാകില്ല എന്നും നാം ഇക്കാലത്തു തിരിച്ചറിഞ്ഞു.

അക്ഷരവൃക്ഷം

കൊവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയുടെ ഭാഗമായി വീട്ടിൽ അടച്ചിരിക്കാൻ നിർബന്ധിതരായ കുട്ടികളുടെ സർഗ്ഗവാസന പ്രകടിപ്പിക്കുന്നതിനുള്ള വേദിയായിരുന്നു പൊതുവിദ്യാഭ്യാസവകുപ്പ് മുന്നോട്ടു വച്ച അക്ഷരവൃക്ഷം പദ്ധതി. ആരോഗ്യം, പരിസ്ഥിതി, ശുചിത്വം എന്നീ വിഷയങ്ങളെ ആസ്പദമാക്കി കഥ, കവിത, ലേഖനം എന്നിവ കൈറ്റിന്റെ ഓൺലൈൻ സംവിധാനമായ സ്കൂൾ വിക്കിയിലൂടെ സമർപ്പിക്കാൻ സ്കൂൾ കുട്ടികൾക്ക് അവസരം നൽകി. ഏറെ ആവേശത്തോടെയാണ് 1 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾ ഈ ഉദ്യമത്തിൽ പങ്കെടുത്തത്. ഇതിന്റെ ഭാഗമായി 56,399 രചനകളാണ് അപ്‌ലോഡ് ചെയ്യപ്പെട്ടത്. ഈ സൃഷ്ടികൾ സൂക്ഷ്മപരിശോധന നടത്തി 30 വാല്യങ്ങളായി എസ്.സി.ഇ.ആർ.ടി. പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത പ്രസിദ്ധീകരണത്തിന് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സ് അവാർഡ് ലഭിച്ചുവെന്നതും പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് അഭിമാനകരമാണ്.

കലാ-കായിക പഠനം

കുട്ടികളുടെ സർഗ്ഗാത്മകത പരിപോഷിപ്പിക്കുന്നതിനായി സ്കൂളുകളിലെ കലാപഠനം സവിശേഷമായ പിന്തുണയാണ് നൽകുന്നത്. കേരളത്തിൽ കലാപഠനം പാഠ്യപദ്ധതിയുടെ ഭാഗമാണ്. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കലാപഠനത്തിന് ആവശ്യമായ പ്രവർത്തന പുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി 2019 ൽ പ്രസിദ്ധീകരിച്ചത് കുട്ടികൾക്ക് ഏറെ ഗുണകരമാണ്.

ഇതോടൊപ്പം സ്കൂൾ കുട്ടികളുടെ കായികക്ഷമത ഉറപ്പാക്കുന്നതിനുള്ള നിർണ്ണായക ഇടപെടൽ നടത്താനും കഴിഞ്ഞിട്ടുണ്ട്. നിലവിലെ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി.യുടെ അക്കാദമിക നേതൃത്വത്തിൽ പൊതുവിദ്യാലയങ്ങളിലെ കായിക അദ്ധ്യാപകർക്ക് സമഗ്ര പരിശീലനം നൽകി. പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ സമഗ്ര കായിക വികാസം ഉറപ്പാക്കുന്നതിലേക്കായി ഹെൽത്തികിഡ്സ് എന്ന ഗവേഷണ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞു. ഓരോ കുട്ടിയുടേയും കായിക ശേഷികൾ ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനുള്ള ഒരു പഠനപാക്കേജ് എസ്.സി.ഇ.ആർ.ടി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കായിക പ്രകടനത്തിന് അവസരം ഒരുക്കുന്നതിനുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഇൻക്ലൂസിവ് സ്പോർട്സ് മാന്വലും വികസിപ്പിക്കാൻ കഴിഞ്ഞു.



(കുട്ടികളുടെ എണ്ണം സൂചിപ്പിക്കുന്ന ബാർ ഡയഗ്രം)

സമഗ്ര അദ്ധ്യാപക പരിവർത്തന പരിപാടി

മാറുന്ന കാലത്തിനും സമീപനത്തിനും അനുസരിച്ച് അദ്ധ്യാപക സമൂഹത്തിന് ആവശ്യമായ പിന്തുണ ലഭ്യമാക്കേണ്ടതുണ്ട്. കഴിഞ്ഞ കാലങ്ങളിൽ അവധിക്കാലത്തു സംഘടിപ്പിക്കുന്ന അദ്ധ്യാപക ശാക്തീകരണ പരിപാടികളിലൂടെയാണ് ഇത് സാധ്യമാക്കിയിരുന്നത്. പരിമിതമായ ദിവസങ്ങൾകൊണ്ട് പൂർത്തീകരിക്കേണ്ടവയാണ് ഇത്തരം പരിശീലനങ്ങൾ. അതുകൊണ്ടുതന്നെ പരിഗണിക്കപ്പെടേണ്ട ഭാഗങ്ങൾ പൂർണ്ണതോതിൽ ഫലപ്രദമായി ചർച്ചചെയ്യാൻ കഴിയാറില്ല എന്നത് വസ്തുതയാണ്. ഈ പരിമിതി മറികടക്കുന്നതിനും പരിശീലനത്തിന്റെ സമഗ്രത ഉറപ്പാക്കുന്നതിനും പൊതുവിദ്യാഭ്യാസവകുപ്പിന്റെ പിന്തുണയോടെ എസ്.സി.ഇ.ആർ.ടി. ആറുമാസം ദൈർഘ്യമുള്ള അദ്ധ്യാപക പരിവർത്തനപരിപാടിക്ക് രൂപം നൽകി.

ആദ്യ ബാച്ചിന്റെ പരിശീലനം അവസാനഘട്ടത്തിലാണ്. ജില്ലാതലത്തിൽ ഡയറ്റുകളാണ് ഈ പദ്ധതിയ്ക്ക് നേതൃത്വം നൽകുന്നത്. ഓരോ ജില്ലയിൽ നിന്നും അൻപത് അദ്ധ്യാപകർക്കാണ് ഓരോ ബാച്ചിലും പങ്കെടുക്കാൻ കഴിയുക. കൊവിഡിന്റെ സാഹചര്യത്തിൽ ഓൺലൈൻ സംവിധാനംകൂടി പ്രയോജനപ്പെടുത്തിയാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. സെമിനാറുകൾ, സിമ്പോസിയങ്ങൾ, ചർച്ചകൾ, ടൈഔട്ടുകൾ, അസൈൻമെന്റുകൾ, ഫീൽഡ്പഠനങ്ങൾ, തുടങ്ങിയ പ്രവർത്തനങ്ങൾ അദ്ധ്യാപകർ നിർവ്വഹിക്കേണ്ടതുണ്ട്. പാഠ്യപദ്ധതി രൂപീകരണം, പാഠപുസ്തക നിർമ്മാണം തുടങ്ങിയവയ്ക്കു നേതൃത്വം നൽകാൻ കഴിയുന്ന മികച്ച അദ്ധ്യാപകരെ ഇതിലൂടെ വാർത്തെടുക്കാൻ കഴിയും. ഇത്തരം സമഗ്ര അദ്ധ്യാപകശാക്തീകരണം കേരളത്തിലെ എല്ലാ അദ്ധ്യാപകർക്കും ലഭ്യമാക്കുന്നതിനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നത്.

ക്ലാസ്സ് റൂം ലൈബ്രറി

എല്ലാ സ്കൂളിലും പൊതുവായ ഒരു ലൈബ്രറി സംവിധാനം നേരത്തെതന്നെ ഉണ്ട്. ഇതുവഴി, എല്ലാ കുട്ടികൾക്കും അവരുടെ അഭിരുചിക്കും താത്പര്യത്തിനും അനുസരിച്ച് പുസ്തകങ്ങൾ യഥേഷ്ടം തിരെഞ്ഞെടുക്കുന്നതിന്, പ്രത്യേകിച്ച് കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ, ചില പരിമിതികൾ ഉണ്ടെന്നത് വസ്തുതയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള മാർഗ്ഗമാണ് ക്ലാസ്സ്റൂം ലൈബ്രറികൾ. വിവിധ വിദ്യാഭ്യാസ ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അദ്ധ്യാപക രക്ഷാകർത്തൃസമിതികളുടെയും സന്നദ്ധസംഘടനകളുടെയും ആഭിമുഖ്യത്തിൽ ക്ലാസ്സ് റൂം ലൈബ്രറികൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരളത്തിലാകെ നടന്നുവരികയാണ്. ഇക്കാര്യത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ "സർഗ്ഗവായന സമ്പൂർണ്ണ വായന" എന്ന പ്രോജക്റ്റ് മാതൃകാപരമാണ്. ഇതിലൂടെ, ജില്ലയിലെ മുഴുവൻ സ്കൂളുകളിലും സമ്പൂർണ്ണ ക്ലാസ്റൂം ലൈബ്രറി സംവിധാനം നടപ്പിലാക്കുവാൻ സാധിച്ചു.

പ്രീപ്രൈമറി വിദ്യാഭ്യാസം

ഒരു കുട്ടിയുടെ സമഗ്ര വികാസത്തിന്റെയും വളർച്ചയുടെയും അടിസ്ഥാന കാലഘട്ടം 3 മുതൽ 6 വയസുവരെയാണ്. ദ്രുതഗതിയിലുള്ള ബൗദ്ധിക, വൈകാരിക, സാമൂഹിക വികാസമാണ് ഈ സമയത്തുണ്ടാകുന്നത്. അതുകൊണ്ടുതന്നെ, ഈ പ്രായത്തിലുള്ള വിദ്യാഭ്യാസം ഏറെ ശ്രദ്ധയോടെയും ശാസ്ത്രീയമായും വേണം ആസൂത്രണം ചെയ്യേണ്ടത്. ഓരോ കുട്ടിക്കും തന്റെ ചുറ്റുപാടിനെ അറിയുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള ജന്മസിദ്ധവും നൈസർഗ്ഗികവുമായ ശേഷിയുണ്ട്. ആയതിനാൽ, പഠനം കുട്ടിയുടെ അനുഭവ പരിസരത്ത് ഊന്നിയുള്ളതാകണം. പാട്ടും, കളിയും, ഇതര കലകളും ഉൾച്ചേർത്തതാകണം പഠനസമീപനം.

ഇക്കാലയളവിൽ, 3 മുതൽ 5 വയസ്സ വരെയുള്ള കുട്ടികളുടെ സമഗ്രവികസനം

സാദ്ധ്യമാക്കുന്നതിനായി കളിപ്പാട്ടം എന്ന പേരിൽ അദ്ധ്യാപകർക്കുള്ള പ്രവർത്തന പുസ്തകവും കുട്ടികൾക്കുള്ള കളിത്തോണി എന്ന പ്രവർത്തനപുസ്തകവും തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത്, പ്രീപ്രൈമറി മേഖലയിൽ അനുയോജ്യവും ഏകീകൃതവുമായ പാഠ്യപദ്ധതിയുടെയും പഠനസാമഗ്രികളുടെയും അഭാവം പരിഹരിക്കുന്നതിനുള്ള ഒരു നിർണ്ണായക ഇടപെടലായിരുന്നു.

ഭിന്നശേഷി വിഭാഗത്തിനുള്ള കൈത്താങ്ങ്

കേരളത്തിൽ പ്രൈമറിതലത്തിൽ 91120 കുട്ടികളും സെക്കന്ററിതലത്തിൽ 42347 കുട്ടികളും ഭിന്നശേഷി വിഭാഗത്തിലുണ്ടെന്നാണ് കണക്ക്. കൊവിഡ് കാലത്ത് അതീവശ്രദ്ധയോടെയാണ് ഭിന്നശേഷി കുട്ടികളുടെ ആരോഗ്യ പരിപാലനത്തിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കിയത്. വൈറ്റ് ബോർഡ്, ടോക്കിങ് ടെക്സ്റ്റ്, ചങ്ങാതിക്കൂട്ടം, സ്പേസ്, ഓട്ടിസം സെന്റർ, ജാലകങ്ങൾക്കപ്പുറം തുടങ്ങിയ പദ്ധതികളാണ് ഇക്കാലത്തു ഒരുക്കിയിട്ടുള്ളത്.

പ്രതിസന്ധിക്കാലത്തും ഭിന്നശേഷികുട്ടികളുടെ, പ്രത്യേകിച്ച് ഗൃഹാന്തരീക്ഷ വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾക്കുൾപ്പെടെ തെറാപ്പിക്കുള്ള ക്രമീകരണം നടത്തി. ഭിന്നശേഷി വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും, രക്ഷാകർത്താക്കൾക്കും ഒരേപോലെ പ്രയോജനകരമായതും വിവിധ വിദ്യാഭ്യാസ ഏജൻസികൾ തയ്യാറാക്കിയതുമായ പഠന സാമഗ്രികളും ഇതര സഹായക മെറ്റീരിയലുകളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിന്റെ ഭാഗമായി സമഗ്ര ശിക്ഷാ കേരളം ഒരു പുതിയ വെബ്സൈറ്റ് ആരംഭിച്ചതും ഗുണകരമാണ്. എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ ആംഗ്യഭാഷകളുടെ ഏകീകരണത്തിനായി നടപ്പിലാക്കിയ മുദ്രികാപാഠം എന്ന പദ്ധതിയും ഈ മേഖല യിലെ ശ്രദ്ധേയമായ മുന്നേറ്റമാണ്.

തൊഴിൽ നൈപുണി വിദ്യാഭ്യാസം

പുതുതലമുറയിൽ തൊഴിൽ ആഭിമുഖ്യം വളർത്തുന്നതിനും തൊഴിൽ നൈപുണി വികസിപ്പിക്കുന്നതിന്റെയും ഭാഗമായി നിരവധി ഇടപെടലുകൾ ഇക്കാലയളവിൽ നടത്തുകയുണ്ടായി. 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തിയ ഘട്ടത്തിൽ എല്ലാ വിഷയങ്ങളിലും തൊഴിൽ ആഭിമുഖ്യം വളർത്തുന്നതിനു സഹായകരമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ തൊഴിൽ നൈപുണി ചട്ടക്കൂടിന്റെ (NSQF - National Skill Qualification Framework) അടിസ്ഥാനത്തിൽ കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ 2018-19 അദ്ധ്യയന വർഷം മുതൽ വിവിധങ്ങളായ ജോബ് റോളുകൾ നടപ്പിലാക്കുവാൻ കഴിഞ്ഞു. ആദ്യഘട്ടത്തിൽ, 66 സ്കൂളുകളിലാണ് ഇത്തരം പുതിയ കോഴ്സുകൾ ആരംഭിച്ചത്. തുടർന്ന് ഇത് വ്യാപകമായി നടപ്പിലാക്കി. നിലവിൽ 389 സ്കൂളുകളിലാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്. ഓരോ ജോബ് റോളുകളിലേക്കും വേണ്ട അദ്ധ്യാപക പരിശീലനവും 18 ജോബ് റോളുകളുടെ മോഡൽ പാഠ്യപദ്ധതിയും എസ്.സി.ഇ.ആർ.ടി യാണ് തയ്യാറാക്കിയത്. തൊഴിൽ നൈപുണി വിദ്യാഭ്യാസത്തിൽ പ്രാദേശിക വിദഗ്ധരുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിലാണ് പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സ്കൂളുകളിലെ പ്രവൃത്തിപഠനത്തിനാവശ്യ മായ അദ്ധ്യാപക സഹായികളും എസ്.സി.ഇ.ആർ.ടി.യാണ് തയ്യാറാക്കിയത്.

കൊവിഡും പൊതുപരീക്ഷയും

കൊവിഡ് മഹാമാരി വരുത്തിയ പ്രതികൂല സാഹചര്യത്തിൽ കുട്ടികൾക്ക് സാധാരണ നിലയിലുള്ള ക്ലാസ് മുറി പഠനം സാധ്യമായില്ല. വിക്ടേഴ്സ് മുഖേനയുള്ള ഡിജിറ്റൽ ക്ലാസ്സുകളും അവയ്ക്ക് അനുബന്ധമായി അദ്ധ്യാപകർ നൽകിയ പിന്തുണയുമാണ് പഠനത്തെ മുന്നോട്ട നയിച്ചത്. ഡിജിറ്റൽ ക്ലാസുകൾ കണ്ട് കുറിപ്പുകൾ തയ്യാറാക്കിയും അദ്ധ്യാപകർ നൽകുന്ന അസൈൻമെന്റുകൾ പൂർത്തിയാക്കിയും ഒരു പരിധിവരെ പഠനപ്രതിസന്ധിയെ അതിജീവിക്കാൻ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. കുട്ടികളുടെ അഭിരുചികൾ വ്യത്യസ്തമായതിനാൽ ഒരു പാഠഭാഗവും ഒഴിവാക്കേണ്ടതില്ല എന്ന ശാസ്ത്രീയ സമീപനമാണ് കേരളം സ്വീകരിച്ചത്. പൊതുപരീക്ഷയെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കുന്നതിന് കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾ (ഫോക്കസ്ഏരിയ) മുൻകൂട്ടി തയ്യാറാക്കി നൽകുകയുണ്ടായി. ജനുവരി മുതൽ സ്കൂളുകളിൽ ഈ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി റിവിഷനും സംശയ നിവാരണത്തിനും ആവശ്യമായ ക്ലാസ്സുകളും നൽകി. ഇതൊക്കെ കുട്ടികൾക്ക് ആയാസരഹിതമായി പൊതുപരീക്ഷ എഴുതുന്നതിനു സഹായകരമായി. കൊവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് എസ്.എസ്.എൽ.സി., ഹയർസെക്കന്ററി പൊതുപരീക്ഷകൾ പൂർണ്ണമായി നടത്താൻ കഴിഞ്ഞുവെന്നതിൽ കേരളത്തിന് അഭിമാനിക്കാം.

പഠനോത്സവങ്ങൾ

പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മികവ് പൊതുസമൂഹവുമായി പങ്കുവയ്ക്കുന്നതിനു ആവിഷ്കരിച്ച പരിപാടിയാണിത്. പൊതുവിദ്യാഭ്യാസ രംഗത്തു നടാടെയാണ് കുട്ടികൾക്ക് ഇത്തരത്തിൽ പൊതു ഇടങ്ങളിൽ തങ്ങളുടെ അറിവും സർഗ്ഗാത്മകതയും പ്രകടിപ്പിക്കുന്നതിനുള്ള അവസരം ലഭ്യമായത്. ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും സാമൂഹ്യശാസ്ത്രത്തിലും ഒക്കെ കുട്ടികൾ



(അവലംബം : നീതി ആയോഗ് വെബ്സൈറ്റ്)

നേടിയ അറിവ് വിവിധ പ്രവർത്തനങ്ങളിലൂടെ പൊതുജനസമക്ഷം അവതരിപ്പിച്ചത് കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കും ഏറെ ആവേശകരമായ അനുഭവമായിരുന്നു. എന്റെ കുട്ടിയേയും ഈ സ്കൂളിൽ തന്നെ ചേർത്ത് പഠിപ്പിക്കണം എന്ന് അഭിപ്രായപ്പെട്ട നിരവധി രക്ഷകർത്താക്കൾ പഠനോത്സവങ്ങളിലെ വേറിട്ട കാഴ്ചയായി. പൊതുവിദ്യാലയങ്ങളിൽ നടക്കുന്ന മികവാർന്ന അക്കാദമിക പ്രവർത്തനങ്ങളുടെ ഒരു സോഷ്യൽ ഓഡിറ്റിങ്ങും പങ്കുവയ്ക്കലുമായി പഠനോത്സങ്ങൾ മാറിയ കാഴ്ചയാണ് കണ്ടത്.

പഠന പരിപോഷണ പരിപാടികൾ

ഗണിതത്തിൽ മിടുക്കരായ കുട്ടികളെ കണ്ടെത്തി അവർക്കു നിരന്തരം പരിശീലനവും പ്രോത്സാഹനവും നൽകുന്ന പദ്ധതിയാണ് ന്യൂമാറ്റ്സ് (NuMATS- Nurturing Mathematical Talents in Schools). സാമൂഹ്യശാസ്ത്രത്തിലുള്ള മികവ് പരിപോഷിപ്പിക്കുന്നതിനുള്ള കൈത്താങ്ങാണ് സ്റ്റെപ്സ് (STEPS - Students' Talent Enrichment Programme in Social Science). കൂടാതെ മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിത വിജയം, റെലിഷ് ഇംഗ്ലീഷ് തുടങ്ങിയ മാതൃകാ പരിപാടികളും പൊതുവിദ്യാഭ്യാസ വകുപ്പ് ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

ഉച്ചഭക്ഷണം

പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിന് അതീവ ശ്രദ്ധയാണ് ഇക്കാലയളവിൽ ഉണ്ടായത്. ഭൂരിഭാഗം സ്കൂളുകളും അടുക്കളത്തോട്ടത്തിൽ നിന്നുള്ള പച്ചക്കറികളാണ് ഉപയോഗിച്ചത് എന്നത് ഈ ഉദ്യമത്തെ കൂടുതൽ മഹത്തരമാക്കി. പലയിടത്തും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അദ്ധ്യാപക രക്ഷകർത്തൃ സമിതിയുടെയും ആഭിമുഖ്യത്തിൽ സുഭിക്ഷമായ പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള ക്രമീകരണവും ഒരുക്കിയിട്ടുണ്ട്. ഒരു കുട്ടിയും വിശന്നുകൊണ്ട് പഠിക്കേണ്ട സാഹചര്യം പൊതുവിദ്യാലയങ്ങളിൽ ഇല്ലായിരുന്നുവെന്നത് അഭിമാനകരമാണ്.

ദേശീയ അംഗീകാരം

വിദ്യാഭ്യാസരംഗത്തെ പ്രവർത്തന മികവിനുള്ള പല ദേശീയ അംഗീകാരങ്ങളും ഇക്കാലത്തു കേരളത്തിന് ലഭിക്കുകയുണ്ടായി. നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ (SEQI-School Education Quality Index) കേരളം ഒന്നാം സ്ഥാനത്താണ്. പഠനനേട്ടങ്ങൾ, പ്രാപ്യത, തുല്യത, ഭൗതിക സാഹചര്യവികസനം, ഭരണമികവ് എന്നീ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വിലയിരുത്തലിൽ ആദ്യ സ്ഥാനത്തുള്ള സംസ്ഥാനങ്ങളുടെ നിലവാരത്തെ സൂചിപ്പിക്കുന്ന ബാർ ഡയഗ്രം മുകളിൽ ചേർക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, പൊതുവിദ്യാഭ്യാസ രംഗത്തിന്റെ സമഗ്രവികസനത്തിനും പുരോഗതിക്കും ആവശ്യമായ ശാസ്ത്രീയ അടിത്തറ ഒരുക്കുന്നതിനുള്ള നിർണായക ഇടപെടലുകളാണ് കഴിഞ്ഞ അഞ്ചു വർഷക്കാലം പൊതുവിദ്യാഭ്യാസവകുപ്പ് നടത്തിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകളും എടുത്തു പറയേണ്ടതുണ്ട്. മഹത്തായ ഈ പ്രവർത്തനങ്ങളുടെ തുടർച്ചയും വളർച്ചയും ഉറപ്പാക്കേണ്ടത് പൊതുസമൂഹത്തെ സ്നേഹിക്കുന്ന ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്. ഓരോ കുട്ടിയുടെയും അഭിരുചിയും താത്പര്യവും സർഗാത്മകതയും തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുന്നതിന് അനുയോജ്യമായ കൂടുതൽ മികവാർന്ന അക്കാദമിക അന്തരീക്ഷം ഒരുക്കി, സാമൂഹിക പ്രതിബദ്ധതയും മാനവികതയും കൈമുതലായ ഭാവിതലമുറയെ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ നമുക്ക് ഒന്നായി അണിചേരാം. ☐

ലേഖകൻ എസ്.സി.ഇ.ആർ.ടി., കേരള യിൽ റിസർച്ച് ആഫീസറാണ്.

ഈസ് ഓഫ് ലിവിംഗ് സർവ്വേയും കേരളവും

■ ഹുസൈൻ എം. മിന്നത്ത്

ലോക ജനസംഖ്യയിൽ 1.3 ബില്യൻ ജനങ്ങൾ വസിക്കുന്ന ഇന്ത്യയിൽ നഗരവൽക്കരണം ദ്രുതഗതിയിൽ നടക്കുന്നുണ്ടെങ്കിലും ഇപ്പോഴും ഗ്രാമീണാധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥ തന്നെയാണ് നമ്മുടേത്. സെൻസസ് കണക്കുകൾ പ്രകാരം രാജ്യത്തെ 65% ജനങ്ങളും ഗ്രാമീണരാണ്. കൂടാതെ പ്രാഥമിക മേഖലയുടെ 75% ഉം നിർമ്മാണ മേഖലയുടെ പകുതിയും സേവന മേഖലയുടെ മൂന്നിലൊന്നും ഗ്രാമീണ മേഖലയുടെ ഭാഗവുമാണ്. ഗ്രാമീണ മേഖലയുടെ വികസനത്തിലൂടെ മാത്രമേ രാജ്യവികസനം സാധ്യമാകൂ എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് സ്വാതന്ത്ര്യാനന്തരം മുതൽ രാജ്യ വികസന അജണ്ടകൾക്ക് ഭരണകർത്താക്കൾ രൂപം നൽകി പോരുന്നത്. അതുകൊണ്ട് ഗ്രാമീണ മേഖലയുടെ വികസനത്തിന് ചില ലക്ഷ്യാധിഷ്ഠിതമായ ഇടപെടലുകൾ ആവശ്യമാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകളുടെ പദ്ധതികളിൽ ബഹുതല സംയോജനവും ഏകോപനവും പരസ്പര പങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ടുള്ള ഒരു സമ്പൂർണ്ണ ഗ്രാമീണ പരിവർത്തനം തന്നെയാണ് കേന്ദ്ര സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഇതെല്ലാം മുന്നിൽ കണ്ട് കൊണ്ടാണ് ദേശീയ തലത്തിൽ പല പരിപാടികൾക്കും പദ്ധതികൾക്കും രൂപം നൽകുന്നത്. ദേശീയ വികസന അജണ്ട പ്രകാരം 2022 ൽ നവഭാരതം (New India @ 2022) കേന്ദ്ര സർക്കാർ ലക്ഷ്യം വയ്ക്കുമ്പോൾ അതിനായി ഗ്രാമീണ മേഖലയുടെ സമഗ്രവികസനമാണ് സാധ്യമാക്കേണ്ടത് എന്ന തിരിച്ചറിവാണ് ഇതുമായി ബന്ധപ്പെട്ട EoLഅടക്കമുള്ള പ്രവർത്തനങ്ങളിൽ നമുക്ക് കാണാൻ സാധിക്കുന്നത്.

EoL സർവ്വേ പശ്ചാത്തലം

സാമൂഹ്യ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ രാജ്യത്തെ എല്ലാ കുടുംബങ്ങളെയും റാങ്ക് ചെയ്യുക എന്ന ലക്ഷ്യത്തോടെ ഭാരതസർക്കാർ 2011 ൽ നടത്തിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC - 2011) പ്രകാരം രാജ്യത്ത് 8.8 കോടി കുടുംബങ്ങൾ ദാരിദ്ര്യത്തിന്റെ വിഷമാവസ്ഥയിൽ കഴിയുന്നതായിട്ടാണ് കാണിക്കുന്നത്. ദാരിദ്ര്യത്തിന് വിശാലവും പരിവർത്തനാത്മകവുമായ നിർവ്വചനം നൽകുന്ന എന്നതിനാൽ തന്നെ SECC സെൻസസിന് വലിയ പ്രാധാന്യം ഉണ്ട്. ഏഴ് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് SECC ഇല്ലായ്മയുടെ സൂചിക (Deprivation index) നിർണ്ണയിച്ചിരിക്കുന്നത്. അതുപോലെ തന്നെ മനുഷ്യ ദാരിദ്ര്യത്തിനും (Human Poverty) വരുമാന ദാരിദ്ര്യത്തിനും (Income Poverty) വ്യത്യസ്തമായ തലങ്ങളാണ് ഉള്ളതെന്നും കാണാൻ സാധിക്കും. സമൂഹത്തിൽ ജീവിക്കുവാൻ ആവശ്യമായ തിരഞ്ഞെടുപ്പുകളുടെയും അവസരങ്ങളുടെയും നിഷേധത്തെയാണ് മനുഷ്യ ദാരിദ്ര്യം കൊണ്ട് ഐക്യരാഷ്ട്രസഭ നിർവ്വചിക്കുന്നത്. ഇത് ഇല്ലാതാക്കാനായി ഏറ്റവുമൊടുവിൽ കേന്ദ്രസർക്കാർ കേരളത്തിലെ ജനകീയാസൂത്രണ മാതൃകയിൽ രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളിലും 'People Plan Campain (PPC)' എന്ന പേരിൽ ഒരു ക്യാംപയനിന് 2017ൽ ആരംഭം കുറിക്കുകയും ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) എന്ന പേരിൽ ഈ പരിപാടി രാജ്യത്തെ മുഴുവൻ പഞ്ചായത്തുകളിലും ആരംഭിക്കുകയും ചെയ്യുകയുണ്ടായി. GPDP യുടെ ഭാഗമായി വിവിധ വികസന പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾ രൂപം നൽകുമ്പോൾ വികസന വിടവുകൾ (Development Gap) കണ്ടെത്തി അവ ദൂരീകരിക്കുന്നതിനുള്ള പദ്ധതികൾ വേണം ഏറ്റെടുക്കാൻ. ഇതിനുള്ള പ്രഥമ ചവിട്ട് പടിയായി മിഷൻ അന്ത്യോദയ സർവ്വേ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടത്തുകയുമുണ്ടായി. ഗ്രാമീണ വികസനത്തിന്റെ കേന്ദ്ര ബിന്ദുക്കളായി പഞ്ചായത്തുകളെ മാറ്റുക വഴി സംയോജനവും ഉത്തരവാദിത്തവും ഉള്ള ഒരു വികസന ചട്ടക്കൂട് സൃഷ്ടിക്കാനും ലക്ഷ്യമിട്ടു ന്നു. ഭരണഘടനയുടെ 11-ാം പട്ടികയിൽ പ്രാദേശിക സർക്കാരുകൾക്ക് അധികാര കൈമാറ്റം നൽകിയിട്ടുള്ള 29 വിഷയങ്ങളുടെ പരിധിയിൽ വരുന്ന വിവിധ മന്ത്രാലയങ്ങൾ വഴി ലഭിക്കുന്ന ധന സ്രോതസുകളുടെയും,

സംസ്ഥാന, പ്രാദേശിക സർക്കാരുകളുടെ താഴെ തട്ടിലുള്ള ഏകത്ര കേന്ദ്രീകരണവും GPDP യിലൂടെ കേന്ദ്രസർക്കാർ ലക്ഷ്യം വയ്ക്കുന്നുണ്ട്. ഭൂമിശാസ്ത്രപരമായ ദാരിദ്ര്യം (Poverty of Geography) ഇത്തരം ഇടപെടലുകൾ വഴി ഇല്ലായ്മ ചെയ്യാൻ സാധിക്കുമെന്നും കേന്ദ്രസർക്കാർ വിശ്വസിക്കുന്നു. വിവിധ മന്ത്രാലയങ്ങൾ വഴി പ്രതിവർഷം ശരാശരി 4 ലക്ഷം കോടി രൂപയോളം ഗ്രാമീണ മേഖലയുടെ ഉന്നമനത്തിനും വികസനത്തിനുമായി രാജ്യത്ത് വിനിയോഗിക്കുന്നുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. SECC സർവ്വേയ്ക്ക് ശേഷം കുടുംബങ്ങളിലെ ദാരിദ്ര്യം (Poverty of Households) ഇല്ലായ്മ ചെയ്യാൻ വേണ്ടി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം PMAY, MGNREGS, NRLM, PMGSY തുടങ്ങി വിവിധ ഗ്രാമീണ പദ്ധതികൾക്ക് കൂടുതൽ വിഹിതം വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അതായത് മേൽ പദ്ധതികൾക്കായി 2012-13 ൽ 50,162.00 കോടി രൂപയിൽ നിന്നും 2018-19-ൽ അത് 1,12,403.92 കോടി രൂപയിലേക്ക് ചെലവ് വർദ്ധിപ്പിക്കുകയുണ്ടായി. 14-ാം കേന്ദ്ര ധനകാര്യകമ്മീഷൻ (2015-20) ഗ്രാമീണ മേഖലയ്ക്ക് വകയിരുത്തിയ വിഹിതത്തിലും വലിയ വർദ്ധനവ് വരുത്തിയതായി കാണാൻ സാധിക്കും. വിവിധ ഫ്ലാഗ് ഷിപ്പ് പ്രോഗ്രാമുകൾ, പദ്ധതികൾ എന്നിവ വഴി ഗ്രാമീണമേഖലയിൽ നടത്തിയ ഇടപെടലുകൾ വഴി ഇല്ലായ്മയുടെ സൂചികയുടെ തോതിൽ ഉണ്ടായ മാറ്റങ്ങൾ വിലയിരുത്തപ്പെടുക എന്നതാണ് ഈസ് ഓഫ് ലിവിംഗ് (EoL) സർവ്വേയിലൂടെ കേന്ദ്ര സർക്കാർ കൃത്യമായി ലക്ഷ്യം വയ്ക്കുന്നത്.

ഈസ് ഓഫ് ലിവിംഗ് – ഘടകങ്ങൾ

കഴിഞ്ഞ 5 വർഷക്കാലയളവിൽ രാജ്യത്തെ ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ കേന്ദ്രസർക്കാർ ധാരാളം തുക ചെലവഴിക്കുകയും ഇതിനായി ജനങ്ങളുടെ ആവശ്യകതാധിഷ്ഠിതമായ ആസൂത്രണം നടത്തുകയും സാമൂഹിക മൂലധന നിക്ഷേപം നടത്തുകയും, കാർഷിക, കാർഷികേതര മേഖലകളിൽ ഉപജീവന അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഗ്രാമീണ ജനജീവിത നിലവാരം ഉയർത്തുന്നതിൽ വളരെയധികം സഹായിച്ചിട്ടുണ്ട്. ബഹുമുഖ ദാരിദ്ര്യത്താൽ വലയുന്ന ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിനുതകുന്ന ഒരു ഗ്രാമീണ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിലൂടെ ഗ്രാമീണ ദരിദ്രരുടെ ജീവിതത്തെയും ജീവനോപാധികളെയും പരിവർത്തനം ചെയ്യുന്നതിനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. മെച്ചപ്പെട്ട ഭരണ, ധനകാര്യ, മാനേജ്മെന്റ് പരിഷ്കാരങ്ങൾ എന്നിവയ്ക്കൊപ്പം വിശ്വസനീയമായ പബ്ലിക് സർവ്വീസ് ഡെലിവറി സംവിധാനം ഉറപ്പാക്കുന്നതും

മാന്യമായ ജീവിതത്തിന് അനിവാര്യമാണ്. ഈസ് ഓഫ് ലിവിങ്ങിന്റെ പ്രധാന ഘടകങ്ങളായി കണക്കാക്കുന്നത് പാർപ്പിടം, ശുചിത്വം, വൈദ്യുതി, ഊർജ്ജലഭ്യത, എൽപിജി കണക്ഷൻ, ആരോഗ്യ ഇൻഷ്വറൻസ്, ദുർബല വിഭാഗങ്ങൾക്ക് പെൻഷൻ, വിദ്യാഭ്യാസം, ഭക്ഷ്യ സുരക്ഷ, പൂരക പോഷകാഹാരം എന്നിവയാണ്.

സർവ്വേ രീതിശാസ്ത്രം

SECC - 2011 പ്രകാരം രാജ്യത്തെ 2.65 ലക്ഷം ഗ്രാമപഞ്ചായത്തുകളിൽ വസിക്കുന്ന 17.97 കോടി ഗ്രാമീണ കുടുംബങ്ങളിൽ ദാരിദ്ര്യത്തിന്റെ വിഷമാവസ്ഥയിൽ കഴിയുന്ന 8.87 കോടി കുടുംബങ്ങളെയാണ് സർവ്വേ ചെയ്യേണ്ടത്. ഇതിനായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷനും 16 പരാമീറ്ററുകളിലായി 36 ചോദ്യങ്ങൾ ഉൾപ്പെട്ട ചോദ്യാവലിയും ഗ്രാമവികസന മന്ത്രാലയം രൂപകൽപന ചെയ്തിട്ടുണ്ട്. EoL സർവ്വേയുടെ പരാമീറ്ററുകൾ താഴെ പറയുന്നവയാണ്.

1. എൽപിജി ഗ്യാസ് കണക്ഷൻ
2. ഉജ്ജ്വല വഴി LED ബൾബുകൾ
3. ജൻ ധൻ ബാങ്ക് അക്കൗണ്ട്
4. ലൈഫ് ഇൻഷ്വറൻസ്
5. അപകട ഇൻഷ്വറൻസ് പരിരക്ഷ
6. രോഗപ്രതിരോധം
7. പൂരക പോഷകാഹാരം, പ്രീ സ്കൂൾ
8. SHG മെമ്പർഷിപ്പ്
9. വീടുകളുടെ തരം
10. ആരോഗ്യ ഇൻഷ്വറൻസ്
11. വൃദ്ധർ, വികലാംഗർ, വിധവകൾക്കുള്ള പെൻഷൻ സ്കീം
12. MGNREGS പ്രവൃത്തികൾ
13. ശുചിത്വം
14. നൈപുണ്യ പരിശീലനം
15. മൊബൈൽ കണക്ടിവിറ്റി
16. ഭക്ഷ്യ സബ്സിഡി സ്കീം

●●●

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ 45 ലക്ഷത്തോളം സ്ത്രീകളുടെ പങ്കാളിത്തം ഉള്ള കുടുംബശ്രീയുടെ പ്രവർത്തനങ്ങളും സംസ്ഥാനത്തെ ദരിദ്രരുടെ എണ്ണത്തിൽ വലിയ കുറവ് വരുത്തിയിട്ടുണ്ട്. ഡോ. രംഗരാജൻ കമ്മറ്റി റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ഗ്രാമീണരിൽ 30.9% ദരിദ്രർ ആവുമ്പോൾ കേരളത്തിൽ അത് 7.3% മാത്രമാണ്.

●●●

സുസ്ഥിര വികസന ലക്ഷ്യങ്ങളും (SDG) ഈസ് ഓഫ് ലിവിംഗ് സർവ്വേയും

2030 ഓട് കൂടി ഏവരുടെയും വികസനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസഭ സുസ്ഥിര വികസനലക്ഷ്യങ്ങൾക്ക് 2015 ൽ രൂപം നൽകുകയുണ്ടായത്. 17 ലക്ഷ്യങ്ങളിലായി 169 ടാർജെറ്റുകളും 200 സൂചകങ്ങളുമാണ് SDG ക്ക് ഉള്ളത്. ഭരണം, ഭൂമി, ജലം, മണ്ണ്, ആരോഗ്യം, അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹ്യ തുല്യത, സാമൂഹ്യ സുരക്ഷ, പരിസ്ഥിതി എന്നിവയുൾപ്പെടെയുള്ള പരസ്പരബന്ധിതമായ വിഷയങ്ങൾ ദാരിദ്ര്യത്തിന്റെ വിവിധ തലങ്ങളെ അഭിസംബോധന ചെയ്യുകയും ജനകേന്ദ്രീകൃതമായ ഒരു വികസന സമീപനവുമാണ് സുസ്ഥിര വികസന ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്. കൃത്യമായി നിരീക്ഷിച്ചാൽ SDG മുന്നോട്ട് വയ്ക്കുന്ന 17 ലക്ഷ്യങ്ങളിൽ താഴെ പറയുന്നവയിൽ ഈസ് ഓഫ് ലിവിങ്ങുമായുള്ള പരസ്പര ബന്ധം നമുക്ക് ദർശിക്കാൻ സാധിക്കും.

1) ദാരിദ്ര്യ നിർമ്മാർജ്ജനം 2) വിശപ്പില്ലാത്ത അവസ്ഥയും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കലും 3) എല്ലാ പ്രായത്തിലുമുള്ളവരുടെയും ക്ഷേമവും ആരോഗ്യ ജീവിതവും 4) ഗുണനിലവാരമുള്ള വിദ്യാഭ്യാസം 5) ലിംഗസമത്വം 6) ശുദ്ധമായ ജലവും ശുചിത്വവും ഉറപ്പാക്കൽ 7) സുസ്ഥിര ഊർജ്ജത്തിന്റെ പ്രാപ്യത ഉറപ്പാക്കുക 8)

മാന്യമായ ജോലിയും സാമ്പത്തിക വളർച്ചയും ഉറപ്പാക്കുക 9) അടിസ്ഥാന സൗകര്യങ്ങളുടെ വികസനം 10) അസമത്വം കുറയ്ക്കുക 11) സുസ്ഥിര നഗരങ്ങളും കമ്യൂണിറ്റികളും.

EoL സർവ്വേയുടെ കാണാപ്പുറങ്ങൾ

സംസ്ഥാനത്ത് EoL സർവ്വേ പ്രവർത്തനങ്ങൾ 2020 ൽ ആരംഭിച്ചുകഴിഞ്ഞു. 2022 ഓട് കൂടി നവഭാരത സൃഷ്ടിക്കായി (New India @ 2022) കേന്ദ്രസർക്കാർ ലക്ഷ്യം വയ്ക്കുമ്പോൾ ഗ്രാമീണ മേഖലയുടെ സമഗ്ര വികസനം സാധ്യമാക്കുന്നതിനുള്ള മുന്നോടിയാണ് EoLസർവ്വേ. സർവ്വേ വഴി ലഭ്യമാകുന്ന ഇല്ലായ്മയുടെ സൂചികയുടെ (Deprivation Index) തോതിനനുസരിച്ച് കേന്ദ്രസർക്കാർ വികസനത്തിന്റെ ദിശയിലും ഫണ്ടുകളുടെ വിനിയോഗത്തിലും കൃത്യമായി ചില ഇടപെടലുകൾ നടത്താനുദ്ദേശിക്കുന്നുണ്ട്. 2011 ലെ SECC സർവ്വേ പ്രകാരം സംസ്ഥാനത്തെ 76.99 ലക്ഷം കുടുംബങ്ങളിൽ 63.19 ലക്ഷം കുടുംബങ്ങളും (82%) ഗ്രാമീണ മേഖലയിൽ അധിവസിക്കുന്നവർ ആയിരുന്നു. ഇതിൽ 10.32% പട്ടികജാതി കുടുംബങ്ങളും 1.63% പട്ടികവർഗ്ഗ കുടുംബങ്ങളുമായിരുന്നു. കേരളത്തിലെ ഗ്രാമീണ കുടുംബങ്ങളിൽ 19.16 ലക്ഷം അതായത് 30.33% പേരും ദാരിദ്ര്യ ദുരിതം അനുഭവിക്കുന്നവരുമായിരുന്നു. എന്നാൽ തുടർന്നങ്ങോട്ട് ജനകീയാസൂത്രണത്തിലൂടെ സംസ്ഥാനം നടത്തിയ ഇടപെടലുകൾ വഴി ഇല്ലായ്മയുടെ തോത് കുറയ്ക്കുവാനായി. ജീവനോപാധി മെച്ചപ്പെടുത്തൽ, തൊഴിലില്ലായ്മക്ക് പരിഹാരം, വിദ്യ്യാസം, ആരോഗ്യം, വനിതാ ശാക്തീകരണം, പട്ടികജാതി വർഗ്ഗ വികസനം, വയോജന,യുവജന, ശിശുക്ഷേമം, കുടിവെള്ളം, പാർപ്പിടം, ശുചിത്വം, അടിസ്ഥാന വികസനം, കാർഷിക ഉത്പാദന, വ്യവസായ, സേവന മേഖല വികസനം തുടങ്ങി ഒട്ടു മിക്ക മേഖലകളിലും പ്രാദേശിക സർക്കാരുകൾ ഇടപെടലുകൾ നടത്തുകയും, കൂടാതെ സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ 45 ലക്ഷത്തോളം സ്ത്രീകളുടെ പങ്കാളിത്തം ഉള്ള കുടുംബശ്രീയുടെ പ്രവർത്തനങ്ങളും സംസ്ഥാനത്തെ ദരിദ്രരുടെ എണ്ണത്തിൽ വലിയ കുറവ് വരുത്തിയിട്ടുണ്ട്. ഡോ. രംഗരാജൻ കമ്മറ്റി റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ഗ്രാമീണരിൽ 30.9% ദരിദ്രർ ആവുമ്പോൾ കേരളത്തിൽ അത് 7.3% മാത്രമാണ്. EoL സാധ്യമാക്കുന്നത് പോലെ സംസ്ഥാനത്തെ വിവിധ തലത്തിലെ പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ എല്ലാം തന്നെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഫലപ്രദമായി വിന്യസിപ്പിച്ച് കൊണ്ടുള്ള വികസനമാണ് നടക്കുന്നതെന്നും കാണാം. SDG യിലേക്കുള്ള കാൽവയ്പിൽ രാജ്യത്തെ വിവിധ സംസ്ഥാനങ്ങൾ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ 2018ലെ SDG India Index പ്രകാരം കേരളം രാജ്യത്തെ പ്രഥമ റാങ്കിൽ നിൽക്കുന്നു എന്നതും ഇതോടൊപ്പം കൂട്ടി വായിക്കേണ്ടതാണ്.

EoL സർവ്വേയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിലെ വിവിധ ഗ്രാമീണ പദ്ധതികളിൽ കേന്ദ്രസർക്കാർ ആവശ്യാനുസരണം തങ്ങളുടെ ഇടപെടൽ ശക്തിപ്പെടുത്തുന്നതിനും ബജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിനുമുള്ള ഒരു വികസന സമീപനം സ്വീകരിച്ചാൽ അത് കേരളത്തെ പ്രതികൂലമായിട്ടായിരിക്കും ബാധിക്കുക. എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. സംസ്ഥാനം കൈക്കൊണ്ടിട്ടുള്ള സാമൂഹികവും സാമ്പത്തികവുമായുള്ള വികസന കാഴ്ചപ്പാടുകളും അതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിൽ സ്വീകരിച്ച് പോരുന്ന നടപടികളും ശ്രദ്ധേയമാണ്. എന്നാൽ അടുത്തിടെ കേന്ദ്രസർക്കാർ കൈക്കൊണ്ടിട്ടുള്ള പല നയങ്ങളും സംസ്ഥാനത്തിന് ലഭിക്കുന്ന വിഭവങ്ങൾ മതിയായ രീതിയിൽ വിനിയോഗിക്കുന്നതിന് സാധിക്കാത്ത അവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. PMAY, MGNREGS, NRLM, PMGSY തുടങ്ങിയ ഗ്രാമീണ കേന്ദ്ര സഹായ പദ്ധതികളുടെ കേന്ദ്ര വിഹിതത്തിൽ വരും വർഷങ്ങളിൽ കുറവുണ്ടാകുമോ എന്നതും ആശങ്ക ഉയർത്തുന്നു. വികസനത്തിന്റെ ദിശ കേന്ദ്രം നിശ്ചയിക്കുന്ന രീതിയിൽ ചിട്ടപ്പെടുത്താനുള്ള കേന്ദ്രീകൃതമായ ചില ഇടപെടലുകളായും ഇതിനെ പല കോണിൽ നിന്നും വിവക്ഷിക്കുമ്പോൾ ഫെഡറൽ സംവിധാനത്തിന്റെ പ്രസക്തിയെയും ആശങ്കയോടെയാണ് പലരും നോക്കിക്കാണുന്നത്. ഗ്രാമീണ ജനജീവിതം മെച്ചപ്പെടുത്തുന്നതിൽ കേന്ദ്ര പദ്ധതികൾക്കപ്പുറം സംസ്ഥാനം നടത്തിയ വികേന്ദ്രീകൃതമായ ഇടപെടലുകളൊന്നും ചിലപ്പോൾ അന്തിമ സർവ്വേ റിപ്പോർട്ടിൽ പ്രതിഫലിച്ചെന്നും വരില്ല. ചുരുക്കത്തിൽ ലോക പരിവർത്തനത്തിനായി സുസ്ഥിര വികസന അജണ്ട - 2030 മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും 2022 ൽ ഒരു നവഭാരതം സൃഷ്ടിക്കുന്നതിനും ദാരിദ്ര്യത്തിന്റെ ബഹുമുഖ തലങ്ങളോട് പ്രതികരിക്കാനും ജീവന്റെയും ജീവനോപാധികളുടെയും പരിവർത്തനം സാധ്യമാക്കുന്നതിനുള്ള നൂതനമായ പരിപാടികളും പദ്ധതികളും തന്നെയാണ് രാജ്യത്തിനാവശ്യം. □

ലേഖകൻ ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറാണ്



സംസ്ഥാന ബഡ്ജറ്റ്
ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന

■ കലാം കല്ലമ്പലം

സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരുടെ വികസനത്തിനുവേണ്ടി തിരുവിതാംകൂറിൽ 1923 മുതൽ തന്നെ കോ ഓപ്പറേറ്റീവ് രജിസ്ട്രാരുടെ കീഴിൽ വികസന പ്രവർത്തനം ആരംഭിച്ചിരുന്നു. ആ കാലത്ത് ഭവനം, കുടിവെള്ളം എന്നിവയ്ക്കുള്ള സഹായങ്ങൾ ആയിരുന്നു രാജഭരണത്തിന്റെ തണലിൽ ചെയ്തുവന്നിരുന്നത്. ഈ സംവിധാനം മെല്ലെ വികസിച്ചു. 1950 ആയപ്പോഴേക്കും 'പിന്നോക്ക സമുദായങ്ങളുടെ ഉന്നമനത്തിന് വേണ്ടിയുള്ള കമ്മീഷൻ' എന്ന് ആകുകയും ചെയ്തു. പിന്നീട് 1975 ൽ പാലക്കാട് ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന ഹരിജൻ ക്ഷേമവകുപ്പ് വിഭജിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ചു. ഹരിജൻ വെൽഫെയർ വകുപ്പിൽ നിന്നും മറ്റു പിന്നോക്ക, ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപംകൊണ്ടു. വിവിധ വകുപ്പുകളും ഏജൻസികളും ചേർന്ന് നിരവധി പ്രവർത്തനങ്ങളിലൂടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ കാലങ്ങളായി ശ്രമിച്ചുവരികയാണ്. അതിന്റെ ഫലമായി ഈ സമൂഹങ്ങൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയുമാണ്.

എല്ലാ വർഷവും ബഡ്ജറ്റിൽ ഗവൺമെന്റ് വിവിധ പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതികൾ വിഭാവനം ചെയ്യുകയും പണം നീക്കിവയ്ക്കുകയും ചെയ്യാറുണ്ട്. 2021-22 വർഷത്തിലെ ബഡ്ജറ്റിലും അത് തുടർന്നുവരുന്നു. സർക്കാർ പരിഗണിച്ചിരിക്കുന്ന പിന്നോക്കക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി 2021-22 ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളും നീക്കിവെച്ചിരിക്കുന്ന പണവും വിശകലനം ചെയ്യുകയാണ് തുടർന്നുവരുന്ന ഭാഗങ്ങളിൽ.

ബഡ്ജറ്റിൽ പണം മാറ്റി വയ്ക്കുന്നതിനും ധനകാര്യ കമ്മീഷൻ അവാർഡ് നൽകുന്നതിനും എല്ലാം ജനസംഖ്യ ഒരു ഘടകമായി പരിഗണിക്കാറുണ്ട്. 2011-ലെ ജനസംഖ്യയിൽ നിന്നും 2021 എത്തിയപ്പോൾ എണ്ണത്തിൽ മാറ്റം വന്നിട്ടുണ്ടെങ്കിലും 2021-ലെ കണക്ക് പ്രസിദ്ധീകരിക്കാത്തതിനാൽ 2011-ലെ സെൻസസ് വിവരം തന്നെയാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്.

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ മൊത്തം ജനസംഖ്യ 3.34 കോടിയാണ് ഇതിൽ 9.1 % (30.9 ലക്ഷം) പട്ടികജാതിക്കാരും, 1.45 ശതമാനം (4.85 ലക്ഷം) പട്ടിക വർഗ്ഗക്കാരും ആണ്. 2021-22 ലെ ബഡ്ജറ്റിൽ മൊത്തം സംസ്ഥാന

വിഹിതമായ 27,88,700 ലക്ഷം രൂപയുടെ (തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയത് ഉൾപ്പെടെ) 9.77 % (2,72,354 ലക്ഷം രൂപ) പട്ടികജാതി വിഭാഗത്തിനും 2.3% (79,136 ലക്ഷംരൂപ) പട്ടികവർഗ്ഗ വിഭാഗത്തിനുമായി വകയിരുത്തിയിരിക്കുന്നു. കേരള സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് പ്രതീക്ഷിക്കുന്ന 9,43,291 ലക്ഷം രൂപയിൽ 4.12 % പട്ടികജാതിക്കാർക്കും 0.85 % പട്ടികവർഗക്കാർക്കും നീക്കിവയ്ക്കാൻ ഉദ്ദേശിക്കുന്നതായി കാണാവുന്നതാണ്. 2021-22 ൽ മൊത്തം സംസ്ഥാന ബഡ്ജറ്റിൽ (കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിക്കുന്ന വിഹിതം ഉൾപ്പെടെ) 8.34 % പട്ടികജാതി വിഭാഗത്തിന്റെയും 2.34% പട്ടികവർഗ്ഗ വിഭാഗത്തിന്റെയും ഉന്നമനത്തിനുള്ള പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നതായി കാണാവുന്നതാണ്. പിന്നോക്കാവസ്ഥ തിരിച്ചറിഞ്ഞ കാലം മുതൽ തന്നെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടെങ്കിലും വികസന ദൗത്യം പൂർത്തിയാക്കി ഗവൺമെന്റുകൾക്ക് പിൻവാങ്ങണമെങ്കിൽ മൊത്തം വകയിരുത്തലിന്റെ ശതമാനം ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഴി പദ്ധതി നടപ്പാക്കുന്നതിനായി മൊത്തം സംസ്ഥാന വിഹിതത്തിന്റെ 12.6 % (3,51,490 ലക്ഷം രൂപ) മാറ്റി വെച്ചിരിക്കുന്നത് മുൻ ഖണ്ഡികയിൽ നാം കണ്ടു. ഇതിന്റെ 60% (2,11,065 ലക്ഷം രൂപ) വകുപ്പുകൾ വഴി പദ്ധതി നടപ്പിലാക്കുന്നതിനും 40 % (14,025 ലക്ഷം രൂപ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി നടപ്പിലാക്കുന്നതിനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്.

വകുപ്പുകൾ വഴി പദ്ധതി നടപ്പിലാക്കുന്നതിനായി നീക്കിവച്ചിരിക്കുന്ന തുകയിൽ നിന്നും 1,50,239 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിവിധ കേന്ദ്ര സഹായ പദ്ധതികളുടെ സംസ്ഥാന വിഹിതം ഉൾപ്പെടെ ഈ തുകയ്ക്ക് 22 ഓളം പ്രധാന പദ്ധതികളും അവയിൽ നിരവധി ഉപപദ്ധതികളും ഉൾപ്പെടുത്തി പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നു. പട്ടികജാതി വികസന വകുപ്പ് വഴി 2021 -22 ൽ നടപ്പാക്കുന്നതിന് സർക്കാർ ഉദ്ദേശിച്ചിരിക്കുന്ന പദ്ധതികളിൽ 60 % വിദ്യാഭ്യാസം, ഭവനം, ഭൂമി എന്നിവക്കാണ് മാറ്റി വച്ചിരിക്കുന്നത്. ഇത് ഏകദേശം 91,000 ലക്ഷം രൂപ വരും.

> ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികളും വകുപ്പുകൾ പ്രാധാന്യം നൽകിയിരിക്കുന്ന പദ്ധതികളും പരിശോധിക്കുമ്പോൾ ഏറ്റവും അത്യാവശ്യമുള്ള ഭവന നിർമ്മാണവും ഭാവിയിലേക്ക് കൈത്താങ്ങാവേണ്ട വിദ്യാഭ്യാസത്തിനും പട്ടികജാതി മേഖലയിൽ വളരെ പ്രാധാന്യം നൽകിയിരിക്കുന്നതായി കാണാം. അതേസമയം ഭവനം, വിദ്യാഭ്യാസം എന്നിവയോടൊപ്പം സമഗ്ര വികസനത്തിനും പട്ടികവർഗ്ഗ മേഖലയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്.

ഇതിൽ തന്നെ ഏറ്റവും വലിയ വിഹിതം നീക്കിവച്ചിരിക്കുന്നത് ഭവനനിർമ്മാണത്തിന് മൊത്തം വിഹിതത്തിന്റെ 50,000 ലക്ഷം രൂപ (33%) [ലൈഫ്മിഷൻ ഭവന നിർമ്മാണത്തിന് 30,000 ലക്ഷം രൂപ (20 %), വകുപ്പ് വഴിയുള്ള ഭവനപദ്ധതി പൂർത്തിയാക്കുന്നതിന് 20,000 (13%) ലക്ഷം രൂപ] ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്നു. വീട് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിനായി 18,500 ലക്ഷം രൂപ (12 %) നീക്കിവച്ചിരിക്കുന്നു അതേസമയം വിദ്യാഭ്യാസവും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 6 പദ്ധതികൾ വഴി 33,750 ലക്ഷം രൂപ (22%) വകയിരുത്തിയിരിക്കുന്നത് കാണാം. ഇവകൂടാതെ വിവാഹ ധനസഹായം, അംബേദ്കർ ഗ്രാമവികസനം തുടങ്ങിയ പദ്ധതികളും വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്.

പട്ടികജാതി വർഗ്ഗ വികസന വകുപ്പ് വഴി നടപ്പാക്കുന്നതിനായി വകയിരുത്തിയ സംസ്ഥാന വിഹിതത്തിന്റെ 66 ശതമാനവും ഭവനനിർമ്മാണം, വിദ്യാഭ്യാസം, സമഗ്രവി

കസനം എന്നീ മേഖലകളിൽ ചെലവഴിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ലൈഫ് മിഷൻ വഴി ഭവന നിർമ്മാണം നടത്തുന്നതിന് 14,000 ലക്ഷം രൂപയും (23%) വകുപ്പ് വഴിയുള്ള ഭവന നിർമ്മാണ പദ്ധതി പൂർത്തീകരണത്തിന് 5720 ലക്ഷം രൂപയും (9.4 %) വിദ്യാഭ്യാസവും അനുബന്ധ പദ്ധതികൾക്കുമായി 10,164 ലക്ഷം രൂപയും (17 %) നീക്കിവച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി നടപ്പിലാക്കുന്നതിനായി മൊത്തം 7,28,000 ലക്ഷം രൂപ 2021 -22 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതിൽ 1,22,115 ലക്ഷം രൂപ എസ്. സി. പി. വിഹിതമായും 18,310 ലക്ഷം രൂപ ടി. എസ്.പി. വിഹിതമായും വകയിരുത്തിയിരിക്കുന്നു. തദ്ദേശസ്ഥാപനങ്ങളുടെ മൊത്തം വിഹിതത്തിന്റെ19 ശതമാനം പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ വികസനത്തിനായി ഉൾപ്പെടുത്തിയിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആകെ വിഹിതത്തിന്റെ 10 ശതമാനത്തോളവും ബ്ലോക്ക്, ജില്ല പഞ്ചായത്തുകളുടെ 3.25 ശതമാനം വീതവും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും വിഹിതത്തിന്റെ 1.8 ശതമാനം, 1.3 ശതമാനം എന്നിങ്ങനെ പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി നൽകിയിരിക്കുന്നു.

വകുപ്പുകളുടെ റവന്യൂ ചെലവിനായി ഉൾപ്പെടുത്തിയതിൽ പട്ടികജാതി മേഖലയ്ക്കായി 56,010 ലക്ഷം രൂപയും പട്ടികവർഗ്ഗ മേഖലയിലേക്കായി 5,716 ലക്ഷം രൂപയും കണക്കിൽപ്പെടുത്തിയതായി കാണാവുന്നതാണ്.

ചില കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പരിപാടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സംവിധാനം വഴി നടപ്പാക്കുന്ന പി.എം.എ.വൈ., എൻ. ആർ.എൽ.എം. എന്നിവയ്ക്കായി പട്ടികജാതി-പട്ടിക വർഗ്ഗ മേഖലക്ക് വേണ്ടി യഥാക്രമം 1,750 ലക്ഷം രൂപയും 10,832 ലക്ഷം രൂപയും (കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ചേർത്ത്) കണക്കാക്കിയിട്ടുണ്ട്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടപ്പിലാക്കുന്ന ദീൻ ദയാൽ അന്ത്യോദയ യോജന – ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിനും പട്ടിക വർഗ്ഗവിഭാഗത്തിനും യഥാക്രമം 937.5 ലക്ഷം രൂപ, 312.5 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി നടപ്പിലാക്കുന്നതിനായി മൊത്തം 7,28,000 ലക്ഷം രൂപ 2021 –22 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതിൽ 1,22,115 ലക്ഷം രൂപ എസ്. സി.പി. വിഹിതമായും 18,310 ലക്ഷം രൂപ ടി.എസ്.പി. വിഹിതമായും വകയിരുത്തിയിരിക്കുന്നു.

ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികളും വകുപ്പുകൾ പ്രാധാന്യം നൽകിയിരിക്കുന്ന പദ്ധതികളും പരിശോധിക്കുമ്പോൾ ഏറ്റവും അത്യാവശ്യമുള്ള ഭവന നിർമ്മാണവും ഭാവിയിലേക്ക് കൈത്താങ്ങാവേണ്ട വിദ്യാഭ്യാസത്തിനും പട്ടികജാതി മേഖലയിൽ വളരെ പ്രാധാന്യം നൽകിയിരിക്കുന്നതായി കാണാം. അതേസമയം ഭവനം, വിദ്യാഭ്യാസം എന്നിവയോടൊപ്പം സമഗ്ര വികസനത്തിനും പട്ടികവർഗ്ഗ മേഖലയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിലുള്ള പിന്നോക്കാവസ്ഥയ്ക്ക് നിദാനമായ കാരണങ്ങൾ ഒരു സൂര്യോദയം കൊണ്ട് ഇല്ലാതാക്കാൻ സാധിക്കില്ലെങ്കിലും വകുപ്പുകളും വിവിധ ഏജൻസികളും ആ ദിശയിലേക്കാണ് നീങ്ങുന്നത്.

കനവ് കാണുന്നൊരു സൂര്യോദയം
കാത്തിരിക്കുന്നൊരു സൂര്യോദയം
വന്നണയുമൊരു നാൾ
കരഗതമാകുമൊരു നാൾ

ലേഖകൻ പട്ടികവർഗ്ഗ വികസനവകുപ്പിൽ ചീഫ് പ്ലാനിംഗ് ഓഫീസറാണ്

സർക്കാർ നയങ്ങളും തദ്ദേശസ്ഥാപനങ്ങളും

■ ഡോ. പ്രതീപ് സി.

കേരള രാഷ്ട്രീയചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിച്ചുകൊണ്ട് വീണ്ടും അധികാരത്തിലേറിയ പിണറായി വിജയൻ മുഖ്യമന്ത്രിയായ സർക്കാരിന്റെ നയങ്ങളിൽ അർഹമായ സ്ഥാനമാണ് തദ്ദേശ സർക്കാരുകൾക്ക് നല്കിയിരിക്കുന്നത്. ഇതിനകം സംസ്ഥാന സർക്കാർ നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ മിഷനുകളുടെ പ്രവർത്തനത്തിനായാലും ഐക്യരാഷ്ട്ര സഭയുടെ രണ്ടായിരത്തി മുപ്പതോടെ നേടേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ നിർവ്വഹണത്തിന്റെ കാര്യത്തിലായാലും 25 വർഷത്തിനപ്പുറം വികസിത രാജ്യങ്ങളിലുള്ളതിനു സമാനമായ ജീവിത സാഹചര്യം കേരളത്തിൽ ഉണ്ടാക്കുവാനുള്ള ശ്രമത്തിന്റെ കാര്യത്തിലായാലും കേരളം ഇന്നു നേരിടുന്ന പ്രതിസന്ധിയായ കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ കാര്യത്തിലായാലും തദ്ദേശ സർക്കാരുകൾക്ക് സുപ്രധാനമായ സ്ഥാനമാണ് രണ്ടാം പിണറായി സർക്കാർ നല്കിയിരിക്കുന്നത്. ഇതോടെ തദ്ദേശസ്ഥാപനങ്ങളുടെ പ്രാധാന്യവും ഉത്തരവാദിത്തങ്ങളും പല മടങ്ങ് വർദ്ധിച്ചിരിക്കുകയാണ്. ഐക്യരാഷ്ട്രസഭയുടെയും ഗ്ലോബൽ ഗ്രീൻ ഗ്രോത്തിന്റെയും സഹകരണത്തോടെ നീതി ആയോഗ് തയ്യാറാക്കുന്ന സുസ്ഥിര വികസന ലക്ഷ്യ ഇൻഡക്സ് 2018 ലും 2019 ലും ഒന്നാം സ്ഥാനത്തുനിൽക്കുന്ന കേരളം മറ്റു സംസ്ഥാനങ്ങൾക്കും ലോകരാജ്യങ്ങൾക്കും മാതൃകയാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളേയും പുതിയ സർക്കാർ നയങ്ങളെയും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു വികസന തന്ത്രം നടപ്പിലാക്കിയാൽ കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കി മാറ്റുവാനും മുഖ്യമന്ത്രി ആഗ്രഹിക്കുന്നതുപോലെ 25 വർഷത്തിനപ്പുറം വികസിത രാജ്യങ്ങളിലുള്ളതിനു സമാനമായ ജീവിത സാഹചര്യം കേരളത്തിൽ സംജാതമാക്കുവാനും കഴിയും.

അതിദാരിദ്ര്യ ഉന്മൂലനം

അഞ്ചുവർഷംകൊണ്ട് അതിദാരിദ്ര്യം ഉന്മൂലനം ചെയ്യുമെന്നുള്ളതാണ് സുപ്രധാനമായ ഒരു നയം. ദാരിദ്ര്യ ലഘൂകരണത്തിനായി വിശദമായ സർവ്വേ നടത്താനും ക്ലേശഘടകങ്ങൾ നിർണ്ണയിക്കാനും അത് ലഘൂകരിക്കാനായുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനും തദ്ദേശ സെക്രട്ടറിമാരെ ചുമതലപ്പെടുത്താനുമാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇതിനോടൊപ്പം അഗതികളെയും ദാരിദ്ര്യത്തിൽ കഴിയുന്ന ഓരോ കുടുംബത്തെയും കണ്ടെത്തി പ്രാദേശികവും ഗാർഹികവുമായ പദ്ധതികളിലൂടെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടു വരുവാനും സർക്കാർ ലക്ഷ്യമിടുന്നു. 2030-ഓടെ ദാരിദ്ര്യം അതിന്റെ എല്ലാ രൂപങ്ങളിലും എല്ലായിടത്തും അവസാനിപ്പിക്കുക എന്നതും വിശപ്പ് ഇല്ലാതാക്കുകയെന്നുള്ളതും സുസ്ഥിര വികസന ലക്ഷ്യത്തിന്റെ ഒന്നാമത്തേതും രണ്ടാമത്തേതുമായ ലക്ഷ്യങ്ങളാണ്. നീതി ആയോഗിന്റെ കണക്കുകൾ പ്രകാരം കേരളത്തിലെ ദാരിദ്ര്യ വിടവ് അനുപാതം (Poverty Gap Ratio) ഗ്രാമപ്രദേശത്ത് 1.59 ഉം പട്ടണ പ്രദേശത്ത് 0.83 ഉം ആണ്. കേരളത്തിൽ

ആശ്രയ എന്ന പദ്ധതിയാണ് അങ്ങേയറ്റം ദരിദ്രരെ ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കാനായി നടപ്പിലാക്കി വരുന്നത്. ഇപ്പോൾ ആശ്രയ പദ്ധതിയിൽ 1.5 ലക്ഷം കുടുംബങ്ങളാണ് ഗുണഭോക്താക്കളായി ഉള്ളത്.അഞ്ചു ലക്ഷം കുടുംബങ്ങളെങ്കിലും സംസ്ഥാനത്ത് അങ്ങേയറ്റം ദരിദ്രമായി ഉണ്ടാകും. ഇവരെ സർവ്വേയിലൂടെ കണ്ടെത്താനാണ് നയത്തിൽ പറയുന്നത്. നയരേഖയിൽ പറയുന്നപോലെ ഏറ്റവും ദരിദ്ര കുടുംബങ്ങളെ പ്രത്യേകമെടുത്ത് ഓരോന്നിന്റെയും പ്രശ്നങ്ങളും ആവശ്യങ്ങളും പഠിച്ച് അവ പരിഹരിക്കുന്നതിന് ചെയ്യേണ്ടുന്ന കാര്യങ്ങളും അവയ്ക്ക് വേണ്ടിവരുന്ന ചെലവും രേഖയാക്കി മൈക്രോപ്ലാനിംഗ് തദ്ദേശസ്ഥാപനങ്ങൾ തയ്യാറാക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും വേണം.

കാർഷികോൽപ്പാദനം

ദാരിദ്ര്യം ഇല്ലാതാക്കുന്നതിനും വിശപ്പ രഹിത കേരളം സംജാതമാക്കുന്നതിനും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. കൂടാതെ സുസ്ഥിര വികസനം ലക്ഷ്യമായ 2030-ഓടെ എല്ലാത്തരം പട്ടിണിയും പോഷകാഹാരക്കുറവും അവസാനിപ്പിക്കുന്നതിനും ഭക്ഷ്യ സ്വയം പര്യാപ്തത അത്യന്താപേക്ഷിതമാണ്. രാജ്യത്തെ എല്ലാ വ്യക്തികൾക്കും പ്രത്യേകിച്ച് കുട്ടികൾക്ക് വർഷം മുഴുവനും മതിയായതും പോഷക സമൃദ്ധവുമായ ഭക്ഷണം ഉണ്ടെന്ന് ഉറപ്പാക്കുക, സുസ്ഥിര കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുക, ചെറുകിട കർഷകരെ പിന്തുണയ്ക്കുക, ഭൂമി, സാങ്കേതിക വിദ്യ, വിപണികൾ എന്നിവയാണ് വിശപ്പ് ഇല്ലാതാക്കുക എന്ന ലക്ഷ്യത്തിലൂടെ ആഗ്രഹിക്കുന്നത്. നയരേഖയിൽ കാർഷികമേഖലയിൽ ഉത്പാദനക്ഷമത, ലാഭസാധ്യത, സുസ്ഥിരത എന്ന മുദ്രാവാക്യം നടപ്പാക്കുമെന്ന് സൂചിപ്പിക്കുന്നുണ്ട്. അതിനായി ഓരോ വിളയുടെയും ഉത്പാദനം വർദ്ധിപ്പിക്കാൻ ലക്ഷ്യം നിശ്ചയിക്കുകയും അഞ്ചു വർഷം കൊണ്ട് നെല്ലിന്റെയും പച്ചക്കറിയുടെയും ഉത്പാദനം ഇരട്ടിപ്പിക്കുകയും ചെയ്യുന്നതാണെന്ന് നയരേഖ വ്യക്തമാക്കുന്നു. കൃഷി, ജലസേചനം വകുപ്പുകളുടെ ഇടപെടലുകളെ സഹകരണമേഖലയുമായും ഫാർമർ പ്രൊഡ്യൂസർ കമ്പനികളുമായും തദ്ദേശസ്ഥാപനങ്ങളുമായും സാമാന്വയിപ്പിക്കും. മൂല്യവർദ്ധനയിലും മാർക്കറ്റിങ്ങിലും ശ്രദ്ധ കേന്ദ്രീകരിക്കുകയും ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തുകയും നാളികേരത്തിന്റെയും സുഗന്ധവ്യഞ്ജനങ്ങളുടെയും സംസ്കരണത്തിന് വ്യവസായശാലകളുടെ ശ്രേണി സജ്ജമാക്കുകയും ചെയ്യുമെന്ന് നയ രേഖയിൽ വ്യക്തമാക്കുന്നുണ്ട്. 2025-ഓടെ പാലുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിടുന്നു. മാംസം, മുട്ട എന്നിവയുടെ ഉത്പാദനത്തിൽ കൈവരിക്കേണ്ട ലക്ഷ്യം നിശ്ചയിച്ച് മിഷൻ മോഡിൽ പ്രവർത്തിക്കും. നയരേഖയിൽ ലക്ഷ്യമിടുന്നവ പ്രാവർത്തികമാകണമെങ്കിൽ തദ്ദേശസ്ഥാപനങ്ങളുടെ ആത്മാർത്ഥമായ സഹകരണം അത്യന്താപേക്ഷിതമാണ്.

ആരോഗ്യസംരക്ഷണം

സാമൂഹികമേഖലകളിലെ, പ്രത്യേകിച്ചും ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം എന്നീ രംഗത്തുണ്ടായ നേട്ടങ്ങളെ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുമെന്ന് സമീപന രേഖയിൽ പറയുന്നുണ്ട്. കൊവിഡ് എന്ന മഹാമാരിയെ നിയന്ത്രിക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഇടപെടലുകൾ എത്രത്തോളം പ്രാധാന്യമർഹിക്കുന്നു എന്ന് എല്ലാവർക്കുമറിയാം. ആരോഗ്യമേഖലയിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ആരോഗ്യകരമായ ജീവിതം ഉറപ്പാക്കുകയും എല്ലാ പ്രായത്തിലുള്ളവർക്കും ആരോഗ്യസൗഖ്യം പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നുള്ളത് സുസ്ഥിരവികസന ലക്ഷ്യത്തിൽ ഉൾപ്പെടുന്നതാണ്. അതുകൊണ്ടുതന്നെ കേന്ദ്ര-സംസ്ഥാന സർക്കാർ ആരോഗ്യ പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങളുടെ ഇടപെടലുകൾക്ക് കരുത്തേകും. അതുപോലെ തദ്ദേശ സ്ഥാപനത്തിൽ താമസിക്കുന്നവരുടെ ആരോഗ്യ പരിപാലനത്തിൽ പങ്കാളികളാവുക, ആശുപത്രി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, പകർച്ച വ്യാധികൾക്ക് എതിരെ

അവബോധം ഉണ്ടാക്കുക, മയക്കു മരുന്നുകളുടെ ദുരുപയോഗം, ഹാനികരമായ മദ്യ ഉപയോഗം തുടങ്ങിയവ ഇല്ലാതാക്കുന്നതിനായി വിദ്യാർത്ഥികളിലും യുവാക്കളിലും പൊതുജനങ്ങളിലും ബോധവൽക്കരണം നടത്തുക, റോഡപകടങ്ങൾ വഴിയുള്ള മരണവും പരിക്കും കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക, തദ്ദേശസ്ഥാപന പരിധിയിൽ താമസിക്കുന്ന എല്ലാവർക്കും ഇൻഷുറൻസ് അടക്കം സാർവ്വത്രിക ആരോഗ്യ പരിരക്ഷ ലഭ്യമാക്കുക, മലിനീകരണം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയ ആരോഗ്യ സംരക്ഷണ നടപടികൾ തദ്ദേശസ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ വികസനം

സെക്കണ്ടറി തലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിൽ മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങളും ശാസ്ത്രീയ അവബോധവും വളർത്തുന്നതിനും ലൈബ്രറികളുടെ നവീകരണത്തിനും നയം പ്രാധാന്യം കൊടുക്കുന്നു. കേരളത്തിൽ ഹയർ സെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ കീഴിലാണ്. എല്ലാവരെയും ഉൾക്കൊള്ളുന്നതും സമത്വാധിഷ്ഠിതവുമായ മികച്ച വിദ്യാഭ്യാസം ഉറപ്പുവരുത്തുക. എല്ലാവർക്കും ഏതു പ്രായത്തിലും പഠനാവസരങ്ങൾ ലഭ്യമാക്കുക എന്നത് സുസ്ഥിര വികസന ലക്ഷ്യത്തിന്റെ നാലാമത്തെ ലക്ഷ്യം കൂടിയാണ്. പ്രൈമറി വിദ്യാഭ്യാസത്തിന് സജ്ജരാക്കുന്ന ശൈശവ പരിപാലനവും വികസനവും നിലവാരമുള്ള പ്രീ പ്രൈമറി വിദ്യാഭ്യാസവും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ലഭ്യമാണെന്ന് 2030 -ഓടെ വരുത്തേണ്ടതുണ്ട്. സർക്കാരിന്റെ നയപരിപാടികൾക്കും സുസ്ഥിര വികസന ലക്ഷ്യങ്ങളെയും കണ്ടുകൊണ്ട് തദ്ദേശസ്ഥാപനങ്ങൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

വ്യവസായവികസനം

വ്യവസായവികസനം ആസൂത്രണം ചെയ്യാനും പ്രോത്സാഹിപ്പിക്കാനും തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക് സജീവമാക്കുവാനും കയർ, കശുവണ്ടി, കൈത്തറി മുതലായവയുടെ നവീകരണ നടപടികൾ ശക്തിപ്പെടുത്താനും കേരള സർക്കാർ നയം ലക്ഷ്യമിടുന്നു. നൂതന നൈപുണികൾ ഉപയോഗപ്പെടുത്തി കൃഷി, അനുബന്ധമേഖലകൾ, നൂതനവ്യവസായം,

അടിസ്ഥാനസൗകര്യവികസനം, വരുമാനോത്പാദന സേവനങ്ങൾ എന്നിവ മെച്ചപ്പെടുത്തും. കേരളത്തിലെ ചെറുകിട വ്യവസായ മേഖലയെ വികസിപ്പിക്കുവാനുള്ള ശ്രമങ്ങൾ തദ്ദേശസ്ഥാപനങ്ങൾ ഉർജ്ജിതമാക്കേണ്ടതുണ്ട്. കാര്യക്ഷമമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക, എല്ലാവരെയും ഉൾക്കൊള്ളുന്ന സുസ്ഥിര വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയും ലക്ഷ്യങ്ങളാണ്. പുതുമയെ പ്രോത്സാഹിപ്പിക്കുകയെന്നുള്ളത് സുസ്ഥിരവികസനത്തിന്റെ ലക്ഷ്യങ്ങളിൽ മറ്റൊന്നാണ്. നൂതന നൈപുണികൾ ഉപയോഗപ്പെടുത്തി കൃഷി, അനുബന്ധമേഖലകൾ, നൂതനവ്യവസായം, അടിസ്ഥാനസൗകര്യവികസനം, വരുമാനോത്പാദന സേവനങ്ങൾ എന്നിവ മെച്ചപ്പെടുത്തുവാനും സർക്കാർ ലക്ഷ്യമിടുന്നു.

തൊഴിൽ വികസനവും തൊഴിൽശേഷി വികസനവും

തൊഴിൽ വികസനത്തിനും തൊഴിൽ നൈപുണ്യവികസനത്തിനും സർക്കാർ നയത്തിൽ വലിയ പ്രാധാന്യം നല്കിയിട്ടുണ്ട്. അഞ്ച് വർഷംകൊണ്ട് ആധുനികവും ഉയർന്ന തൊഴിൽശേഷിയുള്ളതുമായ ഉത്പാദനപരമായ സമ്പദ്ഘടന സൃഷ്ടിക്കാനും ഉന്നതവിദ്യാഭ്യാസം നവീകരിക്കാനും വളർത്താനും പ്രത്യേക നയം രൂപപ്പെടുത്താനും സർക്കാർ ലക്ഷ്യമിടുന്നു. മികച്ച തൊഴിലുകൾ സൃഷ്ടിക്കുവാനും തൊഴിലവസരങ്ങൾ കൂടുതൽ ഉറപ്പുവരുത്താനും ഊന്നൽ നൽകുന്നതാണ്. ഒരാളെയും ഒഴിച്ചുനിർത്താത്ത വികസന കാഴ്ചപ്പാടാണ് സർക്കാർ ഉയർത്തിപ്പിടിക്കുക. കൂടാതെ സ്ത്രീകളുടെ നൈപുണ്യവികസനത്തിനും അനുയോജ്യ തൊഴിലുകളുമായി അവരെ ബന്ധിപ്പിക്കാനുമുള്ള പരിപാടികൾ നടപ്പാക്കുമെന്നും നയരേഖ സൂചിപ്പിക്കുന്നു. അതിലേക്കായി ഐ.ടി. അധിഷ്ഠിത സേവനങ്ങൾ, ഗതാഗതം, സ്റ്റോറേജ്, വാർത്താവിനിമയം, ബാങ്കിങ്, ഇൻഷുറൻസ്, നിർമ്മാണം, ആരോഗ്യം, മെഡിക്കൽ എക്യുപ്മെന്റ്, ഭക്ഷ്യ സംസ്കരണം, വിനോദസഞ്ചാരം, ഹോസ്പിറ്റാലിറ്റി എന്നീ മേഖലകളിലെ തൊഴിൽ സാദ്ധ്യത പ്രയോജനപ്പെടുത്താനുള്ള പദ്ധതി തയ്യാറാക്കും. പുതിയ സാദ്ധ്യത ഉയർന്നുവരുന്ന മേഖലകളിൽ സ്ത്രീകൾക്കും യുവാക്കൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ശേഷിവികസനം ലഭ്യമാക്കാൻ പ്രത്യേക പരിഗണന നൽകും. തൊഴിൽ സൃഷ്ടിക്കുന്നതിനുവേണ്ടി ഉന്നതവിദ്യാഭ്യാസം നവീകരിക്കാനും വളർത്താനും പ്രത്യേക നയം രൂപപ്പെടുത്തുവാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ട്. അതിലൂടെ മികച്ച തൊഴിലുകൾ സൃഷ്ടിക്കുവാൻ കഴിയും. തൊഴിലവസരങ്ങൾ കൂടുതൽ ഉറപ്പുവരുത്താൻ ഊന്നൽ നൽകും. സുസ്ഥിരവികസന ലക്ഷ്യത്തിൽ തൊഴിലിനും മാന്യമായ പണിക്കും സംരംഭകത്വത്തിനും പറ്റിയ സാങ്കേതികവും തൊഴിൽപരവുമായ തടക്കമുള്ള മികച്ച നൈപുണ്യം ചെലവ് കുറഞ്ഞ രീതിയിൽ നേടാൻ എല്ലാ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ അവസരം ഉണ്ടെന്ന് 2030 -ഓടെ ഉറപ്പുവരുത്തണമെന്നും ലക്ഷ്യമിടുന്നു.

സ്ത്രീ സമത്വം

സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സർക്കാരുകളുടെയും ജന്റർ ബജറ്റ് ശക്തിപ്പെടുത്തുക, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുന്നതിനായി ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ

ജനകീയ ഇടപെടലുകൾ നടത്തുക തുടങ്ങിയ സർക്കാർ നയപരിപാടികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്. സ്ത്രീകളുടെ നൈപുണ്യവികസനത്തിനും അനുയോജ്യ തൊഴിലുകളുമായി അവരെ ബന്ധിപ്പിക്കാനുമുള്ള സർക്കാർ നടപടികൾ കൈക്കൊള്ളും. സാമൂഹിക ക്ഷേമം, സാമൂഹ്യനീതി, ലിംഗനീതി, സ്ത്രീസുരക്ഷ എന്നിവയ്ക്ക് സർക്കാർ പ്രാധാന്യം നൽകും. കൂടാതെ ലിംഗസമത്വം നേടുക, സ്ത്രീകളെയും കുട്ടികളെയും ശാക്തീകരിക്കുക, എല്ലായിടത്തും സ്ത്രീകളോടും പെൺകുട്ടികളോടുമുള്ള എല്ലാത്തരം വിവേചനങ്ങളും അവസാനിപ്പിക്കുക എന്നതും സുസ്ഥിരവികസനത്തിന്റെ അഞ്ചാമത്തെ ലക്ഷ്യം കൂടിയാണ്.

കാര്യക്ഷമമായ സേവനം

സേവനങ്ങൾ വാതിൽപ്പടിയിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും പ്രത്യേക സാന്ത്വന പരിചരണ പരിപാടികൾ ആവിഷ്കരിക്കുമെന്നും നയപരിപാടിയിൽ പറയുന്നുണ്ട്. പാലിയേറ്റീവ് കെയർ തദ്ദേശസ്ഥാപനങ്ങളുടെ സുപ്രധാന ഉത്തരവാദിത്തങ്ങളിൽ പെട്ടതായതുകൊണ്ടുതന്നെ സർക്കാരിന്റെ സാന്ത്വന പരിചരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത് തദ്ദേശസ്ഥാപനങ്ങൾ തന്നെയാണ്. ഇൻഷുറൻസ് അടക്കം സാർവ്വത്രിക ആരോഗ്യ പരിരക്ഷ, നിലവാരമുള്ള ആരോഗ്യ പരിപാലന സേവനത്തിന്റെ ലഭ്യത, സുരക്ഷിതവും ഫലപ്രദവും ഗുണനിലവാരവുമുള്ളതും മിതമായ വിലയുള്ളതുമായ ഔഷധങ്ങളുടെയും വാക്സിനുകളുടെയും സാർവ്വത്രിക ലഭ്യത ഉറപ്പാക്കുക തുടങ്ങിയവ സുസ്ഥിര വികസന ലക്ഷ്യമാണ്. സാമൂഹികമേഖലകളിലെ, പ്രത്യേകിച്ചും ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം എന്നീ രംഗത്തുണ്ടായ നേട്ടങ്ങളെ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കും.

സമസ്തമേഖലയുടെയും പുരോഗതിയും വികസനവും ലക്ഷ്യമാക്കിക്കൊണ്ടുള്ള സമഗ്രമായ ഒരു വികസന രേഖയാണ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം മന്ത്രിസഭ അവതരിപ്പിച്ചിരിക്കുന്നത്. സർക്കാരിന്റെ നയങ്ങൾ നടപ്പിലാക്കുന്നതിനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനും തദ്ദേശസ്ഥാപനങ്ങൾക്ക് സുപ്രധാന പങ്കുണ്ട്.

മാലിന്യരഹിത കേരളം

മാലിന്യ നിർമ്മാർജ്ജനം തദ്ദേശസ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്തങ്ങളിൽ ഒന്നാണ്. സർക്കാർ നയരേഖയിൽ മാലിന്യ രഹിത കേരളം യാഥാർത്ഥ്യമാക്കുമെന്നു പറഞ്ഞിരിക്കുന്നു. നഗരത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിലും പ്രത്യേകം ശ്രദ്ധിച്ച് നഗരങ്ങളുടെ ആളോഹരി പാരിസ്ഥിക ആഘാതം 2030 - ഓടെ കുറയ്ക്കുക എന്നുള്ളത് സുസ്ഥിര വികസനലക്ഷ്യത്തിൽപ്പെട്ടതാണ്. കേരള സർക്കാരിന്റെ പ്രഖ്യാപിത നയമായ മാലിന്യ നിർമ്മാർജ്ജനം നടപ്പിലാക്കുന്നത് തദ്ദേശ സ്ഥാപനങ്ങളിലൂടെയാണ്.

തദ്ദേശസ്ഥാപനങ്ങളിലും സംസ്ഥാനത്തും പുതിയ സർക്കാരുകളാണ് ഭരണത്തിൽ എത്തിയിരിക്കുന്നത്. പുതിയ സർക്കാരുകൾക്ക് നേരിടേണ്ടുന്ന നിരവധി വെല്ലുവിളികളുണ്ട്. കേരളത്തിലും ഒട്ടുമിക്ക തദ്ദേശസ്ഥാപനങ്ങൾക്കും ഭരണമാറ്റം ഉണ്ടായെങ്കിലും നയങ്ങളിലും പ്രവർത്തനശൈലിയിലും പദ്ധതികളിലും വലിയ മാറ്റം വന്നിട്ടില്ല. 2015 മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സുസ്ഥിരവികസന ലക്ഷ്യങ്ങൾക്കും മാറ്റം വന്നിട്ടില്ല. എന്നാൽ പുതിയ ഭരണസാരഥികൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെക്കുറിച്ചും പുതിയതായി ചേർക്കപ്പെട്ട നയങ്ങളെക്കുറിച്ചും തദ്ദേശസ്ഥാപനങ്ങളുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ചും മനസ്സിലാക്കി പ്രവർത്തിക്കേണ്ടതുണ്ട്. 73,74 ഭരണഘടനാ ഭേദഗതിയിലൂടെ 29 ഉത്തവാദിത്തങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട സർക്കാർനയങ്ങളും സുസ്ഥിര വികസന ലക്ഷ്യങ്ങളുമെല്ലാം തദ്ദേശസ്ഥാപനങ്ങളുടെ പ്രധാന കടമകളിൽ ഉൾപ്പെട്ടതാണ്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാനസർക്കാരിന്റെയും പല പദ്ധതികളും തദ്ദേശസ്ഥാപനങ്ങളിലൂടെയാണ് നടപ്പിലാക്കുന്നത്. സമസ്ത മേഖലയുടെയും പുരോഗതിയും വികസനവും ലക്ഷ്യമാക്കിക്കൊണ്ടുള്ള സമഗ്രമായ ഒരു വികസന രേഖയാണ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം മന്ത്രിസഭ അവതരിപ്പിച്ചിരിക്കുന്നത്. സർക്കാരിന്റെ നയങ്ങൾ നടപ്പിലാക്കുന്നതിനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനും തദ്ദേശസ്ഥാപനങ്ങൾക്ക് സുപ്രധാന പങ്കുണ്ട്. കേരളത്തിന്റെ ഭാവി തദ്ദേശസ്ഥാപനങ്ങൾ അവരുടെ പങ്ക് എത്രത്തോളം ഭംഗിയായി നിർവ്വഹിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും.

ലേഖകൻ ഗവേഷകനും കോർ മെട്രിക്സ് ടെക്നോളജീസ് ഡയറക്ടറുമാണ്

കളിസ്ഥലങ്ങളുടെ നിർമ്മാണത്തിന് പെർമിറ്റ് ആവശ്യമോ?

കെട്ടിട നിർമ്മാണാനുമതി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ -3

▸ ചെറിയ പ്ലോട്ടിലെ നിർമ്മാണങ്ങൾക്ക് ചട്ടം 50(3) പ്രകാരം ചില ചട്ടങ്ങൾ ബാധകമല്ല എന്ന് പറഞ്ഞിരിക്കുന്നു. ഇതൊഴികെയുള്ള മറ്റു കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഇവിടെ ബാധകമല്ലേ? ഉദാഹരണത്തിന് ചട്ടം 35(2) പ്രകാരം രണ്ടുനിലയ്ക്ക് മുകളിലുള്ള നിർമ്മാണങ്ങൾക്ക് Fire Escape Stair നൽകണമെന്ന് വ്യവസ്ഥയുണ്ട്. ചട്ടം 50(3) പ്രകാരം നിർമ്മിച്ച മൂന്നു നിലയുള്ള commercial building- ന് ചട്ടം 35 (2) ബാധകമാണോ?

ചെറിയ പ്ലോട്ടിലെ നിർമ്മാണങ്ങൾക്ക് ചട്ടം 50(3) പ്രകാരമുള്ള ഇളവുകൾ ഒഴികെയുള്ള മറ്റു വ്യവസ്ഥകൾ ബാധകമാണ്. ചട്ടം 50(3) പ്രകാരം നിർമ്മിച്ച മൂന്നു നിലയുള്ള വാണിജ്യ കെട്ടിടത്തിന് ചട്ടം 35 (2) ബാധകമാകുന്നതാണ്.

▸ ഗ്രൂപ്പ് എ1 ഒക്കുപ്പൻസിയോടനുബന്ധിച്ച് accessory building നിർമ്മിക്കാമെന്നും അതിന് അനുമതി വേണ്ട എന്നും വ്യക്തമാക്കുന്നു. ഇതുപോലെ മറ്റ് ഒക്കുപ്പൻസിയിലുള്ള കെട്ടിടങ്ങൾക്ക് accessory building നിർമ്മിക്കാവുന്ന വ്യവസ്ഥ ചട്ടത്തിൽ ഉണ്ടോ?

ഇല്ല

▸ കെട്ടിടങ്ങളുടെ മുകളിൽ sheet roof structure നിർമ്മിച്ചാൽ അത് മറ്റൊരു ഫ്ലോർ ആയി കണക്കാക്കി അനുമതി വാങ്ങേണ്ടതുണ്ടോ?

കെട്ടിടത്തിന്റെ ഉയരം 10 മീറ്ററിൽ അധികരിക്കാത്തതും മൂന്നു നില വരെയുള്ളതുമായ single family residential building ന് മുകളിൽ പരമാവധി 2.4 മീറ്റർ വരെ ഉയരമുള്ളതും നാലുവശവും തുറന്നതുമായ (ചട്ടം 74) sheet roof structure നിർമ്മിച്ചാൽ മറ്റൊരു ഫ്ലോർ ആയി കണക്കാക്കുന്നതല്ല. എന്നാൽ, മറ്റെല്ലാ വിനിയോഗത്തിലുമുള്ള കെട്ടിടങ്ങൾക്ക് മുകളിലുള്ള sheet roof construction മറ്റൊരു ഫ്ലോർ ആയി കണക്കാക്കുന്നതാണ്.

▸ കെട്ടിട നിർമ്മാണ അനുമതിയില്ലാതെ നിർമ്മാണം പൂർത്തീകരിച്ചാൽ ആയത് മറ്റു കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുവെങ്കിൽ സെക്രട്ടറിക്ക് അദ്ധ്യായം 20ലെ വ്യവസ്ഥകൾ പ്രകാരം ക്രമവൽക്കരിച്ചു നൽകാമോ?

ബാധകമായ മറ്റെല്ലാ അനുമതികളും ലഭ്യമാക്കിയ ശേഷം ക്രമവൽക്കരിച്ചു നൽകാവുന്നതാണ്.

▸ അനുമതി ലഭിക്കാതെ നിർമ്മാണം

പൂർത്തിയായതും ചട്ടലംഘനവുമില്ലാത്ത കെട്ടിടങ്ങളെ ക്രമവൽക്കരിച്ച നൽകുമ്പോൾ compounding fee [ചട്ടം 95(4)] എത്രയാണ് ഈടാക്കേണ്ടത്?

Permit fee യുടെ രണ്ട് മടങ്ങാണ് compounding fee ആയി ഈടാക്കേണ്ടത്. ഇത്തരം സംഗതികളിൽ permit fee പ്രത്യേകമായി ഈടാക്കേണ്ടതില്ല.

▸ **കേന്ദ്ര സർക്കാർ/സംസ്ഥാന സർക്കാർ വകുപ്പുകൾ നടത്തുന്ന നിർമ്മാണങ്ങൾക്ക് ചട്ടപ്രകാരമുള്ള NOC ലഭ്യമാക്കേണ്ടതുണ്ടോ?**

ചട്ടം 5(3) പ്രകാരം സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ കാര്യത്തിൽ സെക്രട്ടറി, ജില്ലാ ടൗൺ പ്ലാനർ/ചീഫ് ടൗൺ പ്ലാനർ എന്നിവരുടെ അനുമതി ആവശ്യമില്ലെങ്കിലും ചട്ടപ്രകാരം ആവശ്യമായ മറ്റ് ഏജൻസി/അതോറിറ്റികളിൽ (ചീഫ് ടൗൺ പ്ലാനർ/ജില്ലാ ടൗൺ പ്ലാനർ ഒഴികെയുള്ള) നിന്നുള്ള NOC നേടേണ്ടതാണ്. എന്നാൽ, മാസ്റ്റർപ്ലാൻ/ഡിറ്റിപി സ്കീം പ്രകാരമുള്ള കൺകറൻസ് ആവശ്യമുള്ള പക്ഷം ആയത് ലഭ്യമാക്കേണ്ടതാണ്. കൂടാതെ നിർമ്മാണത്തിന് 30 ദിവസം മുൻപ് തന്നെ ആ നിർമ്മാണത്തെക്കുറിച്ചുള്ള വിശദാംശങ്ങളും ആയത് എല്ലാ ചട്ടങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ടാണെന്നുമുള്ള സമ്മതപത്രവും സെക്രട്ടറിക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്.

▸ **സൈറ്റ് അംഗീകാരം, പ്ലാൻ അംഗീകാരം അപ്പീലിന്റെ സംഗതിയിൽ കൗൺസിലിന്റെ അംഗീകാരം എന്നിവ ഉൾപ്പെടെ ഒരു അപേക്ഷ പരിശോധിക്കുന്നതിന് ചട്ടപ്രകാരമുള്ള സമയപരിധി എത്രയാണ്?**

അപേക്ഷ ക്രമപ്രകാരമാണെങ്കിൽ ചട്ടം 13 പ്രകാരം സൈറ്റ് അംഗീകാരം ഉൾപ്പെടെയുള്ള പ്ലാൻ അംഗീകാരത്തിന്റെ സമയപരിധി 15 ദിവസമാണ്. ചട്ടം 14 പ്രകാരം പ്രസ്തുത 15 ദിവസത്തിനുള്ളിൽ അപേക്ഷയിന്മേൽ സെക്രട്ടറി തീരുമാനം കൈക്കൊള്ളാത്ത പക്ഷം അപേക്ഷകന് കമ്മിറ്റി/കൗൺസിലിനെ സമീപിക്കാവുന്നതാണ്. ഇത്തരത്തിൽ ലഭ്യമാകുന്ന അപേക്ഷയിന്മേൽ കമ്മിറ്റി/കൗൺസിൽ തീരുമാനം കൈക്കൊള്ളേണ്ട സമയപരിധി 30 ദിവസമാണ്.

▸ **അഗ്നി സുരക്ഷ സംബന്ധിച്ച self declaration തൊട്ടടുത്ത ഫയർസ്റ്റേഷനിൽ ആരാണ് സമർപ്പിക്കേണ്ടത്?**

അപേക്ഷകനാണ് നൽകേണ്ടത് [ചട്ടം 5(4)]. കാരണം അഗ്നിസുരക്ഷ സംബന്ധിച്ച Selfdeclaration തൊട്ടടുത്ത ഫയർസ്റ്റേഷനിൽ അറിവിലേക്ക് മാത്രമാണ് നൽകുന്നത്. ആയതിനാൽ ഇത് സെക്രട്ടറി നൽകേണ്ടതില്ല. രജിസ്റ്റേർഡ് ലൈസൻസിയുടെ സാക്ഷ്യപത്രവും self declaration-ന്റെ പകർപ്പിനോടൊപ്പം നൽകേണ്ടതാണ്.

▸ **പെർമിറ്റ് കാലാവധിക്കുള്ളിൽ അപേക്ഷകൻ നിർമ്മാണ സ്ഥലത്തോട് ചേർന്ന് കൂടുതൽ സ്ഥലം വാങ്ങി അതിൽ പാർക്കിംഗ് ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പക്ഷം പുതുക്കിയ പെർമിറ്റ് വാങ്ങേണ്ടതുണ്ടോ?**

പെർമിറ്റ് കാലാവധിക്കുള്ളിൽ അപേക്ഷകൻ നിർമ്മാണ സ്ഥലത്തോട് ചേർന്ന് കൂടുതൽ സ്ഥലം വാങ്ങുന്നപക്ഷം അവിടെ മറ്റ നിർമ്മാണ പ്രവൃത്തികൾ ഇല്ലായെങ്കിൽ പുതുക്കിയ പെർമിറ്റ് വാങ്ങേണ്ടതില്ല. സ്ഥലത്തിന്റെ അതിർത്തിയുടെ മാറ്റങ്ങൾ കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെടുത്തിയാൽ മതിയാകുന്നതാണ്.

▸ **ഭാഗികമായി പൂർത്തിയാക്കിയ അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കുന്ന സംഗതിയിൽ ക്രമവത്ക്കരണത്തോടൊപ്പം തുടർനിർമ്മാണത്തിനും ഒരേ ഉത്തരവിൽ തന്നെ അനുമതി നൽകാമോ? തുടർനിർമ്മാണത്തിന് പ്രത്യേകം അനുമതി ആവശ്യമാണോ?**

ചട്ടം 3 പ്രകാരം നിലവിലെ കെട്ടിടങ്ങൾ അംഗീകൃതമാണെങ്കിൽ മാത്രമേ പുതിയ നിർമ്മാണങ്ങൾക്ക് അനുമതി നൽകാവൂ. ആയതിനാൽ, പ്രസ്തുത സംഗതിയിൽ ഭാഗികമായി പൂർത്തിയാക്കിയ അനധികൃത കെട്ടിടം (കെട്ടിട നിർമ്മാണ ചട്ടം പാലിച്ചിരിക്കണം) അദ്ധ്യായം XX ലെ വ്യവസ്ഥകൾക്ക് വിധേയമായി പിഴ ഈടാക്കിക്കൊണ്ട് സെക്രട്ടറി ക്രമവൽക്കരിച്ചുകൊണ്ട് Appendix G2 പ്രകാരം ഉത്തരവ് നൽകേണ്ടതാണ്. തുടർന്ന് നിർമ്മിക്കാനുദ്ദേശിക്കുന്ന ഭാഗത്തിനായി ചട്ടങ്ങൾക്ക് വിധേയമായി Appendix B2-ൽ പെർമിറ്റ് നൽകേണ്ടതാണ്. ഇത്തരത്തിൽ പെർമിറ്റ് നൽകുമ്പോൾ നിലവിലെ ഭാഗം ക്രമവത്ക്കരിച്ച് ഉത്തരവ് കൂടി പെർമിറ്റ് നൽകുന്ന Appendix B2 ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരം സംഗതികളിൽ ഇവ രണ്ടിനും ചേർത്ത് ഒരു അപേക്ഷ നൽകിയാൽ മതിയാകുന്നതാണ്. മേൽപ്പറഞ്ഞ രണ്ട് ഉത്തരവുകളും ഒരേസമയം അപേക്ഷകന് നൽകാവുന്നതാണ്.

▸ **നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ലേഔട്ട് അംഗീകാരം ആവശ്യമുള്ള അപേക്ഷയിൽ ഫീസ് ഈടാക്കുന്നത് എപ്രകാരമായിരിക്കും?**

Schedule III പ്രകാരമുള്ള Scrutiny fee സർക്കാർ ട്രഷറിയിൽ ഒടുക്കി ആയതിന്റെ പകർപ്പ് layout- നായുള്ള അപേക്ഷയോടൊപ്പം ഉൾപ്പെടുത്തി നൽകേണ്ടതാണ് (Head of Account: 0217-60-800-89)

▸ **ചട്ടം 5(6)(4) പ്രകാരം ടൗൺ & കൺട്രി പ്ലാനിംഗ് വകുപ്പിൽ നിന്നും നൽകുന്ന ലേഔട്ട് അംഗീകാരത്തിന്റെ സംഗതിയിൽ 5% അഥവാ 500 ചതുരശ്ര മീറ്റർ വരെയുള്ള വ്യതിയാനങ്ങൾക്ക് പുതുക്കിയ ലേഔട്ട് ആവശ്യമുണ്ടോ? ചട്ടം 5(6)(4) പ്രകാരം അനുവദിക്കുന്ന tolerance പ്ലോട്ട് സബ്ഡിവിഷന് ലഭിക്കുമോ?**

ആവശ്യമില്ല, ലഭിക്കുകയില്ല.

▸ **ലേഔട്ട് അംഗീകാരത്തിന്റെ സ്ക്രൂട്ടിണി ഫീസ് നിർണ്ണയിക്കുമ്പോൾ നിർമ്മാണ സ്ഥലത്ത് നിലവിലുള്ള കെട്ടിടങ്ങളുടെ ഉൾപ്പെടെ built up ഏരിയ പരിഗണിക്കേണ്ടതുണ്ടോ? അതോ നിർദ്ദിഷ്ട കെട്ടിടങ്ങളുടേത് മാത്രം പരിഗണിച്ചാൽ മതിയോ? പ്ലോട്ട് സബ്ഡിവിഷൻ മാത്രം വരുന്ന സംഗതിയിൽ സ്ക്രൂട്ടിണി ഫീസ് ഈടാക്കേണ്ടതുണ്ടോ?**

നിർദ്ദിഷ്ട കെട്ടിടങ്ങൾ മാത്രം പരിഗണിച്ചാൽ മതിയാകുന്നതാണ്. പ്ലോട്ട് സബ്ഡിവിഷൻ മാത്രം വരുന്ന സംഗതിയിൽ സ്ക്രൂട്ടിണി ഫീസ് ഈടാക്കേണ്ടതില്ല.

▸ **കാറ്റഗറി II ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നതും 100 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ളതുമായ ഏകകുടുംബ വാസഗൃഹങ്ങൾക്ക് അനുമതി ആവശ്യമില്ലെന്ന് ചട്ടങ്ങളിൽ പ്രതിപാദിക്കുന്നു. എന്നാൽ ആയത് CRZ-ൽ ഉൾപ്പെടുന്നുവെങ്കിൽ അനുമതി ലഭ്യമാക്കേണ്ടതുണ്ടോ?**

എൽ.എസ്.ജി.ഐ. സെക്രട്ടറിയിൽ നിന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാ

രമുള്ള പെർമിറ്റ് ലഭ്യമാക്കേണ്ടതില്ല. എന്നാൽ KCZMA (Kerala Coastal Zone Management Authority) യുടെ അനുമതി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ചട്ടം 5(4) പ്രൊവിസോ 2 പ്രകാരം CRZ മേഖലയിൽ ഉൾപ്പെടുന്ന 300 ചതുരശ്രമീറ്റർ വരെയുള്ള ഏകകുടുംബ വാസഗൃഹങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്ഥാപന സെക്രട്ടറിയിൽ നിക്ഷിപ്തമായതിനാൽ CRZ വ്യവസ്ഥകൾ പ്രകാരമാണ് പ്രസ്തുത നിർമ്മാണം എന്ന് പരിശോധിച്ച് അനുമതി നൽകേണ്ടതിന്റെ ഉത്തരവാദിത്തം സെക്രട്ടറിക്കാണ്.

▶ ചട്ടം 5 (4) മൂന്നാമത്തെ പ്രൊവിസോ പ്രകാരം എൻ.ഒ.സി. നൽകേണ്ട സമയ പരിധി 15 ദിവസമായി നിജപ്പെടുത്തിയിരിക്കുന്നു. എന്നാൽ ചട്ടം 5(6)(5) പ്രകാരം ലേഔട്ട് അനുമതി നൽകേണ്ട സമയപരിധി ജില്ലാ ടൗൺപ്ലാനർക്ക് 30 ദിവസവും ചീഫ് ടൗൺ പ്ലാനർക്ക് 60 ദിവസവും എന്ന് പ്രതിപാദിക്കുന്നു. ഇത് പരസ്പരവിരുദ്ധമല്ലേ?

ചട്ടം 5(4)-ൽ നിഷ്കർഷിക്കുന്ന എൻ.ഒ.സി. നൽകുന്നതിനായുള്ള സമയപരിധി (15 ദിവസം) ചീഫ് ടൗൺ പ്ലാനർ/ജില്ലാ ടൗൺപ്ലാനർ നൽകുന്ന ലേഔട്ട് അംഗീകാരം ഒഴികെയുള്ളവയ്ക്കാണ് ബാധകമാകുന്നത്. ചീഫ് ടൗൺപ്ലാനർ, ജില്ലാ ടൗൺപ്ലാനർ എന്നിവരുടെ ലേഔട്ട് അംഗീകാരത്തിനായി നിശ്ചയിച്ചിരിക്കുന്നത് യഥാക്രമം 60 ദിവസവും 30 ദിവസവുമാണ് [ചട്ടം 5(6)(5)].

▶ തുറസ്സായ നീന്തൽകുളം, ബാഡ്മിന്റൺ കോർട്ട്, ഫുട്ബോൾ കോർട്ട് മുതലായവ നിർമ്മിക്കുന്നതിന് പെർമിറ്റ് ആവശ്യമുണ്ടോ? ഇവയ്ക്ക് അതിർത്തിയിൽ നിന്നും നൽകേണ്ട സെറ്റ്ബാക്ക് എത്രയാണ്?

പെർമിറ്റ് ആവശ്യമുണ്ട്. ബാഡ്മിന്റൺ കോർട്ട്, ഫുട്ബോൾ കോർട്ട്, വോളിബോൾ കോർട്ട് മുതലായവ ഗ്യാലറി ഇല്ലാതെ നിർമ്മിക്കുകയാണെങ്കിൽ തെരുവിൽ നിന്നും ഒരു കെട്ടിടത്തിന് ചട്ടപ്രകാരം/ആക്ട് പ്രകാരം നൽകേണ്ടുന്ന അകലവും മറ്റു പ്ലോട്ട് അതിർത്തികളിൽ നിന്നും കുറഞ്ഞത് 1.0 മീറ്റർ അകലവും നൽകേണ്ടതാണ്. ടൗൺപ്ലാനിംഗ് സ്കീം നിലവിലുള്ള പ്രദേശമാണെങ്കിൽ സ്കീമിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. എന്നാൽ ഗ്യാലറി ഉൾപ്പെടെയുള്ള സംഗതിയിൽ ആയത് അസംബ്ലി ഗണത്തിൽപ്പെടുത്തി ചട്ടങ്ങൾ പാലിച്ചിരിക്കേണ്ടതാണ്.

▶ ഒന്നിൽ കൂടുതൽ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വസ്തുവിലെ നിർമ്മാണാനുമതി/പൂർത്തീകരണ റിപ്പോർട്ട്/ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് സംബന്ധിച്ച് വിശദമാക്കുമോ?

കെട്ടിട നിർമ്മാണാനുമതിയ്ക്കായുള്ള അപേക്ഷയിൽ ഉടമസ്ഥരെല്ലാവരും അല്ലെങ്കിൽ അധികാരപ്പെടുത്തിയ വ്യക്തി ഒപ്പിട്ട് ചട്ടപ്രകാരമുള്ള രേഖകളുടെ പകർപ്പുകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിലുള്ള അപേക്ഷകൾക്ക്, എല്ലാ അപേക്ഷകരുടെയും പേരിലാണ് പെർമിറ്റ് നൽകുന്നത്. കൂടാതെ, നിർമ്മാണം പൂർത്തിയായ ശേഷം എല്ലാ വസ്തു ഉടമകളും ചേർന്ന് അല്ലെങ്കിൽ അധികാരപ്പെടുത്തിയ വ്യക്തി പൂർത്തീകരണ റിപ്പോർട്ട് നൽകേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ടി ഉടമകളുടെ പേരിൽ സെക്രട്ടറി ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

▶ താൽക്കാലികമായി നിർമ്മിക്കുന്ന ഗ്രീൻഹൗസുകൾക്കും കാർഷിക ആവശ്യത്തിനായി നിർമ്മിക്കുന്ന പമ്പ് ഹൗസുകൾക്കും പെർമിറ്റ് ആവശ്യമാണോ?

ആവശ്യമില്ല. ചട്ടം 8(iv) പ്രകാരം സ്ഥിരമായ ഘടനകൾ ഒഴികെയുള്ള പൂന്തോട്ട പരിപാലനവുമായി ബന്ധപ്പെട്ട നിർമ്മാണങ്ങൾക്ക് പെർമിറ്റ് ആവശ്യമില്ലാത്തതിനാൽ താൽക്കാലിക ഗ്രീൻഹൗസുകൾക്കും പെർമിറ്റ് ലഭ്യമാക്കേണ്ടതില്ല. ചട്ടം 67 പ്രകാരമുള്ള മീറ്റർ ഹൗസിന് സമാനമായി കരുതി, പെർമിറ്റ് വേണ്ടാത്ത നിർമ്മാണമായി കരുതാം.

▶ ചില നിർമ്മാണങ്ങൾക്ക് പെർമിറ്റ് ലഭ്യമാക്കേണ്ടതില്ല (ചട്ടം 8) എന്ന് വ്യക്തമാക്കുന്നു. ഇവയ്ക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുണ്ടോ?

പെർമിറ്റ് ലഭ്യമാകേണ്ടതില്ലാത്ത നിർമ്മാണങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നിർബന്ധമില്ല. എന്നാൽ ഏതെങ്കിലും ആവശ്യത്തിന് ഉടമസ്ഥന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ആവശ്യമാണെങ്കിൽ ആയതിന് അപേക്ഷിക്കേണ്ടതും സെക്രട്ടറി സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഇത്തരം അവസരങ്ങളിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റിൽ പെർമിറ്റ് നമ്പർ രേഖപ്പെടുത്തേണ്ടതില്ല.

▶ 300 m^2 ന് മുകളിലുള്ള താമസ കെട്ടിടങ്ങൾക്ക് PCB (Pollution Control Board) യുടെ NOC ആവശ്യമുണ്ടോ?

ഖരമാലിന്യം ശേഖരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും organised system നിലവിലില്ലാത്ത സ്ഥലങ്ങളിൽ 300 m2 ന് മുകളിലുള്ള താമസ കെട്ടിടങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ് നൽകണമെന്നാണ് ചട്ടത്തിൽ പറയുന്നത്. മറ്റു കെട്ടിടങ്ങൾക്ക് "Waste Management System stipulated by PCB shall be provided" എന്ന് ചട്ടത്തിൽ വ്യക്തമാക്കിയിരിക്കുന്നു. അതുകൊണ്ട് NOC ആവശ്യമില്ല. എന്നാൽ PCB കാലാകാലങ്ങളിൽ പുറത്തിറക്കുന്ന ഉത്തരവുകൾ/സർക്കുലറുകൾ പാലിക്കേണ്ടതാണ്.

□

കടപ്പാട്: നഗരഗ്രാമാസൂത്രണ വകുപ്പ്

കൊവിഡ് പ്രതിരോധം

തദ്ദേശസ്ഥാപനങ്ങളുടെ പങ്ക് നിർണ്ണായകം : മുഖ്യമന്ത്രി

കൊവിഡ് രണ്ടാം തരംഗത്തിനെ പ്രതിരോധിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്കാണുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കൂടുതലുള്ള സ്ഥലങ്ങളിൽ നല്ല ജാഗ്രതയോടെയുള്ള ഇടപെടൽ ഉണ്ടാവണം. എല്ലായിടത്തും വാർഡുതല സമിതികൾ രൂപീകരിക്കണം. വാർഡുതല നിരീക്ഷണ സമിതികൾ വീടുകൾ സന്ദർശിച്ച് പൊതുവായ വിലയിരുത്തൽ നടത്തേണ്ടത് അനിവാര്യമാണ്. വ്യാപനത്തിന്റെ ശരിയായ നില മനസ്സിലാക്കി പഞ്ചായത്തുതലത്തിലോ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലോ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് റിപ്പോർട്ട് ചെയ്യണം. വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവരുടെ ആരോഗ്യനില കൃത്യമായി നിരീക്ഷിച്ചാൽ മരണനിരക്ക് കുറയ്ക്കാനാവും. ഓരോ കുടുംബവും ഓരോ വ്യക്തിയും സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് കൂടുതൽ ബോധവൽക്കരണം ആവശ്യമുണ്ട്. ഇതിന്റെ ഉത്തരവാദിത്വവും വാർഡുതല സമിതികൾ ഏറ്റെടുക്കണം.

രോഗം ബാധിച്ചവർക്ക് വൈദ്യസഹായം എപ്പോൾ വേണം, ആശുപത്രി സേവനം എപ്പോൾ വേണം എന്നീ കാര്യങ്ങളിൽ വാർഡുതല സമിതികൾക്ക് വ്യക്തമായ ധാരണ വേണം. അതിന്റെ അടിസ്ഥാനത്തിൽ ആംബുലൻസ് സേവനം ഉറപ്പാക്കണം. ലഭ്യമാകുന്ന ആംബുലൻസിന്റെ പട്ടിക തയ്യാറാക്കണം. ആംബുലൻസ് തികയുന്നില്ലെങ്കിൽ പകരം ഉപയോഗിക്കാവുന്ന വാഹനങ്ങളുടെ പട്ടികയും ഉണ്ടാകണം. ആരോഗ്യ, സന്നദ്ധ പ്രവർത്തകരുടെ ലിസ്റ്റും കരുതണം. ഓരോ വാർഡിലും ആവശ്യത്തിന് മരുന്ന് ഉറപ്പാക്കണം. കിട്ടാത്ത മരുന്നുകൾ മറ്റിടങ്ങളിൽ നിന്ന് എത്തിക്കണം. മെഡിക്കൽ ഉപകരണങ്ങളുടെ ലഭ്യത ആവശ്യത്തിനുണ്ടോ എന്ന് പരിശോധിക്കണം. ഉപകരണങ്ങൾക്ക് അമിതവില ഈടാക്കുന്ന പ്രശ്നമുണ്ടെങ്കിൽ ജില്ലാ ഭരണ സംവിധാനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തണം. പൾസ് ഓക്സിമീറ്റർ, മാസ്ക് എന്നിവയ്ക്ക് അമിതവില ഈടാക്കുന്നതിനെതിരെ കർശന നടപടിയെടുക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഡുതല സമിതികൾക്ക് ആവശ്യമായ സഹായം അപ്പപ്പോൾ ലഭ്യമാക്കണം. വാക്സിനേഷൻ കേന്ദ്രങ്ങളിൽ തിരക്ക് ഒഴിവാക്കുന്നതിനും വാർഡ് സമിതികൾക്ക് ഫലപ്രദമായി ഇടപെടാൻ കഴിയും. ശവശരീരം മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മറവ് ചെയ്യാനോ സംസ്കരിക്കാനോ ഉള്ള സഹായവും വാർഡുതല സമിതികൾ നൽകണം. മുൻപ് വാങ്ങിയവരിൽ നിന്നും പൾസ് ഓക്സിമീറ്ററുകൾ ശേഖരിച്ച് അതിന്റെ ഒരു പൂൾ ഉണ്ടാക്കാനും വാർഡുതല സമിതികൾ നേതൃത്വം കൊടുക്കണം. വാർഡുതല സമിതി അംഗങ്ങളെ കൊവിഡ് പ്രതിരോധത്തിന്റെ മുൻനിര പ്രവർത്തകരായാണ് കാണുന്നത്. 18-45 പ്രായത്തിലുള്ളവർക്ക് വാക്സിൻ നൽകുമ്പോൾ ഇവർക്ക് മുൻഗണനയുണ്ടാവും. കൊവിഡ് ചികിത്സാ കേന്ദ്രങ്ങൾ തുറക്കാൻ അനുയോജ്യമായ

സ്ഥലങ്ങൾ ഉടനെ കണ്ടെത്തി മുന്നൊരുക്കങ്ങൾ നടത്തണം. ആവശ്യം വന്നാൽ യുദ്ധകാലാടിസ്ഥാന ത്തിൽ ചികിത്സാകേന്ദ്രങ്ങൾ തുറക്കാൻ കഴിയണം. വയോജനങ്ങൾ, കിടപ്പുരോഗികൾ, അശരണർ എന്നിവരുടെ പട്ടികയും വാർഡുതല സമിതികൾ തയ്യാറാക്കണം. ഭിന്നശേഷിക്കാരുടെ കാര്യത്തിലും പ്രത്യേക ശ്രദ്ധ വേണം.

പട്ടിണി വരാവുന്നവരുടെ പട്ടിക വാർഡ് സമിതികൾ തയ്യാറാക്കണം. യാചകരും തെരുവുകളിൽ കഴിയുന്നവരുമുണ്ട്. എല്ലാവർക്കും ഭക്ഷണം ഉറപ്പാക്കണം. ജനകീയ ഹോട്ടൽ ഉള്ളിടത്ത് അതുവഴി ഭക്ഷണം നൽകും. ഇല്ലാത്ത സ്ഥലങ്ങളിൽ സമൂഹ അടുക്കള ആരംഭിക്കണം. ആദിവാസി മേഖലയിൽ പ്രത്യേകം ശ്രദ്ധിക്കണം.

അതിഥി തൊഴിലാളികൾക്കിടയിൽ രോഗവ്യാപന സാദ്ധ്യത കൂടുതലാണ്. അവിടെ പ്രത്യേക ശ്രദ്ധ വേണം. പരിശോധനയിൽ നിന്ന് ഒഴിഞ്ഞുമാറാൻ ആരെയും അനുവദിക്കരുത്. പോസിറ്റീവ് ആയവരെ മറ്റുള്ളവരുടെ സുരക്ഷ കരുതി മാറ്റി പാർപ്പിക്കണം. നിർമ്മാണപ്രവർത്തനം സർക്കാർ അനുവദിച്ചിട്ടുണ്ട്. തൊഴിലാളികളെ സൈറ്റിൽ തന്നെ താമസിപ്പിക്കണം. അല്ലെങ്കിൽ വാഹനത്തിൽ താമസസ്ഥലത്തെത്തിക്കണം. ജോലി കഴിഞ്ഞ് താമസസ്ഥലത്തേക്ക് തിരിച്ചെത്തിക്കണം. ഇവരെ തൊഴിലിന് ഉപയോഗിക്കുന്നവരാണ് ഇത് ചെയ്യേണ്ടത്. ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് മേൽനോട്ടം വഹിക്കും. ഭക്ഷണകാര്യം തദ്ദേശസ്ഥാപനങ്ങൾ ശ്രദ്ധിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും രോഗികളുടെ ആവശ്യത്തിന് ഒരു ഗതാഗത പ്ലാൻ ഉണ്ടാവണം. ആംബുലൻസ് കൂടാതെ മറ്റു വാഹനങ്ങളെയും ഉപയോഗിക്കാൻ കഴിയണം. ഒരു പഞ്ചായത്തിൽ അഞ്ച് വാഹനവും ഒരു നഗരസഭയിൽ പത്ത് വാഹനവും ഉണ്ടാകണം. വാർഡുതല സമിതികളുടെ കൈവശം പൾസ് ഓക്സിമീറ്റർ കരുതണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഒരു വാർഡുതല സമിതിയുടെ കയ്യിൽ അഞ്ച് ഓക്സിമീറ്റർ എങ്കിലും കരുതുന്നത് നല്ലതാണ്.

സ്വകാര്യ ക്ലിനിക്കുകളിൽ ചിലതെല്ലാം കൊവിഡ് പ്രോട്ടോക്കോളുകൾ ശരിയായ രീതിയിൽ പാലിക്കാതെ പ്രവർത്തിക്കുന്നുവെന്ന പരാതി ഉയരുന്നുണ്ട്. കൊവിഡ് ടെസ്റ്റിനാവശ്യമായ സ്വാബുകൾ ശേഖരിക്കുന്ന കാര്യത്തിലും തിരക്കുകൾ നിയന്ത്രിക്കുന്ന കാര്യത്തിലും പാലിക്കേണ്ട മാനദണ്ഡങ്ങളിൽ വീഴ്ചയുണ്ടാകരുത്. അത്തരത്തിലുള്ള പ്രവണതകളെ വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. കർശനമായ നിയമനടപടികൾ അത്തരം സ്ഥാപനങ്ങൾ നേരിടേണ്ടി വരുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഗ്രാമീണമേഖലയിൽ കൊവിഡ് കേസുകൾ കൂടുന്നു

നഗരങ്ങളിൽ ഒതുങ്ങി നിൽക്കാതെ ഗ്രാമീണ മേഖലകളിലേക്ക് കൂടി ഇന്ത്യയിലെ കൊവിഡിന്റെ രണ്ടാം തരംഗം വ്യാപിച്ചതായി പഠനങ്ങൾ സൂചിപ്പിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ലാൻസെറ്റ് ഗ്ലോബൽ ഹെൽത്ത് എന്ന ജേർണലിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു പഠനമാണ് ഇത് വ്യക്തമാക്കുന്നത്.

ഇന്ത്യയിൽ ഇത്തവണ മരണങ്ങൾ വർദ്ധിക്കാൻ ഇതു കാരണമായതായി വിലയിരുത്തപ്പെടുന്നു. ഇന്ത്യയിലെ ഗ്രാമീണ മേഖലകളിൽ ആരോഗ്യ സംവിധാനങ്ങളുടെ ദൗർലഭ്യമാണ് സ്ഥിതിവിശേഷത്തെ കൂടുതൽ ഗുരുതരമാക്കിയിരിക്കുന്നത്. കേരളത്തിലും രണ്ടാമത്തെ തരംഗത്തിൽ ഗ്രാമീണ മേഖലകളിൽ മുൻപുള്ളതിനെ ക്കാൾ കേസുകൾ കൂടുന്ന പ്രവണതയുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം നഗര-ഗ്രാമ അന്തരം താരതമ്യേന കുറവാണെന്നതും ഗ്രാമീണ മേഖലകളിലും ആരോഗ്യ സംവിധാനങ്ങൾ മറ്റു സംസ്ഥാനങ്ങളെക്കാൾ മികച്ച രീതിയിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട് എന്നതും ആശ്വാസകരമായ കാര്യമാണ്.

ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റിൽ ഉണ്ടാകുന്ന വർദ്ധനവ് കാണിക്കുന്നത് കേരളത്തിൽ രോഗം ഉച്ചസ്ഥായിയിൽ എത്താൻ ഇനിയും സമയമെടുക്കും എന്നാണ്. രോഗവ്യാപനം ഇനിയും കൂടുമെന്ന് അതിൽ നിന്നും മനസ്സിലാക്കാം. എങ്കിലും നഗരങ്ങളിലുള്ളതു പോലെതന്നെ ശക്തമായ നിയന്ത്രണങ്ങൾ ഗ്രാമപ്രദേശങ്ങളിലും അനിവാര്യമാണ്. നിയന്ത്രണങ്ങൾ വിട്ടുവീഴ്ചയില്ലാതെ ഗ്രാമപ്രദേശങ്ങളിലും നടപ്പിലാക്കുന്നെന്ന് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തണം.

ഹോം ക്വാറന്റൈനിൽ കഴിയുന്നവർ ആരോഗ്യവകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കണം. പൾസ് ഓക്സിമീറ്റർ ഉപയോഗിച്ചുകൊണ്ട് അവരുടെ ഓക്സിജൻ നില ഇടയ്ക്കിടെ മോണിറ്റർ ചെയ്യുകയും എന്തെങ്കിലും പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വാർഡ് മെമ്പറുമായോ ആരോഗ്യപ്രവർത്തകരുമായോ ഹെൽപ്പ്ലൈനുമായോ ബന്ധപ്പെട്ടുകൊണ്ട് തുടർനടപടികൾ സ്വീകരിക്കണം. ആർക്കെങ്കിലും ചികിത്സ ലഭിക്കാതെ പോകുന്ന സാഹചര്യം ഉണ്ടാകാതെ നോക്കണം.

56 ശതമാനം ആളുകളിലേക്ക് രോഗം പകർന്നത് വീടുകളിൽ വച്ചാണെന്നാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് നടത്തിയ പഠനം കണ്ടെത്തിയത്. എല്ലാവരും അവരവരുടെ കുടുംബത്തിനു ചുറ്റും ഒരു സുരക്ഷാവലയം ഒരുക്കാൻ ആത്മാർത്ഥമായി ശ്രമിക്കണം. വീട്ടിൽ നിന്നു പുറത്തിറങ്ങുന്നവർ കർശനമായ ജാഗ്രത പുലർത്തണം. വീട്ടിലെ വയോജനങ്ങളും കുട്ടികളുമായി ഇടപഴകുമ്പോൾ നന്നായി ശ്രദ്ധിക്കണം. കഴിയാവുന്നത്ര വീട്ടിൽ നിന്നു പുറത്തിറങ്ങാതിരിക്കുക എന്നതാണ് ഈ ഘട്ടത്തിൽ എടുക്കാവുന്ന ഏറ്റവും പ്രധാന മുൻകരുതൽ.

സാധനങ്ങൾ വാങ്ങാൻ പോകുന്നവർ ഏറ്റവും അടുത്ത കടയിൽ നിന്നും ഏറ്റവും അത്യാവശ്യമുള്ള സാധനങ്ങൾ മാത്രം ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ വാങ്ങുക. പോകുന്ന സമയത്ത് ഡബിൾ മാസ്കുകൾ ഉപയോഗിക്കാനും അകലം പാലിക്കാനും സാനിറ്റൈസർ കയ്യിൽ കരുതാനും ശ്രദ്ധിക്കണം. തിരിച്ച് വീട്ടിലെത്തുമ്പോൾ കൈകാലുകളും മുഖവും സോപ്പുപയോഗിച്ച് വൃത്തിയാക്കണം. കുളിക്കാൻ സാധിക്കുമെങ്കിൽ അതാണ് ഏറ്റവും നല്ലത്. വസ്ത്രങ്ങൾ മാറുകയും വേണം.

തുമ്മൽ, ചുമ, ജലദോഷം, ശ്വാസംമുട്ടൽ തുടങ്ങിയ എന്തെങ്കിലും ലക്ഷണങ്ങൾ കണ്ടാൽ ഉടനെതന്നെ വീട്ടിലാണെങ്കിലും മാസ്ക് ധരിക്കണം. വീട്ടിലെ മറ്റംഗങ്ങളും മാസ്ക് ധരിക്കണം. ഉടനടി ടെസ്റ്റിനു വിധേയമാവുകയും കൊവിഡ് രോഗബാധയുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

കേന്ദ്രസർക്കാരിൽ നിന്നും നമുക്ക് ലഭിച്ചത് 73,38,860 ഡോസുകളാണ്. എന്നാൽ നമ്മൾ ഉപയോഗിച്ചത് 74,26,164 ഡോസുകളാണ്. ഓരോ വാക്സിൻ വൈലിനകത്തും പത്തു ഡോസ് കൂടാതെ വേയ്സ്റ്റേജ് ഫാക്റ്റർ എന്ന നിലയ്ക്ക് ഒരു ഡോസ് അധികമുണ്ടായിരിക്കും. വളരെ സൂക്ഷ്മതയോടെ ഒരു തുള്ളി പോലും പാഴാക്കാതെ ഉപയോഗിച്ചതിനാൽ ഈ അധിക ഡോസ് കൂടി നൽകാൻ സാധിച്ചു. ഇത്തരത്തിൽ അതീവ ശ്രദ്ധയോടെ വാക്സിൻ വിതരണം ചെയ്യാൻ സാധിച്ചത് ആരോഗ്യപ്രവർത്തകരുടെ, പ്രത്യേകിച്ച് നഴ്സുമാരുടെ, മിടുക്കുകൊണ്ടാണ്. ആരോഗ്യപ്രവർത്തകരെ ഇക്കാര്യത്തിൽ ഹാർദ്ദമായി അഭിനന്ദിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞു. □

വാർത്തകൾ വിശേഷങ്ങൾ

കൊവിഡ് പ്രതിരോധം - പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കാം

കേരള പഞ്ചായത്ത്‌രാജ്/കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം, കൊവിഡ് പ്രതിരോധത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഭാവനയായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവായി.

സ.ഉ. (സാധാ.) നമ്പർ. 929/2021/ത.സ്വ.ഭ.വ. തീയതി 29.04.2021

ആരോഗ്യ സ്ഥാപനങ്ങളിൽ ഓക്സിജൻ ലഭ്യത- മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

കൊവിഡ് രണ്ടാം വ്യാപനം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി അതാത് പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവായി.

സ.ഉ. (സാധാ.) നമ്പർ. 944/2021/ത.സ്വ.ഭ.വ. തീയതി 03.05.2021

കൊവിഡ് നോഡൽ ഓഫീസർ നിയമനം സംബന്ധിച്ച സ്പഷ്ടീകരണം

കൊവിഡ് രണ്ടാം വ്യാപനം പ്രതിരോധത്തിന്റെ ഭാഗമായി നോഡൽ ഓഫീസർമാരായി നിയമിക്കുവാൻ പര്യാപ്തമായ ജീവനക്കാരുടെ കുറവ് ഉണ്ടാകുന്ന ജില്ലകളിൽ എക്സ്റ്റൻഷൻ ഓഫീസർ (ജനറൽ) എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) എക്സ്റ്റൻഷൻ ഓഫീസർ (വിമൺ) എന്നിവരുടെ സേവനം വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവായി.

സ.ഉ. (സാധാ.) നമ്പർ. 948/2021/ത.സ്വ.ഭ.വ. തീയതി 04.05.2021

മാലിന്യസംസ്കരണം വി.ഇ.ഒ. മാരുടെ ഉത്തരവാദിത്തം - സ്പഷ്ടീകരണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്ത് വി.ഇ.ഒ.മാരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കി സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിച്ചു.

ജി.ഒ. (ആർ.ടി.) നമ്പർ. 949/2021/എൽ.എസ്.ജി.ഡി. തീയതി 05.05.2021

പൊതുസ്ഥലങ്ങൾ അണുവിമുക്തമാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വിവാഹം, യോഗങ്ങൾ തുടങ്ങി ആൾക്കൂട്ടം ഉണ്ടാകുന്ന സ്ഥലങ്ങളെ ചടങ്ങിന് മുമ്പും ശേഷവും അണുവിമുക്തമാക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സ.ഉ. (സാധാ.) നമ്പർ. 960/2021/ത.സ്വ.ഭ.വ. തീയതി 06.05.2021

ജനനരജിസ്റ്ററിൽ പേരുചേർക്കൽ - സ്പഷ്ടീകരണം

ദാമ്പത്യ പ്രശ്നങ്ങൾ കാരണം ഭാര്യഭർത്താക്കന്മാർ വേർപിരിഞ്ഞ് താമസിക്കുന്ന കേസുകളിൽ കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെയോ പിതാവിന്റെയോ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് ചേർക്കുന്നതിന് രജിസ്ട്രാർമാർക്ക് അനുമതി നൽകി ഉത്തരവായി.

ഉത്തരവ് നമ്പർ. PAN/547/2021-B1(DP) തീയതി 22.01.2021

യോഗങ്ങൾ ഓൺലൈനായി ചേരാം

കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈൻ വീഡിയോ കോൺഫറൻസ് വ്യവസ്ഥ ചെയ്യാൻ സാധിക്കുന്ന വെർച്വൽ ഓഫീസിനെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ആസ്ഥാനമായി പ്രഖ്യാപിച്ചുകൊണ്ട് യോഗങ്ങൾ ചേരാവുന്നതാണ്.

സർക്കുലർ നമ്പർ. ഡിസി1/86/2021/ത.സ്വ.ഭ.വ. തീയതി 23.04.2021

മാലിന്യശേഖരണം-മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

ഹരിതകർമ്മ സേനാംഗങ്ങളുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കിക്കൊണ്ട് മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം നടത്തുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ നമ്പർ. 101/ഡിസി1/2021/ത.സ്വ.ഭ.വ. തീയതി 08.05.2021

കൊവിഡ്-19 - ജനന രജിസ്ട്രേഷൻ

ലോക്ക്ഡൗൺ കാലയളവിൽ റിപ്പോർട്ടിംഗ് കാലാവധി അവസാനിക്കുന്ന ജനന മരണങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യിട്ടില്ലെങ്കിലോ രജിസ്ട്രേഷൻ നടന്നിട്ടില്ലെങ്കിലോ അപ്രകാരമുള്ള അപേക്ഷകൾ യഥാസമയം റിപ്പോർട്ട് ചെയ്തതായി കണക്കാക്കി ജനനം/മരണം രജിസ്റ്റർ ചെയ്യാവുന്നതാണ്.

സർക്കുലർ നമ്പർ. PAN/5771/2020–B1 (DP) തീയതി: 15.5.2021

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

മഴക്കാലരോഗ പ്രതിരോധത്തിന് ജനകീയ ക്യാമ്പയിൻ

■ കെ. രാജേഷ്

അതീവ ഗുരുതരമായ കൊവിഡ് 19 മഹാമാരി നമ്മെ പിടി കൂടിയിട്ട് ഏതാണ്ട് ഒന്നര വർഷം ആകുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചതോടെ കേരളം നേരിടുന്നത് ഒരു വലിയ പ്രതിസന്ധിയെ ആണ്. നമ്മുടെ ആശുപത്രി കിടക്കകൾ നാം ഒരിക്കലും പ്രതീക്ഷിക്കാത്ത തരത്തിൽ നിറഞ്ഞു കവിയുന്നു. ആരോഗ്യ സംവിധാനമാകെട്ടെ കൊവിഡ് അല്ലാത്ത മറ്റ് രോഗങ്ങളെ ശ്രദ്ധിക്കാൻ പോലും ആകാത്ത തരത്തിൽ കടുത്ത ജോലി ഭാരം നേരിടുന്നു. ഈ സാഹചര്യത്തിൽ പുതിയ മറ്റ് രോഗങ്ങളുടെ വ്യാപനം ഒഴിവാക്കേണ്ടതിന്റെ പ്രസക്തി ഏറെ വർദ്ധിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് മഴക്കാല രോഗങ്ങളെ പ്രതിരോധിക്കേണ്ടതിന്റെ പ്രാധാന്യം നാം ചർച്ച ചെയ്യുന്നത്.

മഴക്കാലരോഗങ്ങളും കേരളവും

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്ത മായി 5 മാസക്കാലം തുടർച്ചയായി മഴ ലഭിക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. 3000 മില്ലിമീറ്റർ മഴ ഓരോ വർഷവും ശരാശരി ലഭിക്കുന്ന നമുക്ക് മഴയുടെ ലഭ്യതയുടെ അളവും ഏറെ കൂടുതൽ ആണ്. 44 നദികളും 30 ലേറെ കായലുകളും ഓരോ പഞ്ചായത്തിലും 15 മുതൽ 30 കിലോമീറ്റർ വരെ നീണ്ടു കിടക്കുന്ന തോടുകളുടെ ശൃംഖലയും ഉൾനാടൻ കുളങ്ങളും നമ്മുടെ ജല വ്യവസ്ഥയെ സമ്പുഷ്ടമാക്കുന്നു. ഇതോടൊപ്പം 85 ലക്ഷത്തോളം വരുന്ന കുടുംബങ്ങളിൽ പകുതിയിലേറെ കിണറുകളെയാണ് ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് എന്നത് ഏറെ പ്രധാനമാണ്.

മേൽ സൂചിപ്പിച്ച സമ്പന്നമായ ജല വ്യവസ്ഥ നമുക്ക് അനുഗ്രഹമാണ്. എന്നതോടൊപ്പം തന്നെ നീണ്ട ഈ കാലവർഷക്കാലവും ജല വ്യവസ്ഥയുടെ ശുചിയായ പരിപാലനത്തിലെ പരിമിതികളും നമ്മുടെ മുന്നിൽ വെല്ലുവിളികൾ സൃഷ്ടിക്കുന്നു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി വിവിധ തരത്തിലുള്ള ജലജന്യ, പ്രാണിജന്യ രോഗ

മലയാളികൾ വ്യക്തിശുചിത്വം പാലിക്കുമ്പോഴും സാമൂഹികശുചിത്വം പാലിക്കുന്നതിൽ പുലർത്തുന്ന അവഗണനയാണ് പ്രാണി ജന്യ രോഗങ്ങൾ പെരുകാൻ കാരണമാകുന്നത്, മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് വലിച്ചെറിയുന്നതാണ് ഇതിന് പ്രധാന കാരണം. നദികൾ, കായലുകൾ തോടുകൾ, കുളങ്ങൾ എന്നീ ജല സ്രോതസ്സുകളെ മാലിന്യം തള്ളാനുള്ള ഉപാധിയായി നാം കാണുന്നു

ങ്ങളുടെ വ്യാപന കാലമായും പനിക്കാലമായും കേരളീയരുടെ മഴക്കാലം മാറുന്നു.

ഹെപ്പറ്റൈറ്റിസ് എ, ടൈഫോയ്ഡ്, ഛർദ്ദി, വയറിളക്കം തുടങ്ങിയ ജലജന്യരോഗങ്ങൾ കേരളത്തിൽ മഴക്കാലത്ത് വ്യാപിക്കുന്നു. അടുത്ത കാലത്താകട്ടെ ഏറെ മാരകമായ ഷിഗല്ല രോഗവും റിപ്പോർട്ട് ചെയ്യപ്പെടുന്നു. ജല വ്യവസ്ഥയുടെ മലിനീകരണമാണ് ജല ജന്യ രോഗങ്ങളുടെ അടിസ്ഥാന കാരണം. കേരളത്തിലെ 60 ശതമാനത്തോളം കിണറുകളിൽ ഏറെ അപകടകരമായ ഇ-കൊളി ബാക്ടീരിയയുടെ സാന്നിദ്ധ്യം കൂടുതലാണ് എന്ന് പഠനങ്ങൾ കാണിച്ചിട്ടുണ്ട്. സുരക്ഷിതമല്ലാത്ത സെപ്റ്റിക് ടാങ്ക് സംവിധാനവും അതിൽ നിന്ന് ജലം കിണറിലേക്ക് കലരുന്നതും ഇതിന്റെ കാരണങ്ങൾ ആണ്.

ഇതോടൊപ്പം ഡെങ്കിപ്പനി, ചിക്കൻ ഗുനിയ, മുതലായ കൊതുക് ജന്യ രോഗങ്ങൾ വലിയ തോതിൽ പടർന്ന സ്ഥിതിയും നാം നേരിടേണ്ടി വന്നിട്ടുണ്ട്. ചില സ്ഥലങ്ങളിൽ എങ്കിലും മലേറിയ നില നിൽക്കുന്നുമുണ്ട്. ഇതോടൊപ്പം എലിപ്പനി , ചെള്ള് പനി, കുരങ്ങ് പനി, പക്ഷിപ്പനി മുതലായ ജന്തുജന്യ രോഗങ്ങളും ഇന്ന വിവിധ തരത്തിൽ പ്രകടമാകുന്നു. ജല വ്യവസ്ഥയുടെ ശുചിയായ പരിപാലനത്തിലെ പരിമിതികൾ തന്നെയാണ് കൊതുകുജന്യരോഗങ്ങൾ പടരുന്നതിന് കാരണം,

മലയാളികൾ വ്യക്തിശുചിത്വം പാലിക്കുമ്പോഴും സാമൂഹികശുചിത്വം പാലിക്കുന്നതിൽ പുലർത്തുന്ന അവഗണനയാണ് പ്രാണി ജന്യ രോഗങ്ങൾ പെരുകാൻ കാരണമാകുന്നത്, മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് വലിച്ചെറിയുന്നതാണ് ഇതിന് പ്രധാന കാരണം. നദികൾ, കായലുകൾ തോടുകൾ, കുളങ്ങൾ എന്നീ ജല സ്രോതസ്സുകളെ മാലിന്യം തള്ളാനുള്ള ഉപാധിയായി നാം കാണുന്നു. ഇക്കാര്യത്തിൽ വലിയ മനോഭാവ മാറ്റം ഉണ്ടായാൽ മാത്രമേ കേരളത്തിലെ ജല ജന്യ, പ്രാണി ജന്യ രോഗങ്ങളുടെ വ്യാപനം തടയാൻ സാധിക്കൂ.

മാലിന്യ സംസ്കരണം, ജല സ്രോതസ്സുകളുടെ ശുദ്ധീകരണം എന്നീ മേഖലകളിൽ ഹരിതകേരള മിഷനും, ശുചിത്വമിഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയോടെ തുടങ്ങി വച്ചിട്ടുള്ള ഇടപെടലുകൾ ഈ പശ്ചാത്തലത്തിൽ ഏറെ ശ്രദ്ധേയമാണ്. ഈ വർഷം മെയ് മാസത്തിൽ ന്യൂനമർദ്ദത്തെ തുടർന്നുണ്ടായ മഴയും കാലവർഷം മെയ് അവസാനത്തിൽ തന്നെ എത്തുമെന്ന മുന്നറിയിപ്പും മഴക്കാല പൂർവ്വ ശുചീകരണം ഉടൻ ചെയ്യേണ്ടതിനെ ഊട്ടിയുറപ്പിക്കുന്നു

മഴക്കാല പൂർവ്വ ശുചീകരണം

2017 മുതൽ കേരളത്തിൽ മഴക്കാല പൂർവ്വ ശുചീകരണം എന്നത് ഒരു ക്യാമ്പയിനായി പ്രവർത്തനം നടക്കുന്നു. ഇതിന്റെ ഭാഗമായി തദ്ദേശസ്ഥാപന തലങ്ങളിലും, വാർഡുതലത്തിലും ആരോഗ്യ ശുചിത്വ പോഷണ സമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കാറുണ്ട്. വീടുകൾ കയറിയുള്ള പരിശോധനയും വ്യാപാര-പൊതുസ്ഥാപനങ്ങളുടെ ശുചീകരണവും ഇതിന്റെ ഭാഗമായി നടക്കാറുണ്ട്. ഇതോടൊപ്പം 2018ലെ പ്രളയ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തോടുകൾ, നീർച്ചാലുകൾ, ജലാശയങ്ങൾ എന്നിവയുടെ ശുചീകരണത്തിന് മഴക്കാലത്തിന് മുൻപേ ആസൂത്രിതമായ ഇടപെടലുകളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിനായി പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ പണം മാറ്റിവയ്ക്കാനുള്ള നിർദ്ദേശങ്ങളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവിലൂടെ നൽകിയിട്ടുണ്ട്.

മഴക്കാല പൂർവ്വ ശുചീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

ഇടപെടാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ധന ഉപയോഗ അനുമതിയും നിലവിൽ നൽകി യിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെ സജീവ ഇടപെടലുകളാണ് ഈ മേഖലയിൽ ഇനി വേണ്ടത്.

ശുചീകരണത്തിന് ഒരു ജനകീയ പരിപാടി

വലിയ ജനപങ്കാളിത്തത്തോടെ ഒരു ക്യാമ്പയിൻ മാതൃകയിൽ തദ്ദേശസ്ഥാപന ങ്ങൾ ഏറ്റെടുക്കേണ്ട ഒന്നാണ് മഴക്കാല പൂർവ്വ ശുചീകരണം. എന്നാൽ കൊവിഡ് വ്യാപന പശ്ചാത്തലത്തിൽ അത്തരം ഒരു ജനകീയ ക്യാമ്പയിന് ഇപ്പോൾ പരിമി തികൾ ഉണ്ട്. എങ്കിലും തദ്ദേശസ്ഥാപനങ്ങ ളിൽ താഴെതലം വരെയുള്ള ജനകീയ സംവിധാനം ഉപയോഗിച്ച് ചിട്ടയായി ആസൂത്രണം ചെയ്താൽ കൊവിഡ് വ്യാപന ത്തിന് ഇടയിലും മഴക്കാല പൂർവ്വ ശുചീകരണം ഫലപ്രദമായി ഏറ്റെടുക്കാം.

ഇതിന് സഹായകമാകുന്ന ചില ഇടപെടൽ സാധ്യതകളാണ് തുടർന്ന് സൂചി പ്പിക്കുന്നത്

വാർഡ് - തദ്ദേശ സ്ഥാപനതല സമിതിയുടെ യോഗം

ഏറ്റവും അടുത്ത ദിവസങ്ങളിൽ തന്നെ തദ്ദേശസ്ഥാപന തലത്തിലും വാർഡ് തലത്തിലും ഉള്ള ആരോഗ്യ, ശുചിത്വ പോഷണ സമിതികൾ യോഗം ചേരാം, വാർഡുകളിൽ 50 വീടുകളുടെ ക്ലസ്റ്റർ കമ്മറ്റി കളുടെ ചുമതലക്കാരുടെ യോഗം കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ചേരാം. അതു പോലെ തദ്ദേശസ്ഥാപന തലത്തിൽ വ്യാപാരി സംഘടനകൾ, ഓട്ടോ, ടാക്സി, തൊഴിലാളികൾ, സന്നദ്ധ സംഘടനാപ്ര വർത്തകർ, യുവജന സംഘടനാ പ്രവർ ത്തർ തുടങ്ങിയവരുടെ ചെറുയോഗങ്ങൾ ചേരാം. ഈ യോഗങ്ങളിൽ അതാത് ഗ്രൂപ്പ കളുടെ തദ്ദേശ സ്ഥാപനതല വാട്ട്സാപ്പ്/ ഓൺലൈൻ യോഗങ്ങൾ ആസൂത്രണം ചെയ്യാം. ഓരോ സ്ഥാപനം, കവലകൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ എന്നിവി ടങ്ങളിൽ ചെയ്യേണ്ട ശുചീകരണ പ്രവർത്ത നത്തിന് മെയ് അവസാനം ഒരു പൊതു ദിനം നിശ്ചയിക്കാം.

വീട് ക്ലസ്റ്ററുകളുടെ ഓൺലൈൻ യോഗങ്ങൾ

വാർഡ് സമിതിയുടെ നേതൃത്വത്തിൽ 50 വീടുകളുടെ ക്ലസ്റ്ററുകൾ രൂപീകരിക്കണം. ഇതിന് അംഗൻവാടി, ആശ പ്രവർത്തകർ, കുടുംബശ്രീകളിലെ ആരോഗ്യ വളണ്ടിയർ എന്നിവർക്ക് ചുമതല നൽകാം. ക്ലസ്റ്ററി നകത്തെ വീട്ടുകാരുടെ ഫോൺ നമ്പറുകൾ ചേർത്ത് ഓൺലൈൻ ഗ്രൂപ്പുകൾ ഉണ്ടാക്കാം. തുടർന്ന് വാർഡ് മെമ്പറുടെയും/കൗൺസില റുടെയും നേതൃത്വത്തിൽ കുടുംബ ക്ലസ്റ്ററുകളുടെ ഓൺലൈൻ യോഗങ്ങൾ ചേരണം.

ഈ യോഗങ്ങളിൽ ഓരോ വീട്ടുകാരും ചെയ്യേണ്ട ശുചീകരണ പ്രവർത്തനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങളും അതിനുള്ള സമയ പരിധിയും നൽകണം, ഇതേ തുടർന്ന് ഓരോ ക്ലസ്റ്ററിലും നിലനിൽക്കുന്ന ശുചിത്വ പ്രശ്നങ്ങൾ ചർച്ചയിലൂടെ പട്ടികപ്പെ ടുത്തണം. കള്ളസ് മാലിന്യം വഴിയുള്ള മലി നീകരണം, വീടുകളിലെ മാലിന്യ സംസ്കരണ ഉപാധികളുടെ ഉപയോഗം, ഹരിതകർമ്മ സേന പ്രവർത്തനം, അജൈവ മാലിന്യ ശേഖരണ സംവിധാനം, ദ്രവമാലിന്യ സംസ്ക രണത്തിനുള്ള സംവിധാനം, ജലാശയങ്ങ ളിലേക്ക് തുറന്നുവച്ച് പൊതു ഇടങ്ങളിൽ മാലിന്യങ്ങൾ തള്ളുന്ന ഇടം, തോടുകളിൽ നിന്ന് മാലിന്യങ്ങളും ചെളിയും നീക്കംചെയ്ത് വൃത്തിയാക്കേണ്ട ഇടങ്ങൾ എന്നിയെല്ലാം ക്ലസ്റ്റർ തലത്തിൽ മാപ്പ് ചെയ്യണം.

ഗൃഹസന്ദർശനങ്ങൾ - ശുചീകരണ ദിനം ആചരിക്കൽ

എല്ലാ വീടുകളിലും തദ്ദേശ സ്ഥാപനത ലത്തിൽ ഒരു പൊതുശുചീകരണ ദിനം പ്ര ഖ്യാപിക്കാം. അന്ന് ശുചീകരണം നടക്കുന്ന രീതിയിൽ ആസൂത്രണം നടത്താം.

തുടർന്ന് അതാത് പ്രദേശത്തെ കുടുംബശ്രീ

ആരോഗ്യ വളണ്ടിയർ, അംഗൻ വാടി പ്രവർത്തകർ എന്നിവർ വീടുകൾ സന്ദർശിച്ച ശുചീകരണ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. ചെയ്യാത്ത വീടുകളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം. ക്ലസ്റ്റർ കമ്മറ്റിയുടെ നേതൃത്വത്തിൽ അതാതിടത്തെ തെരുവുകൾ, പൊതു ജലാശയങ്ങൾ എന്നിവ ശുചീകരിക്കണം. മാലിന്യം നിറഞ്ഞ് കിടക്കുന്ന നമ്മുടെ ഇടങ്ങളിലും ജലാശയങ്ങളിലും അവ നിശ്ചിത ദിവസത്തിനകം ശുചീകരിക്കാൻ സ്ഥലത്തെ ആളുകൾക്ക് നിർദ്ദേശം നൽകണം.

കിണർ ക്ലോറിനേഷൻ

ഗൃഹ സന്ദർശനത്തിനൊപ്പം ഓരോ വീട്ടിലും കിണർ, ശുചീകരിക്കാൻ ബ്ലീച്ചിങ്ങ് പൗഡർപാക്കറ്റുകൾ നൽകി ശുചീകരണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽ കണം.

ജലാശയ ശുചീകരണം

മഴക്കാല പൂർവ്വ നീർച്ചാൽ ശുചീകരണ ഫണ്ട്, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സാദ്ധ്യതകൾ ഉപയോഗിച്ച് ജൂൺ ആദ്യവാരത്തിൽ തന്നെ തദ്ദേശസ്ഥാപനത്തിലെ പൊതു നീർച്ചാലുകളിലെ ചെളിനീക്കൽ, ചണ്ടി നീക്കൽ എന്നിവ ചെയ്യണം. യന്ത്രങ്ങളുടെ സഹായവും ദ്രുതഗതിയിൽ പ്രവർത്തനം പൂർത്തിയാക്കാൻ വേണ്ടി ഉപയോഗിക്കാം, അതാതിടത്തെ ക്ലസ്റ്റർ/വാർഡ് തല സമിതികളുടെ നിരീക്ഷണത്തിൽ ആകണം ഈ പ്രവർത്തനങ്ങൾ നടക്കേണ്ടത്.

സ്ഥാപന ശുചീകരണം

തദ്ദേശ സ്ഥാപനത്തിലെ അംഗൻവാടികൾ, സ്കൂളുകൾ, ഓഫീസുകൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എല്ലാം ശുചീകരണ ദിനത്തിൽ അതാത് സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശുചീകരണം നടക്കും എന്ന് വാർഡ്/ ക്ലസ്റ്റർ തല സമിതികൾ വഴി ഉറപ്പാക്കണം. ഇതിനായി സ്ഥാപനതല സന്ദർശനങ്ങളും ആസൂത്രണം ചെയ്യാം.

മാലിന്യ ശേഖരണം

വീടുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ ശുചീകരണ ദിനത്തിലെ പ്രവർത്തനത്തിന് ശേഷം അവർ അതാതിടത്ത് സൂക്ഷിച്ച അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിതകർമ്മ സേനയുടെ ഭവന സന്ദർശനം ജൂൺ ആദ്യത്തിൽ തന്നെ ആസൂത്രണം ചെയ്യണം.

മാലിന്യ സംസ്കരണത്തിന് ഒരു സുസ്ഥിര സമീപനം

ഓരോ തദ്ദേശ സ്ഥാപനത്തിലേയും വീട്ടിലും കച്ചവട സ്ഥാപനങ്ങളിലും വകുപ്പ് സ്ഥാപനങ്ങളിലും ജൈവ/അജൈവ മാലിന്യ സംസ്കരണത്തിന് ഒരു സ്ഥായിയായ സംവിധാനം ഉണ്ടാക്കേണ്ട ഉത്തരവാദിത്തം അതാത് തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.

അജൈവ മാലിന്യങ്ങൾ ശേഖരിക്കാനുള്ള ഹരിതകർമ്മ സേനകളെ ഫലപ്രദമായി പ്രവർത്തിപ്പിക്കണം. ജൈവ മാലിന്യ സംസ്കരണത്തിന് എല്ലാ വീട്ടിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താൻ ഒരു നിശ്ചിത സമയത്തിനകം ശ്രമിക്കണം.

ഇതോടൊപ്പം ദ്രവമാലിന്യ സംസ്കരണത്തിന്റെ വിവിധ രീതികൾ ഗാർഹിക/ സ്ഥാപന തലങ്ങളിൽ വ്യാപകമാക്കണം. ഗാർഹിക/സ്ഥാപന തലങ്ങളിലും പൊതു ഇടങ്ങളിലും മാലിന്യ രഹിതമായ അന്തരീക്ഷത്തിലേക്ക് ഘട്ടം ഘട്ടമായി നടന്നടുക്കാനാകണം. സമ്പൂർണ്ണ ശുചിത്വ പദവിയിലേക്കുള്ള യാത്രയുടെ ആദ്യപടിയായി വേണം ഈ വർഷത്തെ മഴക്കാലപൂർവ്വ ശുചീകരണത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാണേണ്ടത് □

കിലയിലെ സീനിയർ അർബൻ ഫെല്ലോയാണ് ലേഖകൻ

മാതൃഭാഷ പ്രാണനാകണം

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ

മലയാളം അടിച്ചേല്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്. കുവെമ്പുവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്ന ഭാഷാകാര്യങ്ങളെക്കുറിച്ചു ചിന്തിച്ചുവല്ലോ. ഒരു ചെടിയായാലും മരമായാലും അതിനു വളർന്നുപടരാൻ എത്ര വിസ്തൃതമായ ആകാശമുണ്ടായാലും ശരി, വളവും വെള്ളവും ലഭിക്കാൻ ഇറ്റു മണ്ണു വേണം. ആ മണ്ണാണ് നമ്മെ സംബന്ധിച്ചിടത്തോളം, സാംസ്കാരികമായി വളരാനാവശ്യമായ ഭാഷ.

ഭാഷകൾ എല്ലാം നല്ലതാണ്. ഒന്ന് ഒന്നിനെക്കാൾ നീചമോ ശ്രേഷ്ഠമോ അല്ല. എന്നാൽ ജന്മം കൊണ്ട് ലഭിക്കുന്ന ഭാഷ, അവയിലൂടെ ലഭിക്കുന്ന ഭാഷ മറ്റു ഭാഷകളിൽ നിന്നു ശ്രേഷ്ഠമാണ്. അതിനെ നാം മാതൃഭാഷ എന്നു വിളിക്കുകയും മാതാവിനെ എന്ന പോലെ പരിഗണിക്കുകയും ചെയ്യുന്നു. രക്തമാംസാസ്ഥികളിൽ അലിഞ്ഞുചേർന്നതാണ് ആ ഭാഷ.

ഗാന്ധിജി പറഞ്ഞു - എന്തൊക്കെ വൈകല്യങ്ങളുണ്ടെങ്കിലും മാതൃഭാഷയോട് അമ്മയുടെ മുന്നിലേക്കെന്നപോലെ ഞാൻ ചേർന്നുനിൽക്കും. എന്റെ ജീവൻ നിലനിർത്താൻവേണ്ട പാല്യതരാൻ അതിനു മാത്രമേ കഴിയൂ. ഭാരതത്തിലെ ഭാഷാപ്രശ്നം ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമാക്കി വളർത്തിയ മഹാത്മാഗാന്ധിയുടെ വാക്കുകളാണിവ.

ബ്രിട്ടീഷ് ആധിപത്യത്തിനും മെക്കാളെ അടിച്ചേല്പിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും കീഴിൽ ഞെരിഞ്ഞമർന്നു നെടുനാൾ കഴിഞ്ഞതിന്റെ ദുരന്തഫലം ചില്ലറയല്ല. നമ്മുടെ മാനസികമായ അടിമത്തവും തന്മൂലമുണ്ടായ സാംസ്കാരികമായ അധഃപതനവും രാഷ്ട്രീയമായ കീഴടങ്ങലിനെക്കാൾ ഗാന്ധിജിയെ ദുഃഖാകുലനാക്കി. അദ്ദേഹം പറഞ്ഞു – ജനലക്ഷങ്ങൾക്കു പ്രാഥമിക വിദ്യാഭ്യാസത്തിനു പോലും നമുക്കു ഏർപ്പാടുകളില്ലാതിരിക്കുമ്പോൾ, ഇംഗ്ലീഷ് പഠിക്കാൻ നമുക്കെങ്ങനെ ഏർപ്പാടുണ്ടാക്കാൻ കഴിയും. റഷ്യയ്ക്ക് ഇംഗ്ലീഷിന്റെ സഹായമില്ലാതെയാണ് ഇത്രയും ശാസ്ത്രപുരോഗതി ഉണ്ടാക്കാൻ സാധിച്ചത്. ഇംഗ്ലീഷില്ലാതെ കഴിയില്ല എന്നു തോന്നുന്നത്, നമ്മുടെ മാനസിക അടിമത്തം കാരണമാണ്. എനിക്ക് ഈ പരാജയബോധത്തിലടിയുറച്ച മതം അഭിമതമല്ല.

ഇംഗ്ലീഷിനെ പൂർണ്ണമായി വർജ്ജിക്കണമെന്നല്ല ഗാന്ധിജി പറഞ്ഞത്. മറ്റൊരിക്കൽ അദ്ദേഹം അതിങ്ങനെ വ്യക്തമാക്കുന്നുണ്ട്. ഇംഗ്ലീഷുകാരായ അപഹർത്താവിന്റെ രാഷ്ട്രീയഭരണത്തെ നാം വിജയപൂർവ്വം ബഹിഷ്കരിച്ചതുപോലെ ഒരു സാംസ്കാരിക അപഹർത്താവെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷയെയും നാം ബഹിഷ്കരിക്കേണ്ടിയിരിക്കുന്നു. ആംഗലേയഭാഷയെ വാണിജ്യത്തിനും നയതന്ത്രത്തിനുമുള്ള രാഷ്ട്രാന്തരഭാഷ എന്ന പദവി മാത്രം നിലനിർത്തേണ്ടതാണ്. ഗാന്ധിജി എല്ലാ ഭാഷയെയും സ്നേഹിച്ചു. എന്നാൽ ഗുജറാത്തിയെ നെഞ്ചോടുചേർത്തു.

വികസിതരാജ്യങ്ങളെല്ലാം പുരോഗതി കൈവരിച്ചത് സ്വന്തം ഭാഷയുടെയും സംസ്കാരത്തിന്റെയും പോഷണത്തിലൂടെയാണ്. ഫ്രാൻസ്, ജർമ്മനി, ജപ്പാൻ, സ്പെയിൻ, റഷ്യ തുടങ്ങി ഏതു രാജ്യങ്ങളുടെയും ചരിത്രം പഠിച്ചാൽ ഇതു മനസ്സിലാകും.

ബഹിരാകാശയാത്രയ്ക്കുള്ള പരിശീലനത്തിന് റഷ്യയിലെത്തിയ രാകേഷ് ശർമ്മയ്ക്ക് ആദ്യം പരിശീലനം നൽകിയത് റഷ്യൻ ഭാഷയിലാണ്. ബഹിരാകാശത്തു ചെല്ലുമ്പോൾ നിർദ്ദേശങ്ങളെല്ലാം റഷ്യൻ ഭാഷയിലാകുന്നു. ജപ്പാനിൽ നിന്നുവരുന്ന വാഹനങ്ങളുടെ പേരുകൾ ശ്രദ്ധിക്കൂ. അവരുടെ വയലുമായും കൃഷിയുമായും ബന്ധപ്പെട്ട പേരുകളാവും നമുക്കു കാണാൻ സാധിക്കുക. ഉന്നതവിദ്യാഭ്യാസത്തിനും ജോലിയ്ക്കും അവിടങ്ങളിൽ എത്തുന്ന നാം അവരുടെ ഭാഷ പഠിച്ച് കാര്യങ്ങൾ നിർവ്വഹിക്കുന്നു.

മലയാളം പഠിക്കുക, പ്രയോഗിക്കുക എന്നത് മലയാളികളുടെ ധാർമ്മികമായ കടമയാണ്. മാതൃഭാഷയോടുള്ള സമീപനത്തിൽ നമുക്ക് ആരോഗ്യകരമായ മാറ്റം ഉണ്ടാകണം. കാരണം, ഭാഷയാണ് സംസ്കാരം. ഭാഷ ആശയവിനിമയോപാധിയാണ്. ഏറ്റവും സമർത്ഥമായി ആശയവിനിമയം ചെയ്യാൻ ഒരാൾക്കു കഴിയുന്നത് മാതൃഭാഷയിലാണ്. അന്യഭാഷയിൽ ആശയവിനിമയം ചെയ്യുമ്പോഴൊക്കെ ഒരപൂർണ്ണത അനുഭവപ്പെടുന്നു. മലയാളവും സംസ്കൃതവും അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുമായിരുന്ന കുഞ്ചൻ നമ്പ്യാർ പറയുന്നതു കേൾക്കുക :

> ഭടജനങ്ങടെ നടുവിലുള്ളൊരു
> പടയണിക്കിഹ ചേരുവാൻ
> വടിവിയന്നൊരു ചാരുകേരള-
> ഭാഷതന്നെ ചിതംവരൂ
> കടുവടെക്കടുകഠിന സംസ്കൃത
> വികടകടുകവി കേറിയാൽ
> ഭടജനങ്ങൾ ധരിക്കയില്ല
> തിരിക്കുമൊക്കെയുമേറ്റുടൻ.

എന്റെ മുൻപിലിരിക്കുന്ന സാധാരണ ജനങ്ങൾക്ക് ഞാൻ പറയുന്നതെന്തെന്ന് മനസ്സിലാകണം. അല്ലെങ്കിൽ എഴുന്നേറ്റ് അവർ പോകും. അപ്പോൾ മനസ്സിലാക്കലാണ്, അറിയിക്കലാണ്, നന്നായി ആശയവിനിമയം നടത്തുന്നതിനുപയുക്തമായ ഭാഷയാണുപയോഗിക്കേണ്ടത് എന്നു വ്യക്തം. മഹാകവി വള്ളത്തോൾ നാരായണ മേനോൻ എന്റെ ഭാഷ എന്ന കവിതയിൽ എഴുതുന്നു:

> മറ്റുള്ള ഭാഷകൾകേവലം ധാത്രിമാർ
> മർത്ത്യന്നു പെറ്റമ്മ തൻഭാഷ താൻ
> മാതാവിൻ വാൽസല്യദുഗ്ധം നുകർന്നാലേ
> പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ.

അമ്മയുടെ മുലപ്പാൽ പോലെയാണ് ഒരു കുഞ്ഞിനു മാതൃഭാഷ. മഹാകവി ഉള്ളൂർ പറയുന്നതുകൂടി ശ്രദ്ധിക്കാം:

> അടിയനിനിയുമുണ്ടാം ജന്മമെന്നാലതെല്ലാ-
> മടിമുതൽ മുടിയോളം നിന്നിലാകട്ടെ തായേ
> അടിമലരിണവേണം താങ്ങുവാൻ
> മറ്റൊരേട-
> ത്തടിയവനു ഞെരുക്കം മുക്തി
> സിദ്ധിക്കുവോളം

എല്ലാ ജന്മങ്ങളിലും ഈ മലയാളഭാഷയുടെ മടിയിൽത്തന്നെ പിറന്നുവീഴണമെന്നാണ് ഉള്ളൂരിന്റെ പ്രാർത്ഥന.

ഉള്ളൂർ മറ്റൊരിടത്തു പറയുന്നുണ്ട്, മാതൃഭാഷാസ്നേഹം പോരാ, മാതൃഭാഷാഭിനിവേശം പോരാ, മാതൃഭാഷാഭ്രാന്തു തന്നെ വേണമെന്ന്. കവിക്കും കാമുകനുമുള്ള ഭ്രാന്താണിത്. മാതൃഭാഷ ഒരുവന്റെ ഉടുപ്പല്ല, തൊലിയല്ല, പ്രാണൻ തന്നെയാണ്. □

കോഴിക്കോട്

■ ഡോ. വിളക്കുടി രാജേന്ദ്രൻ

കേരളത്തിലെ ഒരു കടലോര ജില്ലയും അതിന്റെ ആസ്ഥാനമായ കോർപ്പറേഷനും. ചരിത്ര സാംസ്കാരിക പഴമയും വാണിജ്യ പ്രാധാന്യവുമുള്ള പ്രശസ്ത നഗരമാണ് കോഴിക്കോട്. മലബാറിന്റെ സിരാകേന്ദ്രം. നാടുവാഴിയായിരുന്ന കോഴിക്കോട് സാമൂതിരിയുടെ കോട്ടയും കൊട്ടാരവും സ്ഥിതി ചെയ്തിരുന്ന സ്ഥലമാണ് കോട്ടപ്പറമ്പിൽ. സാമൂതിരിയുടെ നീരാട്ടുകളമായിരുന്ന നഗരമദ്ധ്യത്തിലുള്ള മാനാഞ്ചിറ (മാനവിക്രമൻചിറ). 1766 ൽ ഹൈദരലി കോവിലകം തീവച്ചു നശിപ്പിച്ചു. പഴയ ചൈനീസ് തെരുവ് ഇന്നത്തെ പട്ടുശാല തെരുവായി മാറി.

15-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ സാംസ്കാരികകേന്ദ്രം എന്ന നിലയിൽ ഈ നഗരത്തിന്റെ ഖ്യാതി വർദ്ധിച്ചു. പതിനെട്ടരക്കവികളുടെ പുരസ്കർത്താവും ഗ്രന്ഥകാരനുമായിരുന്ന മാനവിക്രമന്റെ (1466-1471) ഭരണകാലം കോഴിക്കോടിന്റെ സുവർണ്ണകാലമായിരുന്നു. സാമൂതിരിമാരുടെ ഭരണകാലത്ത് തളിയിൽ ക്ഷേത്രത്തിൽ നടത്തിയിരുന്ന 'രേവതി പട്ടത്താനം' ചരിത്രപ്രസിദ്ധി നേടി. വേദാന്ത വ്യാകരണ മീമാംസാ വിഷയങ്ങളിൽ 12 വർഷത്തെ പഠനം പൂർത്തിയാക്കി വിജയികളാകുന്ന ബ്രാഹ്മണരെ 'ഭട്ടൻ' ബിരുദം നൽകി ആദരിച്ചിരുന്നു. ഭട്ടൻമാർക്കുള്ള ദാനം 'പട്ടത്താന'മായി. പയ്യൂർ പട്ടേരിമാരുടെ അദ്ധ്യക്ഷതയിൽ തളിയിൽ ക്ഷേത്രത്തിൽ തുലാമാസം രേവതി മുതൽ തിരുവാതിര വരെ ഏഴ് ദിവസങ്ങളിലാണ് പാണ്ഡിത്യ പരീക്ഷ നടന്നിരുന്നത്. ടിപ്പുവിന്റെ ആക്രമണം വരെ ഈ ചടങ്ങ് ആർഭാടപൂർവ്വം സംഘടിപ്പിച്ചിരുന്നു. അടുത്ത കാലത്തായി ഈ ചടങ്ങ് പുനരാരംഭിച്ചിട്ടുണ്ട്. ദേശീയ സ്വാതന്ത്ര്യ സമരത്തിൽ മുന്നണിപ്പോരാളികളായിരുന്ന പലർക്കും ഈ നഗരം ജന്മം നൽകിയിട്ടുണ്ട്. കോഴിപ്പുറത്ത് മാധവമേനോൻ, കെ.പി. കേശവമേനോൻ തുടങ്ങിയവരുടെ പേരുകൾ ഇവിടെ ഓർമ്മിക്കാം.

മലയാളത്തിലെ ആദ്യ നോവലായ 'കുന്ദലത' രചിച്ച അപ്പു നെടുങ്ങാടി സാമൂതിരിക്കോവിലകത്തെ മാനവിക്രമൻ തമ്പുരാന്റെ മകനാണ്. സഞ്ചാര ചക്രവർത്തിയും ജ്ഞാനപീഠ ജേതാവുമായ എസ്.കെ. പൊറ്റെക്കാടിന്റെ ജന്മസ്ഥലം ഈ നഗരമാണ്. പോർച്ചുഗീസ് നാവികനായ വാസ്കോ ദ ഗാമ കേരളത്തിൽ ആദ്യമായി കപ്പലിറങ്ങിയത് (1498 മെയ് 27) കോഴിക്കോടിനടുത്ത കാപ്പാടാണ്.

കോഴിക്കോട് എന്ന സ്ഥലനാമപ്പിറവി

1. കോഴി = ഉറപ്പുള്ള പ്രദേശം. കൊല്ലം ജില്ലയിലെ 'കോഴിത്തോട്ട'ത്തെപ്പറ്റിയുള്ള ചർച്ചയിലാണ് ചട്ടമ്പി സ്വാമികൾ (കേരളത്തിലെ ദേശനാമങ്ങൾ) ഈ അഭിപ്രായം രേഖപ്പെടുത്തിയത്.
2. കോയിൽ കുടികൊള്ളുന്ന ദേശം കോയിൽക്കോടും പിന്നീട് അല്പം പരിഷ്കരിച്ച് കോഴിക്കോടുമായി. കോഴി ക്കോട് സാമൂതിരിയുടെ പ്രധാന കോവിലകം കോഴിക്കോടായിരുന്നല്ലോ (പ്രൊഫ.പി.എ.രാമചന്ദ്രൻ നായർ, സ്ഥലനാമകൗതുകം).
3. കേരളം വാണിരുന്ന ഒടുവിലത്തെ പെരുമാൾ 'ഇനി കോഴി കൂകുന്ന ദേശവും (കോഴിക്കോട്) ചുള്ളിക്കാടും ഉണ്ട്. അത് നിങ്ങൾക്കു തരാം. നിങ്ങൾ ചത്തും കൊന്നും അടക്കിക്കൊൾക' എന്നു കല്പിച്ച് ഏറനാട്ടെ ഏറാൾപ്പാടിനു ദാനം ചെയ്ത ഭൂമി (കേരളോൽപ്പത്തി). Land to the extent to which a cock is heard' എന്ന് ഗുണ്ടർട്ട് ഇതിന് വിശദീകരണം നൽകുന്നു (നിഘണ്ടു).
4. കേരളമുൾപ്പെടെ ദക്ഷിണേന്ത്യയിൽ പ്രാചീന കാലത്ത് 'കോഴി' ഒരു ദേവതാസങ്കല്പമായിരുന്നു. ഒരു ദ്രാവിഡ ദേവതയും പേരും കോഴി എന്നായിരുന്നു. കോഴിക്കോട് ഇങ്ങനെ പിറവിയെടുത്തതാണ് (വി.വി.കെ.വാലത്ത്, കേരളത്തിലെ സ്ഥലനാമങ്ങൾ, പാലക്കാട് ജില്ല).
5. 'കോഴി' എന്നൊരു ചെടിയുണ്ട്. ആ ചെടി സമൃദ്ധമായുണ്ടായിരുന്ന കുന്നിൻപുറം എന്നായിരിക്കുമോ കോഴിക്കോടിന്റെ അർത്ഥം? രാജധാനിയാകുന്നതിനു മുൻപ് ആ ഭൂപ്രദേശത്തിന്റെ പ്രത്യേകതയായിരുന്നിരിക്കാം ആ ചെടിയുടെ സമൃദ്ധി (എൻ.ആർ.ഗോപിനാഥപിള്ള, പാഠഭേദം. പു. 129).
6. കല്ലിക്കോട്ടെ എന്ന പഴയ അറബികളുടെ ഉച്ചാരണഭേദത്തിൽ കോഴിക്കോടായി.

□

"പാതാളക്കരണ്ടി" കണ്ടവരുണ്ടോ...

■ മുരളീധരൻ തഴക്കര

അശനിപാതം പോലെ വന്നെത്തിയ ചുഴലിക്കാറ്റും കാലം തെറ്റി എത്തിയ പെരുമഴയും കാരണം കിണറുകൾ നിറഞ്ഞു കവിഞ്ഞ സമയമാണ്. അങ്ങിങ്ങ് അവശേഷിക്കുന്ന കിണറുകൾ എന്ന ഒരു അനുബന്ധം കൂടിയുണ്ട്. കിണറുകളുണ്ടെങ്കിലേ പാതാളക്കരണ്ടിയും വേണ്ടിവരൂ. നമ്മുടെ കുട്ടികൾ ചോദിച്ചേക്കാം 'പാതാളക്കരണ്ടിയോ' അതെന്താ സാധനം ? കരണ്ടു തിന്നുന്ന ഉപദ്രവകാരിയായ ഏതെങ്കിലും ജീവിയാണെന്ന് ധരിച്ചെങ്കിൽ തെറ്റി - ഒരു കാലത്ത് നമുക്ക് ഏറെ ഉപകരിച്ച ഒരു ചെറിയ ഉപകരണം. തൊട്ടിയും കയറും കിണറ്റിൽ വീണാൽ എത്ര ആഴമുള്ള കിണറാണെങ്കിലും കിണറ്റിൽ ഇറങ്ങാതെ കരയ്ക്കുനിന്ന് അവ പുറത്തെടുക്കാൻ പാകത്തിൽ നിർമ്മിച്ചിട്ടുള്ള ഒരുതരം ഉടക്ക് സൂത്രമാണിത്.

ജിമിക്കി കമ്മലിനോട് രൂപസാദൃശ്യമുള്ള ഇരുമ്പുകൊണ്ട് ഉണ്ടാക്കിയിട്ടുള്ള ഈ മടക്കു സൂത്രം പുരാതന തറവാടുകളുടെ തട്ടിൻ പുറത്തോ നിലവറയിലോ തുരുമ്പെടുത്ത നിലയിൽ കിടക്കുന്നുണ്ടാവും. ചൂണ്ടപോലെ എന്തും ഉടക്കി നിൽക്കുന്ന ചൂണ്ട കൊളുത്തുകളാണ് ഇതിന്റെ മർമ്മഭാഗം. കിണറ്റിൽ വീഴുന്ന കയറും തൊട്ടിയും ഒക്കെ ഇതിൽ ഉടക്കുകയും കോർക്കുകയും ചെയ്യുന്നു. പാതാളക്കരണ്ടിയുടെ ഏറ്റവും മേലെ കയറുകെട്ടി കിണറ്റിനുള്ളിലേക്കിറക്കാൻവേണ്ടി ഒരു കൊളുത്തുമുണ്ടാകും. ഈ കൊളുത്തിൽ കയറു കെട്ടിയാണ് കിണറ്റിലേക്ക് ഇറക്കുന്നത്. പഴയ കാലത്ത് ഏതൊരു നാട്ടിൽ ആയിരുന്നാലും സാമാന്യം സാമ്പത്തികശേഷിയുള്ള പുരാതന കുടുംബങ്ങളിലായിരിക്കും പാതാളക്കരണ്ടി ഉണ്ടാവുക. അബദ്ധത്തിൽ തൊട്ടിയും കയറും കിണറ്റിൽ വീഴുമ്പോൾ ഈ തറവാട്ടിലെത്തി പാതാളക്കരണ്ടി വാങ്ങിക്കൊണ്ടുപോയി കിണറ്റിൽവീണു പോയ തൊട്ടിയും കയറും പുറത്തെടുക്കുകയാണ് പതിവ്. ഇരുമ്പു കൊണ്ടും പിത്തള കൊണ്ടും നിർമ്മിച്ചിട്ടുള്ള പാതാളക്കരണ്ടിയുണ്ട്.

...എന്ന് വായനക്കാർ

പദ്ധതിവിഹിതം കാര്യക്ഷമമായി വിനിയോഗിക്കണം

ചരിത്രപരമായ ഒരു തുടർഭരണം നേടി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാമത്തെ സർക്കാർ അധികാരം ഏറ്റെടുത്തിരിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയായി എം.വി. ഗോവിന്ദൻമാസ്റ്ററും ചുമതലയേറ്റു. പ്രാദേശിക സർക്കാരുകൾക്ക് ആശ്വസിക്കാം. ശക്തമായ പിന്തുണ സർക്കാരിന്റെ ഭാഗത്തുനിന്നും ഉറപ്പായിരിക്കുമെന്നതിൽ തർക്കമില്ല. കൊവിഡ് പ്രതിരോധത്തിൽ പ്രാദേശിക സർക്കാരുകൾ കാണിച്ച മാതൃക പദ്ധതി നടത്തിപ്പിലും കാട്ടേണ്ടതുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റോഡുകളുടെ നിർമ്മാണം, മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ ഗുണപരമായ മാറ്റം തന്നെയുണ്ടായി. അതിന് ഒരു തുടർച്ച ഉറപ്പായിരിക്കുന്നു. അത്തരത്തിലുള്ള ഒരു മാറ്റം തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളിലും ഉണ്ടാകേണ്ടതുണ്ട്. ഉദാഹരണത്തിന് തദ്ദേശഭരണസ്ഥാപനങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന ഗ്രാമീണ റോഡുകൾ മിക്കതും വളരെവേഗം പൊട്ടിപ്പൊളിഞ്ഞു പോകുന്ന സ്ഥിതിയുണ്ട്. ഇതിന് കാതലായ മാറ്റമുണ്ടാകണം. പദ്ധതിവിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിന് പ്രാദേശിക സർക്കാരുകൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഇപ്രകാരം പദ്ധതി പ്രവർത്തനങ്ങളിൽ പുതിയ കാലത്തിനനുസരിച്ചുള്ള കാതലായ മാറ്റത്തിന് ഉതകുന്ന തരത്തിൽ വിജ്ഞാനപ്രദമായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് പഞ്ചായത്ത് രാജ് മാസികയും ശ്രദ്ധിക്കണം.

രാജേഷ് കുമാർ വി. എസ്.
നെടുമങ്ങാട്.

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

വീട്ടുപണി ആരംഭിക്കുന്നതിനു മുമ്പ് തന്നെ കിണറിന് സ്ഥാനം കണ്ടു കിണർ കുത്തുകയെന്നതായിരുന്നു കേരളത്തിന്റെ സാമ്പ്രദായിക രീതി. തന്നെയുമല്ല നല്ല ആഴവും വിസ്തൃതിയും ഉള്ള അരഞ്ഞാണവും നെല്ലിപ്പലകയുമൊക്കെയുള്ള കിണറുകളായിരുന്നു ഏറെയും. റെഡിമെയ്ഡ് തൊടി കിണറുകളല്ലായിരുന്നു. മാത്രമല്ല അക്കാലത്ത് നമ്മുടെ കുടിവെള്ള സ്രോതസ്സ് കിണറുകൾ മാത്രമായിരുന്നു. അതുകൊണ്ടുതന്നെ ജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങൾക്ക് യഥേഷ്ടം കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ വഴിയോരങ്ങളിൽ പൊതുകിണറുകൾ കുഴിക്കുക എന്നത് രാജഭരണകാലത്ത് തന്നെ നിലനിന്നിരുന്ന നന്മയായിരുന്നു. രാജ്യത്തിന്റെ ഗ്രാമ ഗ്രാമാന്തരങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നടപ്പിലാക്കിയ ദശലക്ഷം കിണർ പദ്ധതിയുമൊക്കെ ഈ പ്രാധാന്യത്തെയാണ് വ്യക്തമാക്കുന്നത്.

പക്ഷേ കാലം മാറി ഉൾനാടൻ ഗ്രാമങ്ങളിൽ പോലും പൈപ്പുവെള്ളം സാർവ്വത്രികമായിരിക്കുന്നു. കുടിവെള്ള വിതരണത്തിനായി കോടിക്കണക്കിന് രൂപയുടെ പദ്ധതികളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിവരുന്നത്. വാട്ടർ അതോറിറ്റിയുടെ പൈപ്പുവെള്ളം നാടെങ്ങും സുലഭമായതോടെ കിണറുകൾ തന്നെ അപ്രത്യക്ഷമായിത്തുടങ്ങി. ഒരുകാലത്ത് ഗ്രാമാന്തരങ്ങളിൽ ശുദ്ധജല ലഭ്യതക്കായി കുഴിച്ച പഞ്ചായത്ത് കിണറുകൾ പോലും അന്യമായിരിക്കുന്നു. നഗരങ്ങളിൽ വിശേഷിച്ചും സ്ഥലം നഷ്ടപ്പെടുത്തുന്ന സംവിധാനം എന്ന നിലയിൽ കിണർ മൂടുകയോ സിമന്റ് മൂടി ഉണ്ടാക്കി അടയ്ക്കുകയോ ചെയ്യുന്നത് ഒരു ആവശ്യാധിഷ്ഠിതമായ രീതിയായി മാറുകയും ചെയ്തു. അഥവാ ഏതെങ്കിലും വീടുകളിൽ കിണറുകൾ ഉണ്ടെങ്കിൽ തന്നെ കിണറ്റിൽ നിന്നും കപ്പിയും കയറും ഉപയോഗിച്ച് വെള്ളം കോരിയെടുക്കുന്ന രീതിയും പാടെ ഇല്ലാതായി. അടുക്കളയിൽ കയറി സ്വിച്ചിട്ടാൽ ക്ഷണത്തിൽ കിണർവെള്ളം ടാങ്കിൽ നിറയും. ടാപ്പ് തുറന്നാൽ വെള്ളം റെഡി! ചുരുക്കത്തിൽ കിണറുമായുള്ള സമ്പർക്കം തന്നെ ഇല്ലാതെയായി. അങ്ങനെ കപ്പിയും കയറും തൊട്ടിയും കാണാമറയത്തായി. വെള്ളം കോരുവാൻ ഉള്ള തൊട്ടിയുടെ സ്ഥാനത്ത് കമുകിന്റെ പാളകോട്ടിയതും കയറിനു പകരം കാട്ടുവള്ളികളും ഉപയോഗിച്ച് വെള്ളം കോരി എടുത്തിരുന്ന സ്ഥാനത്ത് അത്യാധുനിക മോട്ടോറുകളും അനുബന്ധ സംവിധാനങ്ങളും സാർവ്വത്രികം ആയപ്പോൾ കിണറും നമ്മളും തമ്മിലുള്ള ബന്ധം അറ്റു. ഇനി പാതാളക്കരണ്ടിക്കെന്ത് പ്രസക്തി - കിണറുതന്നെ ഇല്ലാതെയായി. അഥവാ ഉണ്ടെങ്കിൽ തന്നെ കിണറുമായി ബന്ധമില്ലാതെയായി. കപ്പിയും കയറും തൊട്ടിയും ആവശ്യമില്ലാതെയായി. അങ്ങനെ പാതാളക്കരണ്ടിയും പടിയിറങ്ങി.

മനുഷ്യാദ്ധ്വാനം ആവശ്യമായ ഒട്ടുമിക്ക ജോലികളും ഒന്ന് സ്വിച്ചമർത്തിയാൽ അനായാസേന നടക്കുന്ന ആധുനിക സൗകര്യങ്ങളെല്ലാം ഒത്തിണങ്ങിയ കാലമാണിത്. എന്തിനേറെ ഇപ്പോൾ നമ്മുടെ അടുക്കളകൾ പോലും സമ്പൂർണ്ണമായും യന്ത്രങ്ങളുടെ ഒരു വലിയ കലവറയാണ്. എല്ലാ അടുക്കള ജോലികളും യന്ത്രങ്ങൾക്ക് കൈമാറിയ ഒരു ചെറിയ ഫാക്ടറി! നമ്മുടെ അടുക്കളയും അടുക്കള ജോലികളും ആരോഗ്യത്തിന്റെ താക്കോലായിരുന്നു. കിണറിൽ നിന്നും അത്യാവശ്യം വെള്ളം കോരുന്നതുപോലും ശാരീരികാരോഗ്യത്തിന് ഏറെ ഗുണപരമായ ഒരു പ്രവൃത്തിയായിരുന്നു. ഈ പ്രവൃത്തികളെല്ലാം ചെറുതും വലുതുമായ യന്ത്രങ്ങളെ ഏൽപ്പിച്ചിട്ട് ഇത്തിരി ശാരീരിക അദ്ധ്വാനത്തിനായി ഇപ്പോഴിതാ പണംകൊടുത്ത് നഗരങ്ങളിലെ ഫിറ്റ്നസ് സെന്ററിലേക്കും യോഗാസെന്ററിലേക്കും പോവുകയാണ്. കിണറും പാതാളക്കരണ്ടിയും തൊട്ടിയും കയറും മാത്രമല്ല ഇല്ലാതായത് ഒപ്പം ശാരീരികാരോഗ്യം കൂടിയാണ് !

പറഞ്ഞുവന്നത് പാതാളക്കരണ്ടിയെക്കുറിച്ചാണ്. പോയകാല ഗ്രാമ ജീവിതത്തിന്റെ പാരസ്പര്യത കൂട്ടിയോജിപ്പിച്ച ഇണക്കുകണ്ണികൂടിയായിരുന്നു ഈ ചെറിയ ഉപകരണം. ഒരു പ്രദേശത്തെ ഒന്നോ രണ്ടോ തറവാട്ടുകളിൽ മാത്രമായിരുന്നു പാതാളക്കരണ്ടി ഉണ്ടായിരുന്നത്. എന്നാൽ അത്യാവശ്യഘട്ടത്തിൽ നാട്ടിൽ ഏതൊരാൾക്കും ഇത് പ്രയോജനപ്പെട്ടുമായിരുന്നു.

□

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) May 2021
Annual Subscription ₹120, Published on 20 May 2021

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20



Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS